32nd Year of Service 2024

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരള എക്സ്പ്രസ്

# KERALA EXPRESS

Price $1.00

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

November 01, 2024 | Vol. XXXII No. 44 | Periodicals Postage Paid




## ചിക്കാഗോ കെ.സി.എസ്: ജോസ് ആനമല പ്രസിഡണ്ട്



ജോസ് ആനമല
(പ്രസിഡണ്ട്)



മാറ്റ് വിളങ്ങാട്ടുശ്ശേരിൽ
(വൈസ് പ്രസിഡണ്ട്)



ഡോ. ഷാജി പള്ളിവീട്ടിൽ
(സെക്രട്ടറി)



ക്രിസ് കട്ടപ്പുറം
(ജോയിന്റ് സെക്രട്ടറി)



അറ്റോർണി റ്റീന തോമസ് നെടുവാമ്പുഴ
(ട്രഷറർ)

**ജോസ് കണിയാലി**

ചിക്കാഗോ: വടക്കെ അമേരിക്കയിലെ ഏറ്റവും പ്രബലമായ ക്നാനായ കത്തോലിക്കാ സംഘടനയായ ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ പ്രസിഡണ്ടായി ജോസ് ആനമലയും വൈസ് പ്രസിഡണ്ടായി മാറ്റ് വിളങ്ങാട്ടുശ്ശേരിലും തെരഞ്ഞെടുക്കപ്പെട്ടു. ഡോ. ഷാജി പള്ളിവീട്ടിൽ (സെക്രട്ടറി), ക്രിസ് കട്ടപ്പുറം (ജോയിന്റ് സെക്രട്ടറി), അറ്റോർണി റ്റീന തോമസ് നെടുവാമ്പുഴ (ട്രഷറർ) എന്നിവരാണ് മറ്റ് ഭാരവാഹികൾ. രണ്ടു വർഷമാണ് പ്രവർത്തന കാലാവധി. വാശിയേറിയ ഈ തെരഞ്ഞെടുപ്പിൽ 2288 പേർ വോട്ടു രേഖപ്പെടുത്തി.

(ശേഷം 9-ാം പേജിൽ)

# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** | ATLANTA : 404 633 4200 | CHICAGO: 312 757 4700

## EXPERIENCE PERSONAL ATTENTION RESULTS

Millions recovered for our clients each year!


Salu K. Kunnatha


Reena Emmanuel


Joshua Opdycke

No legal fees until we collect compensation for you

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

**ATLANTA**
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200


**CHICAGO**
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com

## അഭ്യർത്ഥന

# ലോകസമാധാനം നിലനിർത്തുവാൻ കമലാ ഹാരിസിനും ടിം വാൽസിനും വോട്ടു ചെയ്യുവാൻ അഭ്യർത്ഥിക്കുന്നു


കമലാ ഹാരിസ്


ടിം വാൽസ്

Best Compliments from:


സണ്ണി പുറമറ്റം
ചിക്കാഗോ

32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 വിമാനം ചാർട്ടർ ചെയ്യാനുള്ള പദ്ധതി കേരളം ഉപേക്ഷിച്ചു

6 തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ബാധകമാകില്ലെന്ന് ...

8 പ്രിയങ്കാഗാന്ധി വയനാട്ടിൽ പത്രിക സമർപ്പിച്ചു

10 പ്രതികാര നടപടികൾ തുടരുന്നു

12 ആനയെ എഴുന്നള്ളിക്കുന്നത് ...

## ജയമോൾ മൂശാരിപറമ്പിൽ കെസിസിസിഎഫ് പ്രസിഡണ്ട്


ജോസ് കണിയാലി

ഫ്ളോറിഡ (താമ്പാ): ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് സെൻട്രൽ ഫ്ളോറിഡായുടെ (കെസിസിസിഎഫ്) നേതൃത്വത്തിലേക്ക് നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ മോളുടെ പാനലിൽ നിന്നും കൗൺസിലിലേക്ക് വൻവിജയം നേടി.

ജോബി കൊച്ചുപറമ്പിൽ (ചെയർമാൻ), രഞ്ജൻ വട്ടാടികുന്നേൽ, അരുൺ കൂവപ്ലാക്കിൽ എന്നിവരടങ്ങിയ റത്തിന്റെ താമ്പാ റീജിയൻ വൈസ് പ്രസിഡണ്ട് കൂടിയാണ്. കിഡ്സ് ക്ലബ് കോ-ഓർഡിനേറ്റർ, കെസിജെഎൽ കോ-ഓർഡിനേറ്റർ തുടങ്ങിയ വിവിധ നിലകളിൽ പ്രവർത്തിച്ച് കഴിവ് തെളി തുശ്ശേരിൽ (സെക്രട്ടറി), അനിത ചെമ്മരപ്പള്ളി (ജോയിൻറ് സെക്രട്ടറി), ജേക്കബ് വഞ്ചിപ്പുരയ്ക്കൽ (ട്രഷറർ)



ജയമോൾ മൂശാരിപറമ്പിൽ (പ്രസിഡണ്ട്)



റ്റോജിമോൻ പായിത്തുരുത്തേൽ (വൈസ് പ്രസിഡണ്ട്)



ഷോബിൻ പുതുശ്ശേരിൽ (സെക്രട്ടറി)



അനിത ചെമ്മരപ്പള്ളി (ജോയിന്റ് സെക്രട്ടറി)



ജേക്കബ് വഞ്ചിപ്പുരയ്ക്കൽ (ട്രഷറർ)

ജയമോൾ മൂശാരിപറമ്പിലിന്റെ പാനൽ ഉജ്വല വിജയം നേടി. 17 വർഷങ്ങൾക്ക് ശേഷമാണ് സംഘടനയിൽ ഇലക്ഷൻ ഉണ്ടായത്. കെസിസിഎൻഎ നാഷണൽ പ്രസിഡണ്ട് സ്ഥാനാർത്ഥിയായ ജെയിംസ് ഇല്ലിക്കൽ ജയ കമ്മിറ്റിയാണ് ഇലക്ഷന് നേതൃത്വം നൽകിയത്. 1194 വോട്ടർമാരാണ് ഈ ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളായത്. നിയുക്ത പ്രസിഡണ്ട് ജയമോൾ മൂശാരിപറമ്പിൽ നോർത്തമേരിക്കൻ ക്നാനായ കാത്തലിക് വിമൻസ് ഫോ യിച്ചിട്ടുള്ള ജയമോൾ കെസിസിസിഎഫ് വിമൻസ് ഫോറം പ്രസിഡണ്ട് എന്ന നിലയിലും പ്രവർത്തിച്ചുവരുന്നു.

റ്റോജിമോൻ പായിത്തുരുത്തേൽ (വൈസ് പ്രസിഡണ്ട്), ഷോബിൻ പു എന്നിവരാണ് ജയമോളുടെ കൂടെയുള്ള വിജയിച്ച എക്സിക്യൂട്ടീവ് ബോർഡ് അംഗങ്ങൾ.

കെസിസിഎൻഎ നാഷണൽ കൗൺസിലിലേക്ക് ജെയ്മോൻ വെട്ടുകല്ലേൽ, (ശേഷം 15-ാം പേജിൽ)

## മുതലപ്പൊഴി ഫിഷിംഗ് ഹാർബറിനു കേന്ദ്രാനുമതി

തിരുവനന്തപുരം: മുതലപ്പൊഴി ഹാർബർ വികസനത്തിന് കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ മന്ത്രാലയം അനുമതി നൽകി. അഞ്ചുതെങ്ങ്-മുതലപ്പൊഴി മത്സ്യബന്ധനത്തിനിടെയുള്ള അപകടമരണങ്ങൾക്ക് അറുതി വരുത്താൻ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന വഴിയാണ് 177 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകിയതെന്ന് കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ അറിയിച്ചു.


പാരിസ്ഥിതികാഘാത അതിജീവനശേഷിയുള്ള ഗ്രാമപദ്ധതിയിലേക്ക് ആറു ഗ്രാമങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. 415 യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകൾക്ക് ലാൻഡ് ചെയ്യാൻ സൗകര്യമുള്ള രീതിയിലാണ് മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം. (ശേഷം 24-ാം പേജിൽ)

## പൂരം വിവാദം: മുഖ്യമന്ത്രിയുടെ നിലപാടിനെതിരെ സിപിഐയും ദേവസ്വങ്ങളും

തൃശൂർ: തൃശൂർ പൂരം കലക്കിയതിൽ സർക്കാർ ത്രിതല അന്വേഷണം പ്രഖ്യാപിച്ചിരിക്കെ, പൂരം കലങ്ങിയിട്ടില്ലെന്നും വെടിക്കെട്ട് അൽപം വൈകിയതു മാത്രമാണ് ആകെ പ്രശ്നമെന്നുമുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവനയെച്ചൊല്ലി വിവാദം. പൂരം കലക്കിയതിനു പിന്നിലെ ഗൂഢാലോചനയിൽ ആർഎസ്എസിനു പങ്കുണ്ടെന്നും അക്കാര്യം അന്വേഷിക്കണമെന്നുമുള്ള നിലപാടിൽ ഉറച്ചുനിൽക്കുന്ന സിപിഐ, മുഖ്യമന്ത്രിയെ തള്ളി രംഗത്തുവന്നു. പൂരം കലങ്ങുക മാത്രമല്ല, നടത്തേണ്ടതുപോലെ നടത്താൻ സമ്മതിച്ചില്ലെന്നും സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം കുറ്റപ്പെടുത്തി. രാവില എഴുന്നള്ളിപ്പു തുടങ്ങുന്ന സമയം മുതൽ പല രീതിയിലുള്ള തടസ്സങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്നു തിരുവമ്പാടി ദേവസ്വവും പൂരം ചിട്ടയായി നടക്കുന്നതിൽ വലിയ വീഴ്ച സംഭവിച്ചെന്ന് പാറമേക്കാവ് ദേവസ്വവും പ്രതികരിച്ചു. പൂരം കലങ്ങിയിട്ടില്ലെന്നു മുഖ്യമന്ത്രി പറയുന്നതു ശരിയല്ലെന്നും പൂരമെന്താണെന്ന് ആദ്യം മനസിലാക്കണമെന്നും തിരുവമ്പാടി ദേവസ്വം സെക്രട്ടറി കെ. ഗിരീഷ്കുമാർ പറഞ്ഞു. ചിട്ടയായ ഘടന അനുസരിച്ചാണു പൂരം നടക്കുന്നത്. 36 മണിക്കൂർ നീളുന്ന ചടങ്ങുകൾ കൃത്യമായി നടന്നാൽമാത്രമേ പൂരം പൂർണമായെന്നു പറയാനാകൂ. രാവിലെ എഴുന്നള്ളിപ്പു തുടങ്ങുമ്പോൾമുതൽ തടസങ്ങളുണ്ടായി.



പിണറായി വിജയൻ



ബിനോയ് വിശ്വം

രാത്രി എഴുന്നള്ളിപ്പും തടഞ്ഞതോടെയാണു ചടങ്ങിൽ ഒതുക്കാൻ തീരുമാനിച്ചത്. ഇതു പൂരപ്രേമികളിൽ ഞെട്ടലുണ്ടാക്കിയെന്നും ഇക്കാര്യത്തിൽ രാഷ്ട്രീയം കലർത്തി വഴിതിരിച്ചുവിടരുതെന്നും അദ്ദേഹം പറഞ്ഞു. സർക്കാരിന്റെ അന്വേഷണസംഘം ഇതുവരെ ദേവസ്വത്തെ സമീപിച്ചിട്ടില്ല. ത്രിതല അന്വേഷണത്തെ ഇരുദേവസ്വങ്ങളും സ്വാഗതംചെയ്തിട്ടുണ്ട്. തെറ്റുചെയ്തത് ആരാണെന്നും ഇരയായത് ആരാണെന്നും സത്യസന്ധമായ അന്വേഷണത്തിലൂടെ കണ്ടെത്തട്ടേയെന്നും ഗിരീഷ്കുമാർ പറഞ്ഞു.

(ശേഷം 24-ാം പേജിൽ)

## ഡിജിറ്റൽ അറസ്റ്റിനെതിരെ ജാഗ്രത വേണം: പ്രധാനമന്ത്രി



ന്യൂഡൽഹി: ഡിജിറ്റൽ അറസ്റ്റുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവർ സമൂഹത്തിന്റെ ശത്രുക്കളാണെന്നും ഒരു സർക്കാർ ഏജൻസിയും ഡിജിറ്റൽ അറസ്റ്റ് നടത്താറില്ലെന്നും പ്രതിവാര റേഡിയോ പ്രഭാഷണ പരിപാടിയായ 'മൻ കി ബാത്തി'ൽ പ്രധാനമന്ത്രി പറഞ്ഞു. 'ഡിജിറ്റൽ അറസ്റ്റുകൾ' എന്ന സൈബർ കുറ്റകൃത്യം സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളെയും ബാധിച്ചിട്ടുണ്ട്. ഇത്തരം വിഷയം കൈകാര്യം ചെയ്യാൻ സംസ്ഥാനങ്ങളുമായി ചേർന്ന് അന്വേഷണ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ജനങ്ങൾ സ്വയം ജാഗ്രത പാലിക്കണമെന്നും നമ്മുടെ നിയമത്തിൽ ഡിജിറ്റൽ അറസ്റ്റ് എന്നൊന്നില്ലെന്നും മോദി മുന്നറിയിപ്പ് നൽകി. തട്ടിപ്പാണെന്നു മനസിലായാൽ ദേശീയ സൈബർ ഹെൽപ്‌ലൈനുമായി ബന്ധപ്പെടാനോ അതിന്റെ പോർട്ടലുമായി ബന്ധപ്പെടാനോ 1930 എന്ന നമ്പർ ഡയൽ ചെയ്യാനും (ശേഷം 4-ാം പേജിൽ)



# പ്രവാസികൾക്കു വിമാനം ചാർട്ടർ ചെയ്യാനുള്ള പദ്ധതി കേരളം ഉപേക്ഷിച്ചു

തിരുവനന്തപുരം: കേരളത്തിലെ പ്രവാസികൾക്കായി തിരക്കുള്ള സീസണിൽ ചാർട്ടേഡ് വിമാന സർവീസ് നടത്താനുള്ള നീക്കം സംസ്ഥാന സർക്കാർ ഉപേക്ഷിച്ചു. വിമാനക്കമ്പനികളുമായും വ്യോമയാന മന്ത്രാലയവുമായും ചർച്ച നടത്തിയെങ്കിലും കേന്ദ്രാനുമതി ലഭിക്കില്ലെന്നുറപ്പായി. ഇതോടെ, നോർക്ക വഴി നടത്തിയിരുന്ന ചർച്ചകൾ അവസാനിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. പകരം, ഗൾഫിലേക്കു യാത്രക്കപ്പൽ സർവീസിനു മുൻഗണന നൽകും. രാജ്യാന്തര വിമാന സർവീസ് ഇരു രാജ്യങ്ങൾ തമ്മിലുള്ള ഇടപാടായതിനാൽ സംസ്ഥാനത്തിനു പരിമിതിയുണ്ടെന്നു കേന്ദ്രം അറിയിച്ചു. ചാർട്ടേഡ് വിമാനം ഏർപ്പെടുത്തുന്നത് വിമാനക്കമ്പനികൾക്കു നഷ്ടമുണ്ടാകും എന്നതിനാൽ അവർ മറ്റു സർവീസുകളിൽനിന്നുകൂടി പിന്മാറാൻ സാധ്യതയുണ്ടെന്നും ചൂണ്ടിക്കാട്ടി.

ഗൾഫ് മേഖലയിലെ പ്രവാസികളിൽനിന്ന് ടിക്കറ്റിന് ഉയർന്ന നിരക്ക് ഈടാക്കുന്ന സാഹചര്യത്തിലാണ് ചാർട്ടേഡ് സർവീസ് എന്ന ആശയം വന്നത്. 2023–24–ലെ ബജറ്റിൽ പദ്ധതിയും 15 കോടി രൂപയുടെ കോർപസ് ഫണ്ടും പ്രഖ്യാപിച്ചു. ചാർട്ടർചെയ്യാനുള്ള ക്വട്ടേഷനുകൾ എയർലൈൻ ഓപ്പറേറ്റർമാരിൽനിന്നു വാങ്ങി ഈ സീറ്റുകളിൽ മിതമായ നിരക്കിൽ ടിക്കറ്റ് നൽകാനായിരുന്നു ഉദ്ദേശ്യം. എയർലൈൻ ഓപ്പറേറ്ററുടെ നഷ്ടം നികത്താനാണ് കോർപസ് ഫണ്ട്. 26 ശതമാനം സർക്കാർ ഓഹരിയുമായി 'എയർ കേരള' എന്നപേരിൽ വിമാനക്കമ്പനി ആലോചിച്ചിരുന്നെങ്കിലും നടപടിയുണ്ടായില്ല.

# സി–295 വിമാനങ്ങളുടെ നിർമാണശാല ഉദ്ഘാടനം ചെയ്തു

വഡോദരാ: ഗുജറാത്തിലെ വഡോദരയിൽ സി–295 വിമാനങ്ങളുടെ നിർമാണശാലയായ ടാറ്റ എയർക്രാഫ്റ്റ് സമുച്ചയം പ്രധാനമന്ത്രി നരേന്ദ്രമോദിയും സ്പെയിൻ പ്രധാനമന്ത്രി പെഡ്രോ സാഞ്ചസും ചേർന്ന് ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ ആദ്യ സ്വകാര്യ അസംബ്ലിലൈൻ (എഫ്എഎൽ) നിർമാണശാലയാണിത്.

ആകെ 56 വിമാനങ്ങളാണ് സി–295 പദ്ധതിക്കു കീഴിൽ നിർമിക്കുക. ഇതിൽ 40 എണ്ണം വഡോദരയിലെ യൂണിറ്റിലും 16 എണ്ണം സ്പെയിനിലെ എയർ ബസ് കമ്പനിയിലുമാണ് നിർമിക്കുന്നത്. 2021–ലാണ് പ്രതിരോധ മന്ത്രാലയവും സ്പെയിനിലെ എയർ ബസ് ഡിഫൻസ് ആൻഡ് സ്പെയ്സ് എസ്എയും തമ്മിൽ 56 വിമാനങ്ങൾക്കുള്ള കരാറൊപ്പിട്ടത്.

ഭാവിയിൽ വഡോദരയിൽനിന്ന് വിമാനങ്ങൾ കയറ്റുമതി ചെയ്യുമെന്ന് ഉദ്ഘാടന വേളയിൽ പ്രധാനമന്ത്രി മോദി പറഞ്ഞു. ടാറ്റ–എയർബസ് സമുച്ചയം ഇന്ത്യ–സ്പെയിൻ ബന്ധത്തെ ശക്തിപ്പെടുത്തും. പദ്ധതിക്കു പിന്നിലെ ബുദ്ധികേന്ദ്രമായിരുന്ന ടാറ്റ ഗ്രൂപ്പിന്റെ അന്തരിച്ച ചെയർമാൻ രത്തൻ ടാറ്റയെ പ്രധാനമന്ത്രി അനുസ്മരിച്ചു. അദ്ദേഹം ഇന്നുണ്ടാവേണമായിരുന്നെന്നും അദ്ദേഹത്തിന്റെ ആത്മാവ് ഇപ്പോൾ സന്തോഷിക്കുന്നുണ്ടാകുമെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

ഇന്ത്യൻ വ്യോമസേനയുടെ അവ്റോ–748 വിമാനങ്ങൾക്കു പകരമായി രൂപകൽപന ചെയ്തിട്ടുള്ളതാണ് സി–295 വിമാനം. ദുഷ്കരമായ കാലാവസ്ഥയിലും ഭൂപ്രകൃതിയിലും പറക്കാനാകുന്ന വിമാനത്തെ പകലും രാത്രിയും ഒരുപോലെ സൈന്യത്തിന് ഉപയോഗിക്കാം.

# തേങ്കുറിശി ദുരഭിമാനക്കൊല; രണ്ടു പ്രതികൾക്കും ജീവപര്യന്തം

പാലക്കാട്: തേങ്കുറിശി ദുരഭിമാനക്കൊലയിൽ രണ്ടു പ്രതികൾക്കും ജീവപര്യന്തം തടവും 50,000 രൂപ പിഴയും ശിക്ഷ വിധിച്ചു. ഒന്നാംപ്രതി ഇലമന്ദം കുമ്മാണി ചെറുതുപ്പല്ലൂർ സുരേഷ്, രണ്ടാം പ്രതി തേങ്കുറിശി ഇലമന്ദം കുമ്മാണി ചെറുതുപ്പല്ലൂർ പ്രഭുകുമാർ എന്നിവരെയാണ് ശിക്ഷിച്ചത്. ഒക്ടോബർ 28–ന് പാലക്കാട് ജില്ലാ അഡീഷണൽ സെഷൻസ് കോടതി ജഡ്ജി ആർ. വിനായക റാവുവാണ് ശിക്ഷ വിധിച്ചത്. ഈയിടെ രണ്ടു പ്രതികളും കുറ്റക്കാരെന്ന് കോടതി കണ്ടെത്തിയിരുന്നു. 2020 ക്രിസ്മസ് ദിനത്തിലായിരുന്നു ഇതരജാതിയിൽനിന്ന് പ്രണയിച്ച് വിവാഹം കഴിച്ച 27–കാരനായ അനീഷ് കൊല്ലപ്പെട്ടത്. വിവാഹത്തിന്റെ 88–ാം നാളിലായിരുന്നു കൊലപാതകം. കേസിൽ അനീഷിന്റെ ഭാര്യ ഹരിതയുടെ അമ്മാവനാണ് ഒന്നാം പ്രതി ഇലമന്ദം കുമ്മാണി ചെറുതുപ്പല്ലൂർ സുരേഷ്. ഹരിതയുടെ അച്ഛനാണ് രണ്ടാം പ്രതി തേങ്കുറുശി ഇലമന്ദം കുമ്മാണി ചെറുതുപ്പല്ലൂർ പ്രഭുകുമാർ.

കൊല്ലപ്പെടുന്ന ദിവസം അനീഷിന് 27 വയസും ഹരിതയ്ക്ക് 19 വയസുമായിരുന്നു പ്രായം. ദീർഘനാളത്തെ പ്രണയത്തിന് ശേഷമായിരുന്നു വീട്ടുകാരുടെ സമ്മതമില്ലാതെയുള്ള വിവാഹം. പോലീസിന്റെ സാന്നിധ്യത്തിൽ ഒത്തുതീർപ്പിന് ശ്രമമുണ്ടായി. അന്ന് സ്റ്റേഷനിൽവെച്ച് ഹരിതയുടെ അച്ഛൻ പ്രഭുകുമാർ മകളുടെ മുഖത്ത് നോക്കി അനീഷിനെ 90 ദിവസത്തിനുള്ളിൽ കൊല്ലുമെന്ന് ഭീഷണി മുഴക്കി. കൃത്യം 88–ാം ദിവസം അച്ഛനും അമ്മാവൻ സുരേഷും ചേർന്ന് ക്രൂര കൊലപാതകം നടപ്പാക്കി. വീടിന് അടുത്തുള്ള മാന്നാംകുളമ്പിൽ പ്രതികളായ പ്രഭുകുമാറും സുരേഷ് കുമാറും അനീഷിനെയും കാത്ത് നിൽക്കുന്നുണ്ടായിരുന്നു. ആദ്യം ബൈക്ക് തടഞ്ഞു നിർത്തി. പിന്നാലെ സഹോദരനെ തള്ളിയിട്ടു. കൈയിലുണ്ടായിരുന്ന ഇരുമ്പ് ദണ്ഡുകൊണ്ട് അനീഷിനെ അടിച്ചു വീഴ്ത്തി. നെഞ്ചിലേക്ക് ആഴത്തിൽ കത്തികൊണ്ട് കുത്തി. ആളുകൾ ഓടിക്കൂടും മുമ്പേ പ്രതികൾ കൃത്യം നിർവഹിച്ചു കടന്നുകളഞ്ഞിരുന്നു. കോയമ്പത്തൂരിലെ ബന്ധു വീട്ടിൽ നിന്നായിരുന്നു പ്രതികളെ പോലീസ് പിടികൂടിയത്. കുഴൽമന്ദം പോലീസ് അന്വേഷിച്ച കേസ് ക്രൈംബ്രാഞ്ചിന് കൈമാറി. 75 ദിവസത്തിനകം കുറ്റപത്രം സമർപ്പിച്ചു. ദുരഭിമാനക്കൊലയെന്ന് കുറ്റപത്രത്തിലും രേഖപ്പെടുത്തി. കൊലക്കുറ്റത്തിന് പുറമെ ഗൂഢാലോചന, തെളിവ് നശിപ്പിക്കൽ കുറ്റങ്ങളും ചുമത്തി. വിവാഹശേഷം ആറു തവണ ഹരിതയുടെ അമ്മാവനും അച്ഛനും അനീഷിനെ ഭീഷണിപ്പെടുത്തിയെന്നാണ് അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ. പ്രധാനസാക്ഷിയായ അനീഷിന്റെ സഹോദരൻ അരുണിന്റെ മൊഴിയും കേസന്വേഷണത്തിൽ നിർണായകമായി.

## ആഗോള സിനഡ് സമാപിച്ചു

# ലോകത്തിന്റെ നിലവിളി കേൾക്കുന്ന സഭ വേണമെന്ന് മാർപാപ്പ

വത്തിക്കാൻ: നമ്മുടെ കാലഘട്ടം അഭിമുഖീകരിക്കുന്ന അടിയന്തര പ്രശ്നങ്ങൾക്കു നേരെ കണ്ണടയ്ക്കാതെ ലോകത്തിന്റെ നിലവിളി കേൾക്കുന്ന ഒരു സഭ വേണമെന്ന് ഫ്രാൻസിസ് മാർപാപ്പ. സിനഡാത്മകതയെ ആസ്പദമാക്കി നടന്നുവന്ന ആഗോള സിനഡിനു സമാപനംകുറിച്ച് വത്തിക്കാൻ സെ. പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന വിശുദ്ധ കുർബാനമധ്യേ വചനസന്ദേശം നല്കുകയായിരുന്നു മാർപാപ്പ.



സിനഡാത്മകതയെ ആസ്പദമാക്കി നടന്നുവന്ന ആഗോള സിനഡിനു സമാപനം കുറിച്ച് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന വിശുദ്ധ കുർബാനമധ്യേ ഫ്രാൻസിസ് മാർപാപ്പ വചനസന്ദേശം നൽകുന്നു.

ഇന്നത്തെ സ്ത്രീ–പുരുഷന്മാർ ഉന്നയിക്കുന്ന ചോദ്യങ്ങൾ, നമ്മുടെ കാലത്തെ വെല്ലുവിളികൾ, സുവിശേഷവത്കരണത്തിന്റെ അനിവാര്യത, മനുഷ്യരാശിയെ ബാധിക്കുന്ന അനേകം മുറിവുകൾ എന്നിവയ്ക്കു മുമ്പിൽ സഭയ്ക്ക് നിഷ്ക്രിയമായി തുടരാനാകില്ല. നമുക്കു വേണ്ടത് ഉദാസീനമായ ഒരു സഭയല്ല, മറിച്ച് കർമ്മനിരതയായ സഭയാണ്. നിശബ്ദമായ സഭയല്ല,മാനവികതയുടെ നിലവിളി ഉൾക്കൊള്ളുന്ന സഭയാണ് വേണ്ടത്.

അന്ധയായ സഭയല്ല, മറിച്ച് ക്രിസ്തുവിനാൽ പ്രകാശിതമായ സഭയാണ് വേണ്ടത്. അതു മറ്റുള്ളവരെ പ്രോജ്വലിപ്പിക്കുന്നു, ഒരു നിശ്ചല സഭയല്ല വേണ്ടത്, മറിച്ച് ലോകത്തിന്റെ തെരുവുകളിലൂടെ തന്റെ കർത്താവിനോടൊപ്പം നടക്കുന്ന മിഷനറി സഭയാണ് വേണ്ടത്: മാർപാപ്പ പറഞ്ഞു.

സിനഡ് തയ്യാറാക്കിയ സമാപനരേഖ ദൈവജനത്തിനുള്ള സമ്മാനമാണെന്ന് 26–ന് വൈകുന്നേരം സിനഡ് അസംബ്ലിയെ അഭിസംബോധന ചെയ്ത് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു.

കേവലം വാക്കുകളിലൂടെ മാത്രമല്ല, ഓരോ പ്രവൃത്തിയിലൂടെയും ഇടപെടലിലൂടെയും സുവിശേഷത്തെ ഉൾക്കൊള്ളുന്ന ഒരു 'സിനഡൽ സഭ'യിലേക്കുള്ള പാത ഇതു വെളിപ്പെടുത്തുന്നു.

സഭയുടെ മാർഗനിർദേശമായും ഐക്യത്തിന്റെയും ദൗത്യത്തിന്റെയും പ്രതീകമായും വർത്തിക്കുന്ന ബഹുമുഖ മാനങ്ങളുള്ള ഒരു സമ്മാനമാണ് ഈ രേഖയെന്നും മാർപാപ്പ പറഞ്ഞു. സിനഡിൽ പങ്കെടുത്ത എല്ലാവർക്കും മാർപാപ്പ നന്ദി പറഞ്ഞു.

രണ്ട് ഘട്ടമായി നടന്ന സിനഡിന്റെ വിചിന്തനങ്ങൾ ക്രോഡീകരിച്ചാണ് സമാപനരേഖ പുറത്തിറക്കിയത്. സഭയുടെ നവീകരണത്തിനുള്ള ശിപാർശകൾ, സ്ത്രീകളുടെ കൂടുതൽ നേതൃത്വപരമായ പങ്ക്, തീരുമാനമെടുക്കുന്നതിൽ അല്മായർക്ക് കൂടുതൽ പങ്കാളിത്തം, ഘടനാപരമായ പരിഷ്കാരങ്ങൾ എന്നിവയ്ക്കു പ്രാധാന്യം നല്കുന്നതാണ് 52 പേജ് വരുന്ന സമാപനരേഖ.

## ജാഗ്രത വേണം: പ്രധാനമന്ത്രി

(3–ാം പേജിൽനിന്നും)

അത്തരം കുറ്റകൃത്യത്തെക്കുറിച്ച് പോലീസിനെ അറിയിക്കാനും മോദി ജനങ്ങളോട് ആവശ്യപ്പെട്ടു.

തട്ടിപ്പുകാരുടെ ഫോൺസന്ദേശങ്ങൾ റിക്കോർഡ് ചെയ്യുകയും സ്ക്രീൻഷോട്ടുകൾ എടുക്കുകയും വേണം. ഇത്തരം കുറ്റവാളികൾ തങ്ങളുടെ ഇരകളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ശേഖരിച്ചശേഷം ആളുകളെ കൊള്ളയടിക്കാൻ അന്വേഷണ ഏജൻസി ഉദ്യോഗസ്ഥരായി വേഷമിടുന്നത് എങ്ങനെയെന്നു കാണിക്കാൻ മോദി പ്രതീകാത്മക ദൃശ്യങ്ങൾ കാണിക്കുകയും ചെയ്തു. വീഡിയോ കോളുകൾ വന്ന നിരവധി ഐഡന്റിറ്റികൾ ഇതിനോടകം ബ്ലോക്ക് ചെയ്തിട്ടുണ്ട്. കൂടാതെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചതായും അദ്ദേഹം വ്യക്തമാക്കി.

തട്ടിപ്പുകാരെ മനസിലായാൽ അതിനെ പ്രതിരോധിക്കാൻ കാത്തിരിക്കുക, ചിന്തിക്കുക, പ്രവർത്തിക്കുക എന്നീ മൂന്ന് കാര്യങ്ങൾ ചെയ്യാനും പ്രധാനമന്ത്രി നിർദേശിച്ചു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 44
November 01, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER

The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്‌വചനം

ഇന്നു ചിന്തിക്കുക; നാളെ സംസാരിക്കുക.

**ബോൺ**

എവിടെ നല്ല മാതാപിതാക്കളുണ്ടോ, അവിടെ നല്ല മക്കളുമുണ്ട്.

**വാർട്ടർ എ. ഹെയ്ബി**

# MEDICARE PLANS

## QUESTIONS ANSWERED

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT

**Raj Surendran, MBA**

Senior Medicare Specialist

708-945-3985



www.questwealthgroup.com
rsurendran007@gmail.com






Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ
സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ഇന്ത്യാ – ചൈന ബന്ധത്തിലെ നയതന്ത്രവിജയം

ചൈനയുമായുള്ള മികച്ചബന്ധം ഇന്ത്യക്ക് അത്യന്താപേക്ഷിതമാണ്. ആ രാജ്യവുമായി മത്സരിക്കുന്നത് ഇന്നത്തെ രാജ്യാന്തര പരിതഃസ്ഥിതിയിൽ നമുക്ക് അനുഗുണമാകില്ല. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചൈനീസ് പ്രസിഡണ്ട് ഷി ചിൻപിങ്ങും റഷ്യയിലെ കസാനിൽ 'ബ്രിക്സ്' ഉച്ചകോടിക്കിടെയാണ് കൂടിക്കാഴ്ച നടത്തിയത്. അഞ്ചു വർഷത്തെ ഇടവേളയ്ക്കുശേഷമാണ് ഇരുനേതാക്കളും ഔപചാരിക കൂടിക്കാഴ്ച നടത്തിയത് എന്ന സവിശേഷതയുമുണ്ട്. യഥാർത്ഥ നിയന്ത്രണരേഖ (എൽഎസി) യിലെ ഗാൽവനിൽ 2020-ൽ രണ്ടു രാജ്യത്തിന്റെയും സൈന്യങ്ങൾ തമ്മിലുണ്ടായ രക്തരൂഷിതമായ ഏറ്റുമുട്ടലിനുശേഷം ഉഭയകക്ഷിബന്ധം മരവിപ്പിലായിരുന്നു. ഗാൽവൻ സംഘർഷത്തിനു നിമിത്തമായ അതിർത്തിപ്രശ്നങ്ങൾക്കു ഈയിടെയുണ്ടായ പരിഹാരസമവാക്യത്തിന് മോദിയും ഷിയും അംഗീകാരമുദ്ര ചാർത്തി. പരസ്പരബന്ധം മെച്ചപ്പെടുത്തുന്നതിന് വിവിധതലങ്ങളിലെ സംഭാഷണപ്രക്രിയ പുനരാരംഭിക്കാനും ധാരണയായി. ലോകത്തെ ഏറ്റവും വലിയ രണ്ടു രാജ്യങ്ങളെന്നനിലയ്ക്ക് ഇന്ത്യയും ചൈനയും തമ്മിലുള്ള ബന്ധം ദൃഢീകരിക്കപ്പെടുന്നത് ആഗോളസമാധാനത്തിനും സമൃദ്ധിക്കും ഗുണകരമാകുമെന്ന് ഇരുനേതാക്കളും അഭിപ്രായപ്പെട്ടു.

ഇപ്പോഴത്തെ സംഭവവികാസങ്ങൾക്കു പ്രധാനമായും നാലു തലങ്ങളിൽ പ്രസക്തിയുണ്ട്. ഒന്നാമത്തേതും ഏറ്റവും പ്രധാനവും ചൈനയുടെ ആർക്കും വഴങ്ങാത്ത സ്വഭാവത്തിനുമേൽ ഇന്ത്യയുടെ വിജയമാണ്. നാലുവർഷമായി തുടരുന്ന കയ്യേറ്റനിലപാടിൽനിന്ന് അവർ പിന്നോട്ടുപോകുന്നു. ഇതു തീർച്ചയായും നയതന്ത്രതലത്തിലും സൈനികതലത്തിലും ഇന്ത്യ തുടർന്നുവന്ന ശക്തമായ പ്രതിരോധത്തിന്റെ വിജയമാണ്.

ഖലിസ്ഥാൻ തീവ്രവാദികൾ ഉയർത്തുന്ന പ്രശ്നങ്ങൾ ഉൾപ്പെടെ ആഗോളതലത്തിൽ പുതിയ വെല്ലുവിളികൾ നേരിടുമ്പോൾ ഇന്ത്യയ്ക്ക് അയലത്തു ശക്തിയും പിന്തുണയും ലഭിക്കുന്നു എന്നതാണ് രണ്ടാമത്തെ കാര്യം. നയതന്ത്ര-സൈനിക തലങ്ങളിലെ ഇന്ത്യയുടെ ഉറ്റസുഹൃത്താണ് യുഎസ്. എന്നാൽ, കാനഡയുമായി തർക്കം ഉയർന്നപ്പോൾ യുഎസിന്റെ പിന്തുണയോ സഹായമോ ഇന്ത്യയ്ക്കു ലഭിച്ചില്ല. അപ്പോൾ വികസനോന്മുഖ രാജ്യങ്ങളുടെ (ഗ്ലോബൽ സൗത്ത്) കരുത്തായി ഇന്ത്യ-ചൈന ബന്ധം ഉയർത്തിക്കൊണ്ടുവരുന്നതു നിർണായകമാണ്. ഇന്ത്യ-ചൈന അതിർത്തിത്തർക്കത്തിന്റെ പരിഹാരത്തിനു ചൈനയിലെ മാധ്യമങ്ങൾ നൽകിയതിനെക്കാൾ വലിയ പ്രാധാന്യം യുഎസിലെ മാധ്യമങ്ങൾ നൽകിയതും ഇതിനോടു ചേർത്തുവായിക്കണം.

റഷ്യയുടെ സ്വാധീനശേഷി വർധിക്കുന്നതാണ് മറ്റൊരു നിർണായക കാര്യം. ലോകജനസംഖ്യയുടെ പകുതിയോളം പ്രതിനിധീകരിക്കുന്ന ബ്രിക്സ് രാജ്യങ്ങളുടെ ഉച്ചകോടിക്കു തൊട്ടുമുൻപാണ് ഇന്ത്യ-ചൈന സമാധാന പ്രഖ്യാപനം ഉണ്ടായത്. ഇതിൽ റഷ്യയുടെ സൗഹൃദസമ്മർദം വ്യക്തമാണ്. വ്ളാഡിമിർ പുടിന്റെ നാട്ടിൽ മോദിയും ഷി ചിൻപിങ്ങും എത്തുമ്പോൾ അവർക്കിടയിൽ മുഖാമുഖ ചർച്ചയ്ക്കു വിലങ്ങാകുന്ന കാര്യങ്ങൾ അവശേഷിക്കരുത് എന്ന നയതന്ത്രബുദ്ധി ഇതിനുപിന്നിലുണ്ട്.

സംഘർഷങ്ങൾ അവസാനിക്കുന്നതു സാമ്പത്തികരംഗത്തെ അതിവേഗവളർച്ചയ്ക്ക് ഊന്നൽ നൽകാൻ സഹായിക്കും എന്നതാണ് നാലാമത്തെ കാര്യം. ഇന്ത്യയും ചൈനയും ആഗോളതലത്തിൽ അതിവേഗം വളരുന്ന സമ്പദ്ഘടനകളാണ്. പരസ്പരമുള്ള തർക്കം കുറയുന്നതു രണ്ടു രാജ്യങ്ങൾക്കും സ്വന്തം നിലയിലുള്ള വളർച്ചയ്ക്കു വേഗം കൂട്ടും. പരസ്പരമുള്ള സഹകരണത്തിലെ പ്രതിബന്ധങ്ങൾ ഒഴിവാകുകയും ചെയ്യും. ഇത് ആഗോള സമ്പദ്ഘടനയിലെ സമവാക്യങ്ങളിലും മാറ്റങ്ങൾ സൃഷ്ടിക്കും.

അതേസമയം, ചൈനയുടെ പിന്മാറ്റ പ്രഖ്യാപനത്തോടെ എല്ലാം വിജയിച്ചു എന്ന രീതിയിൽ അതിർത്തിയെക്കുറിച്ചുള്ള ജാഗ്രത കൈവിട്ടുകൂടാ. സൗഹൃദത്തിനും സമാധാനത്തിനുമപ്പുറം സ്വന്തം താൽപര്യങ്ങൾക്കു മുൻഗണന നൽകുന്ന രാജ്യമാണ് ചൈന. അവർ വാക്കു ലംഘിച്ചതിന്റെ എത്രയോ അനുഭവങ്ങൾ ഇന്ത്യയ്ക്കു മുൻപിലുണ്ട്. ഇപ്പോഴത്തെ തർക്കപരിഹാര പ്രഖ്യാപനത്തിൽതന്നെ എന്തൊക്കെയാണ് തുടർനടപടികൾ എന്നതു വ്യക്തമാകാനിരിക്കുന്നേയുള്ളൂ. പ്രഖ്യാപനമല്ല, നടപടികളാണ് പ്രധാനം.

അതേസമയം, 'ബ്രിക്സ്' ഉച്ചകോടിയിൽ പ്രധാനമന്ത്രി മോദി നടത്തിയ പ്രസംഗത്തിൽ ചൈനയ്ക്കുള്ള ഗോപ്യമായ താക്കീതും അടങ്ങിയിരുന്നു. ഭീകരതയെ നേരിടാൻ ഏകമനസ്സോടെയുള്ള പ്രയത്നം ആവശ്യമാണെന്നതിലായിരുന്നു പ്രസംഗത്തിലെ ഊന്നൽ. ഇക്കാര്യത്തിൽ ഇരട്ടത്താപ്പു പറ്റില്ലെന്ന പ്രധാനമന്ത്രിയുടെ പരാമർശം ചൈനയ്ക്കുള്ള പരോക്ഷശാസനയായി വിലയിരുത്തപ്പെട്ടു. ഭീകരതയെ പരിലാളിക്കുന്ന പാക്കിസ്ഥാന് യുഎന്നിലും മറ്റ് അന്താരാഷ്ട്രവേദികളിലും ചൈന പലപ്പോഴും സുരക്ഷയൊരുക്കുന്നതാണ് പ്രധാനമന്ത്രി വ്യഞ്ജിപ്പിച്ചതെന്നു നിരീക്ഷകർ വിലയിരുത്തുന്നു. നിലപാടുകൾ പറഞ്ഞുറപ്പിച്ചുപോകേണ്ടത് നയതന്ത്രത്തിൽ പ്രധാനംതന്നെ. അങ്ങനെ സ്വാഭിമാനം ഉയർത്തിപ്പിടിച്ചു മുന്നോട്ടുപോകവേതന്നെ ആഗോളയാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടു പ്രവർത്തിക്കാനും നാം സന്നദ്ധമാകണം. നയതന്ത്രത്തിലായാലും ബലതന്ത്രത്തിലായാലും ഇന്ത്യ ആരുടെയും കരുവാകരുത്.

## വയനാട് പുനരധിവാസം:

# തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ബാധകമാകില്ലെന്ന് ഹൈക്കോടതി

കൊച്ചി: വയനാട് ചൂരൽമല-മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്ത ബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ബാധകമാകില്ലെന്ന് ഹൈക്കോടതി ഉത്തരവിട്ടു. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ പരിഗണനയിലുള്ള ഹർജിയിലാണ് ജസ്റ്റിസ് ഡോ. എ.കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് നിർദേശം നൽകിയത്. വയനാട് ലോക്സഭ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്നത് കണക്കിലെടുത്താണ് പ്രത്യേക നിർദേശം. വയനാട് പരിസ്ഥിതി ദുർബല മേഖലയാണെന്നത് കണക്കിലെടുക്കണമെന്നും പ്രചാരണത്തിന് ഗ്രീൻ പ്രോട്ടോക്കോൾ ഉറപ്പാക്കണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷനും നിർദേശം നൽകിയിട്ടുണ്ട്. കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കു ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ പെരുമാറ്റ ചട്ടം ബാധകമാകില്ലെന്നു കോടതി വ്യക്തത വരുത്തണമെന്ന് അമിക്കസ് ക്യൂറി രഞ്ജിത് തമ്പാൻ ഹൈക്കോടതിയോട് ആവശ്യപ്പെട്ടിരുന്നു. തുടർന്നാണു നിർദേശം. 30-ന് ഹർജി വീണ്ടും പരിഗണിക്കും.

251 പേർ മരിക്കുകയും 47 പേരെ കാണാതാവുകയും ചെയ്ത വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്നു കേരളത്തിന് അടിയന്തര ദുരിതാശ്വാസ സഹായമൊന്നും കേന്ദ്രം നൽകിയിട്ടില്ലെന്നു സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ അറിയിച്ചു. ദുരന്തബാധിതരുടെ വായ്പകൾ എഴുതിത്തള്ളണമെന്ന ആവശ്യം കേന്ദ്രസർക്കാരിൽ ഉന്നയിച്ചിട്ടുണ്ട്. ബിസിനസ് സ്ഥാപനങ്ങളുടെ വൻ വായ്പകൾ കേന്ദ്രസർക്കാർ എഴുതി തള്ളിയെന്ന വാർത്തകളുണ്ട്. വയനാട്ടിലെ ദുരന്തബാധിതരുടെ വായ്പ ഇതനുസരിച്ചു നോക്കുമ്പോൾ വളരെ ചെറുതാണെന്നും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് നൽകിയ വിശദീകരണ പത്രികയിൽ പറയുന്നു.


കേരളം ഉന്നയിച്ച മൂന്നാവശ്യങ്ങളിൽ കേന്ദ്രസർക്കാരിന്റെ തീരുമാനം കാത്തിരിക്കുകയാണെന്നും സർക്കാർ അറിയിച്ചു. വയനാട്ടിലേത് തീവ്ര ദുരന്തമായി പ്രഖ്യാപിക്കണമെന്നാണ് ഒരാവശ്യം. രാജ്യാന്തര തലത്തിൽ ഉൾപ്പെടെ പുനരധിവാസത്തിനായി ഫണ്ട് ശേഖരണം നടത്താൻ കേരളത്തിന് ഇതുവഴി കഴിയും. ദുരന്തത്തിന് ഇരയായ കുടുംബങ്ങളുടെ വ്യക്തിഗത വായ്പകൾ, മോട്ടർ വാഹന, ഭവന വായ്പകൾ തുടങ്ങിയവ ഡിസാസ്റ്റർ മാനേജ്മെന്റ് നിയമത്തിന്റെ 13-ാം വകുപ്പ് പ്രകാരം ദേശീയ ദുരന്തനിവാരണ അതോറിറ്റി എഴുതിതള്ളുന്നത് പരിഗണിക്കണം.

ദുരിതാശ്വാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ കേന്ദ്രം കൂടുതൽ സഹായം നൽകണം. ദുരന്തപ്രതികരണനിധി വ്യവസ്ഥകൾ പ്രകാരം, പൂർണമായും തകർന്ന വീടിനു 1.30 ലക്ഷം രൂപയും കുന്നിൻപ്രദേശത്തെ തകർന്ന റോഡിനു കിലോമീറ്ററിന് 75,000 രൂപയുമാണ്. നിധിയിൽ നിന്നുള്ള പണം ചെലവാക്കാൻ ഇത്തരത്തിൽ പരിധിയുള്ളതിനാൽ പുനരധിവാസ പ്രവർത്തനങ്ങൾ മതിയായി നടപ്പാക്കാനാകില്ല. കിലോമീറ്ററിന് 75,000 രൂപയ്ക്ക് ഗ്രാമീണ റോഡുകൾ കൃത്യമായി നന്നാക്കാനാകില്ല. ദേശീയ ദുരന്തനിവാരണ നിധിയിൽനിന്നു കൂടുതൽ ധനസഹായം പെട്ടെന്നു ലഭിച്ചിരുന്നെങ്കിൽ നിയമപ്രകാരം വേഗം ദുരിതാശ്വാസ നടപടികൾ സ്വീകരിക്കാമായിരുന്നെന്നും സർക്കാർ അറിയിച്ചു.

സംസ്ഥാന സർക്കാർ കേന്ദ്ര മന്ത്രിതല സംഘത്തോടു (ഐഎംസിടി) ചർച്ച ചെയ്താണു ചെലവ് സംബന്ധിച്ച മെമ്മോറാണ്ടത്തിന്റെ കരടിൽ മാറ്റം വരുത്തി സമർപ്പിച്ചത്. അടിയന്തരമായി നൽകിയതിനാൽ ചില ചെലവിൽ വ്യക്തതയുണ്ടാകണമെന്നില്ല. ഇത് വീണ്ടും സമർപ്പിക്കേണ്ടതുണ്ട്. സാഹചര്യങ്ങൾക്ക് സാക്ഷിയായ ഐഎംസിടി സർക്കാരിന്റെ മുന്നിലെ ഭീമമായ ദൗത്യത്തെക്കുറിച്ചു മനസ്സിലാക്കി സമയം അനുവദിച്ചിട്ടുണ്ടെന്നും സർക്കാർ വ്യക്തമാക്കി. സഹായത്തിനു വ്യവസ്ഥകൾ നിർദേശിച്ച് ഈയിടയ്ക്ക് നടപ്പാക്കിയ പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസസ്മെന്റ് മാനദണ്ഡം അനുസരിച്ചുള്ള കാര്യങ്ങൾ സർക്കാർ അന്തിമമാക്കുകയാണെന്നും അറിയിച്ചു.

# ഡോ. മോഹനൻ കുന്നുമ്മലിനെ ആരോഗ്യ സർവകലാശാല വിസിയായി വീണ്ടും നിയമിച്ചു

തിരുവനന്തപുരം: സർക്കാരിന്റെ നിയമോപദേശംതന്നെ സർക്കാരിനെതിരെ ആയുധമാക്കി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ആരോഗ്യ സർവകലാശാല വൈസ് ചാൻസലറായി സർക്കാരിന് അനഭിമതനായ ഡോ. മോഹനൻ കുന്നുമ്മലിനു പുനർനിയമനം നൽകിയതിനു പുറമേ കേരള സർവകലാശാല വിസിയുടെ ചുമതല നീട്ടിനൽകുകയും ചെയ്തു. ആരോഗ്യ സർവകലാശാലയിൽ മോഹനന്റെ കാലാവധി ഒക്ടോബർ 26-ന് അവസാനിച്ചിരിക്കെയാണ് പുനർനിയമനം നൽകിക്കൊണ്ട് ചാൻസലർ കൂടിയായ ഗവർണറുടെ ഉത്തരവ്.



സർവകലാശാലാനിയമം വകുപ്പ് 10(5) (2) പ്രകാരമാണ് നിയമനം. അഞ്ചു വർഷമോ 70 വയസ് തികയുന്നതുവരെയോ വിസിയായി തുടരാമെന്ന് ഉത്തരവിൽ വ്യക്തമാക്കുന്നു. പുനർനിയമനം നൽകിയ സാഹചര്യത്തിൽ പുതിയ വിസിയെ കണ്ടെത്താനുള്ള സെർച്ച് കമ്മിറ്റി വിജ്ഞാപനവും റദ്ദാക്കി. കണ്ണൂർ സർവകലാശാലാ വിസിയായിരുന്ന ഡോ. ഗോപിനാഥ് രവീന്ദ്രനു പുനർനിയമനം നൽകാനായി ഉന്നതവിദ്യാഭ്യാസവകുപ്പ് ഹാജരാക്കിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണു ഡോ. മോഹനനു ഗവർണർ പുനർനിയമനം നൽകിയത്.

വിസിയെ പുനർനിയമിക്കാൻ സെർച്ച് കമ്മിറ്റി ആവശ്യമില്ലെന്ന കണ്ണൂർ സർവകലാശാലാ നിയമം ചൂണ്ടിക്കാട്ടിയായിരുന്നു അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം. സർവകലാശാലാ നിയമത്തിലെ വകുപ്പ് 10 (5) വി.സി. നിയമനവുമായി ബന്ധപ്പെട്ടതാണ്. നിയമിക്കപ്പെട്ടയാൾക്ക് പ്രായപരിധിയായ 70 ആയിട്ടില്ലെങ്കിൽ പുനർനിയമനം നൽകാമെന്നാണ് രണ്ടാം ഉപവകുപ്പ്.

സർക്കാർ അനാവശ്യമായി ഇടപെട്ടെന്നു ചൂണ്ടിക്കാട്ടി കണ്ണൂർ സർവകലാശാല വിസി പുനർനിയമനം സുപ്രീംകോടതി റദ്ദാക്കിയിരുന്നു. ആ വിധിയും ഗവർണറുടെ ഇപ്പോഴത്തെ നീക്കത്തിനു പ്രചോദനമായി. ഡോ. മോഹനന് കേരള സർവകലാശാല വിസിയുടെ ചുമതലയും 26 മുതൽ നീട്ടിനൽകി. സ്ഥിരം വിസി നിയമനം നടക്കാത്ത സാഹചര്യത്തിലാണിത്.

# ഡിജിറ്റൽ ലാൻഡ് സർവേയിൽ പുരോഗതി കൈവരിച്ച ഏക സംസ്ഥാനം കേരളം

തിരുവനന്തപുരം: ഇന്ത്യയിൽ ഡിജിറ്റൽ ലാൻഡ് സർവേയിൽ മികച്ച പുരോഗതി കൈവരിച്ച ഏക സംസ്ഥാനമാണ് കേരളമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. എന്റെ ഭൂമി സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഡിജിറ്റൽ ലാൻഡ് സർവേ മൂന്നാം ഘട്ടത്തിലേക്കു കടക്കുന്ന സാഹചര്യത്തിലാണ് എന്റെ ഭൂമി ഡിജിറ്റൽ ഭൂരേഖാ സംവിധാനം യാഥാർത്ഥ്യമായിട്ടുള്ളത്. ഇന്ത്യയ്ക്കാകെ മാതൃകയായ പദ്ധതിയിലൂടെ കേരളത്തിലെ ഭൂരേഖാ വിവരങ്ങൾ ഇനി ഒറ്റ ക്ലിക്കിലൂടെ ലഭിക്കും. ഭൂമിയുടെ കൈമാറ്റം, ഭൂമി രജിസ്റ്റർ ചെയ്യുന്നതിനുള്ള ടെംപ്ലേറ്റ് സംവിധാനം, പ്രീ മ്യൂട്ടേഷൻ സ്കെച്ച്, സർട്ടിഫിക്കറ്റ്, ഭൂനികുതി അടവ്, ന്യായവില നിർണയം, ഓട്ടോമ്യൂട്ടേഷൻ, ലൊക്കേഷൻ സ്കെച്ച്, ഭൂമിയുടെ തരംമാറ്റം തുടങ്ങിയ ഒട്ടേറെ സേവനങ്ങൾ ഇനി ഈ പോർട്ടലിലൂടെ ലഭ്യമാകും. വിവിധ ഓഫീസുകൾ കയറിയിറങ്ങാതെതന്നെ ഇനി പൊതുജനങ്ങൾക്ക് ഭൂമിസംബന്ധമായ ഇടപാടുകൾ കാര്യക്ഷമമായും സുതാര്യമായും ലഭ്യമാകും. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആരംഭിച്ച എന്റെ ഭൂമി ഡിജിറ്റൽ ലാൻഡ് സർവേ പദ്ധതിയിലൂടെ 212 വില്ലേജുകളിലെ 35.2 ലക്ഷം പാർസലുകളിലായി 4.8 ലക്ഷം ഹെക്ടർ ഭൂമിയുടെ സർവേ ഇതിനോടകം പൂർത്തിയാക്കി. കാസർഗോഡ് ജില്ലയിലെ ഉജ്ജാർ ഉൾവാർ വില്ലേജിൽ തുടക്കം കുറിക്കുന്ന എന്റെ ഭൂമി പോർട്ടൽ മൂന്ന് മാസത്തിനകം ഡിജിറ്റൽ സർവേ പൂർത്തിയായ 212 വില്ലേജുകളിലേക്കും വ്യാപിപ്പിക്കുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

Law Office of Sovmya George

IMMMIGRATION LAW FIRM



## SERVICES:

Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.

*"We Handle Cases All Across the USA!"*
-Sovmya George, Esq.

Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com

Read our stellar reviews

# ഏലിയാമ്മ ജോസഫ് അന്തരിച്ചു



ചിക്കാഗോ: കേരള എക്സ്പ്രസ് മാനേജിങ് എഡിറ്ററും ഐപിസി ചിക്കാഗോ സഭാംഗവുമായ എബി കല്ലിശേരി (മാത്യു ജോസഫ്)യുടെ മാതാവ് ഏലിയാമ്മ ജോസഫ് (85) അന്തരിച്ചു.

റിട്ട. അദ്ധ്യാപികയായ പരേത നൈപ്പള്ളിയുഴത്തിൽ കുടുംബാംഗമാണ്. സംസ്കാര ശുശ്രൂഷകൾ ഒക്ടോബർ 29-ന് ചൊവ്വാഴ്ച രാവിലെ 9-ന് കല്ലിശേരി ബി.ബി.സി ഓഡിറ്റോറിയത്തിൽ ആരംഭിക്കും. തുടർന്ന് കല്ലിശേരി ഐപിസി എബെനെസർ സഭാ സെമിത്തേരിയിൽ സംസ്കരിക്കും. ഭർത്താവ് റിട്ട. അദ്ധ്യാപകൻ എൻ.ടി. ജോസഫ്.

മക്കൾ: തോമസ് ജോസഫ്, മാത്യു ജോസഫ്,
ജോയി ജോസഫ്. മരുമക്കൾ: സൂസൻ ജോസഫ്,
ആലീസ് മാത്യു, സിനി ജോസഫ്
(എല്ലാവരും യുഎസ്).

# HOUSE FOR SALE
# NEAR COCHIN AIRPORT



A well maintained 3600 sq. feet house in 16 cents lot, fruit trees and more for sale.
House is in a gated community near Cochin Airport.

**Interested parties can contact**

**Das @650 235 6510**

**LDROSE8@GMAIL.COM**

# പ്രിയങ്കാഗാന്ധി വയനാട്ടിൽ പത്രിക സമർപ്പിച്ചു

കൽപറ്റ: വയനാട് ലോക്സഭാ മണ്ഡലത്തിലെ യുഡിഎഫ് സ്ഥാനാർത്ഥിയായുള്ള പ്രിയങ്ക ഗാന്ധിയുടെ പത്രികാസമർപ്പണത്തിനു മുന്നോടിയായി നടത്തിയ റോഡ് ഷോ നഗരത്തെ ജനസാഗരമാക്കി. പ്രവർത്തകരെ ആവേശക്കൊടുമുടിയിലാക്കി മണിക്കൂറുകൾ നീണ്ട റോഡ്ഷോയിൽ പതിനായിരങ്ങൾ പങ്കെടുത്തു.

പുതിയ സ്റ്റാൻഡിൽനിന്ന് ആരംഭിച്ച് വാട്ടർ അതോറിറ്റി ഓഫീസ് പരിസരത്ത് സമാപിക്കുന്ന വിധത്തിലായിരുന്നു റോഡ് ഷോ ക്രമീകരിച്ചത്. തുറന്ന വാഹനത്തിൽ വയലറ്റ് സാരിയും ബ്ലൗസും അണിഞ്ഞാണ് പ്രിയങ്ക എത്തിയത്.

സഹോദരനും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി, കെപിസിസി അധ്യക്ഷൻ കെ. സുധാകരൻ, മുസ്‌ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി, സംസ്ഥാന പ്രസിഡന്റ് സാദിഖലി ശിഹാബ് തങ്ങൾ, അമേഠി എംപി കിഷോരിലാൽ ശർമ, ആർഎസ്പി സംസ്ഥാന സെക്രട്ടറി ഷിബു ബേബി ജോൺ, മോൻസ് ജോസഫ്, കേരള കോൺഗ്രസ്-ജേക്കബ് നേതാവ് അനൂപ് ജേക്കബ് തുടങ്ങിയവർ വാഹനത്തിൽ പ്രിയങ്കയ്ക്കൊപ്പം ഉണ്ടായിരുന്നു.

പുതിയ സ്റ്റാൻഡിനും വാട്ടർ അതോറിറ്റി ഓഫീസിനടുത്ത് ഗ്രൗണ്ടിൽ പൊതുസമ്മേളനത്തിനു സജ്ജമാക്കിയ വേദിക്കുമിടയിൽ അണിചേർന്നവരെ കൈകൾ വീശിയും കൊട്ടിയും ഫ്ളൈയിംഗ് കിസ് നൽകിയുമായിരുന്നു പ്രിയങ്കയുടെ പ്രത്യഭിവാദ്യം.

പുതിയ സ്റ്റാൻഡ് പരിസരത്തേക്ക് രാവിലെ എട്ടു മുതൽ ജനപ്രവാഹം തുടങ്ങിയിരുന്നു. സ്ത്രീകളും കുട്ടികളും അടക്കം മണ്ഡലത്തിനു പുറമേനിന്നുള്ളവരും നഗരത്തിലേക്ക് ഒഴുകി. റോഡ് ഷോയുടെ ഭാഗമാകുന്നതിനു രാഹുലും പ്രിയങ്കയും രാവിലെ 11.30-ന് എത്തിയപ്പോഴേക്കും പുതിയ സ്റ്റാൻഡും സമീപസ്ഥലങ്ങളും തിങ്ങിനിറഞ്ഞു. റോഡ് ഷോയിൽ വാദ്യഘോഷത്തിനൊപ്പം യുഡിഎഫ് പ്രവർത്തകരിൽ ചിലർ നൃത്തം ചെയ്തു. പ്രിയങ്കയുടെ ചിത്രം പതിച്ചതും 'പ്രിയങ്ക വയനാടിന്റെ പ്രിയങ്കരി' എന്നെഴുതിയതുമായ പ്ലക്കാർഡുകൾ ഏന്തിയാണ് പലരും റോഡ് ഷോയുടെ ഭാഗമായത്. പ്രവർത്തകരിൽ ചിലർ ഉയർത്തിപ്പിടിച്ച കോൺഗ്രസ്, ലീഗ് പതാകകളും വർണബലൂണുകളും റോഡ് ഷോയ്ക്കു ചന്തം പകർന്നു.

എഐസിസി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയും രാഹുൽ ഗാന്ധിയും ഒക്ടോബർ 23-ന് രാവിലെ കണ്ണൂരിൽ വിമാനമിറങ്ങി ഹെലികോപ്റ്ററിലാണ് ബത്തേരി സെന്റ് മേരീസ് ഗ്രൗണ്ടിൽ എത്തിയത്. എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എംപി, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ എംപി തുടങ്ങിയവരുടെ നേതൃത്വത്തിൽ രാഹുലിനെയും ഖാർഗെയെയും സ്വീകരിച്ചു.

സെന്റ് മേരീസ് ഗ്രൗണ്ടിൽനിന്നു കാറിൽ സപ്ത റിസോർട്ടിൽ എത്തിയ നേതാക്കൾ പ്രഭാത ഭക്ഷണത്തിനുശേഷമാണ് ഒന്നിച്ച് ബസിൽ കൽപ്പറ്റയ്ക്കു പുറപ്പെട്ടത്.



## ജനസംഖ്യയുടെ കുറവ് ഒന്നാം ക്ലാസിലെ കുട്ടികളുടെ എണ്ണത്തെയും കുറച്ചു

തിരുവനന്തപുരം: കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുന്നതു സംബന്ധിച്ച വിലയിരുത്തലുകൾ വസ്തുതാപരമല്ലെന്നു പൊതുവിദ്യാഭ്യാസ വകുപ്പ്. ജനസംഖ്യ കുറയുന്നതിന് അനുസരിച്ചുള്ള കുറവ് മാത്രമാണ് ഒന്നാം ക്ലാസിൽ ചേരുന്ന കുട്ടികളുടെ എണ്ണത്തിലും പ്രതിഫലിക്കുന്നതെന്നും രണ്ട് മുതൽ 10 വരെ ക്ലാസുകളിൽ ഈ അധ്യയന വർഷം കൂടുതൽ കുട്ടികൾ പൊതുവിദ്യാലയങ്ങളിലേക്ക് എത്തിയെന്നും മന്ത്രി വി. ശിവൻകുട്ടി വ്യക്തമാക്കി. അടിസ്ഥാനസൗകര്യ വികസനമുണ്ടായിട്ടും പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നതിന്റെ കാരണം വ്യക്തമാക്കി റിപ്പോർട്ട് നൽകാൻ സംസ്ഥാന ബാലാവകാശ കമ്മീഷൻ പൊതുവിദ്യാഭ്യാസ വകുപ്പിനോട് ഉത്തരവിട്ടിരുന്നു. ഈ സാഹചര്യത്തിലാണ് വിശദീകരണം.

'2019-ൽ ജനിച്ച കുട്ടികളാണ് ഈ വർഷം ഒന്നാം ക്ലാസിൽ ചേർന്നത്. 2009-ൽ കേരളത്തിൽ രജിസ്റ്റർ ചെയ്ത ജനനം 5.5 ലക്ഷം ആയിരുന്നെങ്കിൽ 2019-ൽ അത് 4.8 ലക്ഷമായി. 10 വർഷം കൊണ്ട് 70,000 കുട്ടികളുടെ കുറവാണ് വാർഷിക കണക്കിൽ ഉണ്ടായത്. ആ കുറവ് ഒന്നാം ക്ലാസിൽ എത്തുന്ന കുട്ടികളുടെ എണ്ണത്തിലും സ്വാഭാവികമായും പ്രതിഫലിക്കും. കഴിഞ്ഞ മാർച്ചിൽ 4.03 ലക്ഷം കുട്ടികൾ 10-ാം ക്ലാസ് പഠനം പൂർത്തിയാക്കിയ സ്ഥാനത്ത് ഈ അധ്യയന വർഷം ഒന്നാം ക്ലാസിൽ എത്തിച്ചേർന്നത് 2.51 ലക്ഷം കുട്ടികളാണ്. കേരളത്തിൽ ജനിച്ച എല്ലാ കുട്ടികളും ഇവിടെ പഠിക്കണമെന്നില്ല. മറ്റു സംസ്ഥാനങ്ങളിൽ ജനിച്ച കുട്ടികൾ കേരളത്തിൽ പഠിക്കുന്നുമുണ്ട്. കഴിഞ്ഞ അധ്യയന വർഷം ഒന്നു മുതൽ ഒൻപത് വരെ ക്ലാസുകളിൽ 30.02 ലക്ഷം കുട്ടികളാണ് പഠിച്ചിരുന്നത്. എന്നാൽ ഈ അധ്യയന വർഷം രണ്ട് മുതൽ 10 വരെ ക്ലാസുകളിലുള്ളത് 30.37 ലക്ഷം കുട്ടികളാണ്. രണ്ട് മുതൽ 10 വരെ ക്ലാസുകളിലായി 35000 കുട്ടികൾ കൂടുതലായി എത്തിയെന്നാണ് ഇത് വ്യക്തമാക്കുന്നത്' - മന്ത്രി ചൂണ്ടിക്കാട്ടി.

## വിദേശ നിക്ഷേപകരെ ആകർഷിക്കൽ; ദുബായിയും അബുദാബിയും ഒന്നാംസ്ഥാനത്ത്

അബുദാബി: വിദേശനിക്ഷേപകരെ ആകർഷിക്കുന്നതിലും അവരെ രാജ്യത്ത് നിലനിർത്തുന്നതിലും ദുബായ്, അബുദാബി നഗരങ്ങൾ ഒന്നാമതെന്ന് പഠനം. മാനേജ്മെന്റ് കൺസൾട്ടൻസിയായ കെയർണീസ് ഗ്ലോബൽ സിറ്റി ഇൻഡെക്സ് മധ്യപൂർവേഷ്യ, ഉത്തര ആഫ്രിക്ക (മെന) മേഖലയിൽ നടത്തിയ പഠനത്തിലാണ് രണ്ടു നഗരങ്ങളും ഒന്നാംസ്ഥാനത്തെത്തിയത്. സൗദി അറേബ്യയിലെ റിയാദ്, ദമാം നഗരങ്ങളാണ് തൊട്ടുപിറകിൽ. തുടർച്ചയായ നാലാംവർഷമാണ് ദുബായ്, അബുദാബി എമിറേറ്റുകൾ ഈ പട്ടികയിൽ മികച്ച നഗരങ്ങളായി തെരഞ്ഞെടുക്കപ്പെടുന്നത്.

പ്രതിഭകളെ ആകർഷിക്കാൻ നടപ്പാക്കിയ പുതിയ നയങ്ങളാണ് അബുദാബിയെയും ദുബായിയെയും മുൻനിരയിലെത്തിച്ചത്. വിസാ നടപടിക്രമങ്ങൾ ലളിതമാക്കൽ, ഇമിഗ്രേഷൻ നയങ്ങളിലെ മാറ്റങ്ങൾ എന്നിവയെല്ലാം ഇതിന് സഹായകമായി. ഉയർന്ന വൈദഗ്ധ്യമുള്ള വിദേശത്തൊഴിലാളികൾക്ക് രാജ്യത്ത് ആകർഷകമായ അവസരങ്ങളുണ്ടാക്കി.

## ലാഹോർ ലോകത്തെ ഏറ്റവും മലിനനഗരം

ലാഹോർ: പാക്കിസ്ഥാന്റെ സാംസ്കാരികനഗരമായ ലാഹോർ, ലോകത്തെ ഏറ്റവും മലിനനഗരം. ലാഹോറിലെ വായുഗുണനിലവാര സൂചിക (എക്യുഐ) 394 എന്ന ഏറ്റവും അപകടകരമായ നിരക്കിലാണ്. വായുമലിനീകരണത്തെത്തുടർന്നുണ്ടായ പുകമഞ്ഞിൽനിന്ന് രക്ഷപ്പെടാൻ കൃത്രിമ മഴപെയ്യിക്കാൻ ആലോചിക്കുകയാണ് പഞ്ചാബ് സർക്കാർ.

വിളവെടുപ്പിനുശേഷം കൃഷിയിടങ്ങളിൽ തീയിടുന്നതും വ്യാവസായിക മലിനീകരണവുമാണ് ലാഹോറിൽ പുകമഞ്ഞ് പ്രതിസന്ധിയുണ്ടാക്കിയത്. പഞ്ചാബ് മുഖ്യമന്ത്രി മറിയം നവാസ് പുകമഞ്ഞ് ബാധിതമേഖലകളിൽ ആന്റി സ്മോഗ് സ്ക്വാഡിനെ വിന്യസിച്ചു.

വായുവിലെ വിവിധ മലിനീകാരികളുടെ തോതനുസരിച്ചാണ് എക്യുഐ കണക്കാക്കുന്നത്. എക്യുഐ 100-നുമുകളിലായാൽ അനാരോഗ്യകരമായ വായു എന്നാണർത്ഥം. 150-ൽ കൂടിയാൽ കൂടുതൽ അപകടകാരിയാണ്. അന്തരീക്ഷത്തിലെ മഞ്ഞിനൊപ്പം സൂക്ഷ്മകണങ്ങളായ മലിനീകാരികളും പുകയും ചേരുമ്പോഴാണ് പുകമഞ്ഞുണ്ടാകുന്നത്.

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers

24 Hour Emergency Service

• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE

George Kurian
Mortgage Specialist
NMLS ID 220917
1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
8473408708
avicote2@gmail.com
http://pinnacle.mortgage
"Licensed to originate Mortgage both in Illinois and Georgia"

# ചിക്കാഗോ കെ.സി.എസ്: ജോസ് ആനമല പ്രസിഡണ്ട്

(ഒന്നാം പേജിൽ നിന്നും)

വിജയിച്ച പ്രസിഡന്റ് സ്ഥാനാർത്ഥി ജോസ് ആനമലയ്ക്ക് 1611 വോട്ടും എതിർ സ്ഥാനാർഥി സാജു കണ്ണമ്പള്ളിക്ക് 677 വോട്ടും ലഭിച്ചു. 934 വോട്ടിന്റെ വൻ ഭൂരിപക്ഷത്തോടെയാണ് ജോസ് ആനമല വിജയിച്ചത്. ജോസ് ആനമലയുടെ ടീം ഫോർ ചേഞ്ച് പാനലിൽ മത്സരിച്ച 20-ൽ 19 പേരും മികച്ച ഭൂരിപക്ഷത്തോടെ വിജയിച്ചു.

ജോമി ഇടയാടിയിൽ, ജെയ്സൺ ഐക്കരപറമ്പിൽ, ബാബു തൈപ്പറമ്പിൽ, വിപിൻ ചാലുങ്കൽ, ഡിബിൻ വിലങ്ങുകല്ലേൽ, സാജൻ പച്ചിലമാക്കിൽ, ആനന്ദ് ആകശാലയിൽ എന്നിവർ കെസിസിഎൻഎ നാഷണൽ കൗൺസിൽ അംഗങ്ങളായി വിജയിച്ചു.

വിവിധ വാർഡുകളിൽ നിന്നും ലെജിസ്ലേറ്റീവ് ബോർഡിലേക്ക് സിറിൾ അംബേനാട്ട്, സിജോ പുള്ളൂർകുന്നേൽ, മെറിൾ മൂടികല്ലേൽ, അജയ് വാളത്താറ്റ്, ബിജു പൂത്തുറ, ജോബ്മോൻ പുളിക്കമറ്റം, സിറിൾ പാറേൽ, മേഹുൽ അബ്രഹാം ഏലൂർ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

വാശിയേറിയ തെരഞ്ഞെടുപ്പാണ് ഈ വർഷം നടന്നത്. ഇലക്ട്രോണിക് കൗണ്ടിംഗ് സിസ്റ്റം ഈ വർഷത്തെ പ്രത്യേകതയായിരുന്നു.

മജു ഓട്ടപ്പള്ളി (ചെയർമാൻ), ബൈജു കുന്നേൽ (വൈസ് ചെയർമാൻ), ജോബ് മാക്കീൽ, ജിമ്മി മുകളേൽ എന്നിവരടങ്ങിയ ലെയ്സൺ ബോർഡ് തെരഞ്ഞെടുപ്പിന് നേതൃത്വം നല്കി.

പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ജോസ് ആനമല ചിക്കാഗോ കെ.സി.എസ് വൈസ് പ്രസിഡണ്ട്, ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് അസോസിയേഷൻ വൈസ് പ്രസിഡണ്ട് തുടങ്ങിയ വിവിധ നിലകളിൽ പ്രവർത്തിച്ച് കഴിവ് തെളിയിച്ചിട്ടുള്ള മികച്ച സംഘാടകനാണ്.

'ഈ വിജയം വിനയപൂർവ്വം സ്വീകരിക്കുന്നു. ഈ മാറ്റത്തിനുവേണ്ടി അഹോരാത്രം അദ്ധ്വാനിച്ച എല്ലാ നല്ല മനസ്സുകൾക്കും ഹൃദയപൂർവം നന്ദി പറയുന്നു. എല്ലാവരെയും ഒറ്റക്കെട്ടായി മുന്നോട്ടു നയിക്കുവാൻ പരമാവധി പരിശ്രമിക്കും.

ക്നാനായ സമുദായത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ വിട്ടുവീഴ്ച ഇല്ലാത്ത നിലപാടുമായി മുന്നോട്ടു നീങ്ങും. കെ.സി.എസ്. സംഘടനയുടെ വളർച്ചയ്ക്കും വികസനത്തിനും മുൻതൂക്കം നല്കുന്ന പ്രവർത്തനശൈലി പിന്തുടരും.

കെ.സി.എസ്. സംഘടനയുടെ നാളിതുവരെയുള്ള വളർച്ചയുടെ പിന്നിൽ പ്രവർത്തിച്ച എല്ലാ മുൻകാല നേതൃത്വങ്ങളെയും ഈയവസരത്തിൽ നന്ദിപൂർവം അനുസ്മരിക്കുന്നു.' നിയുക്ത കെ.സി.എസ് പ്രസിഡണ്ട് ജോസ് ആനമല തികച്ചും അഭിമാനകരമായ തെരഞ്ഞെടുപ്പ് വിജയത്തെക്കുറിച്ച് കേരളാ എക്സ്പ്രസ്സിനോട് ഇങ്ങനെ പ്രതികരിച്ചു.

## കെസിസിഎൻഎ നാഷണൽ കൗൺസിൽ അംഗങ്ങൾ


ജോമി ഇടയാടിയിൽ


ജെയ്സൺ ഐക്കരപറമ്പിൽ


ബാബു തൈപ്പറമ്പിൽ


വിപിൻ ചാലുങ്കൽ



ഡിബിൻ വിലങ്ങുകല്ലേൽ


സാജൻ പച്ചിലമാക്കിൽ


ആനന്ദ് ആകശാലയിൽ

## ലെജിസ്ലേറ്റീവ് ബോർഡ് അംഗങ്ങൾ


സിറിൾ അംബേനാട്ട്


സിജോ പുള്ളൂർകുന്നേൽ


മെറിൾ മൂടികല്ലേൽ


അജയ് വാളത്താറ്റ്


ബിജു പൂത്തുറ


ജോബ്മോൻ പുളിക്കമറ്റം


സിറിൾ പാറേൽ


മേഹുൽ അബ്രഹാം ഏലൂർ

# വെരി റവ. ജോർജ് പൗലോസ് കോർ എപ്പിസ്കോപ്പയുടെ സപ്തതിയാഘോഷം



രാജു മൈലപ്ര

ഫ്ളോറിഡ: കഴിഞ്ഞ മുപ്പത്തിയഞ്ചു വർഷമായി ടാമ്പാ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് വികാരിയായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചുപോരുന്ന വെരി റവ. ജോർജ് പൗലോസ് കോർ എപ്പിസ്കോപ്പയുടെ എഴുപതാം ജന്മദിനം ഇടവകയുടെ ആഭിമുഖ്യത്തിൽ സമുചിതമായി ആഘോഷിച്ചു.

വിശുദ്ധ കുർബാനാനന്തരം ചേർന്ന അനുമോദന യോഗത്തിൽ പൗലോസ് കോർ എപ്പിസ്കോപ്പയ്ക്ക് ജന്മദിനാശംസകൾ അറിയിച്ചുകൊണ്ടുള്ള ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. തോമസ് മാർ ഈവാനിയോസിന്റെ അനുഗ്രഹസന്ദേശം റവ.ഫാ. തോമസ് ജോർജ് വായിച്ചു. തുടർന്ന് വിവിധ ഇടവകകളെ പ്രതിനിധീകരിച്ച് വൈദികരും സാമുദായിക സംഘടനാ നേതാക്കന്മാരും ആത്മീയസംഘടനാ ഭാരവാഹികളും ആശംസകളറിയിച്ചു. ഇടവകയുടെ സ്നേഹോപഹാരം ട്രഷറർ മനോജ് പാലക്കാട്ട്, സെക്രട്ടറി ജോൺ ടിറ്റോ, മറ്റു ഭാരവാഹികൾ എന്നിവർ ചേർന്ന് അച്ചന് കൈമാറി. മറുപടി പ്രസംഗത്തിൽ തന്റെ ബാല്യം മുതൽ ഇന്നുവരെ കടന്നുവന്ന ദൈവികമുഹൂർത്തങ്ങളെ അച്ചൻ അനുസ്മരിച്ചു. മുപ്പത്തിയഞ്ചു വർഷം തുടർച്ചയായി ഒരേ ഇടവകയിൽ വികാരിയായി സേവനം അനുഷ്ഠിക്കുവാൻ സഹായസഹകരണങ്ങൾ നല്കിയ ഇടവകാംഗങ്ങളോടുള്ള പ്രത്യേക നന്ദി അദ്ദേഹം അറിയിച്ചു. വിഭവസമൃദ്ധമായ സ്നേഹവിരുന്നോടു കൂടി ജന്മദിന പരിപാടികൾ സമാപിച്ചു.

# സിസ തോമസിനെതിരെ പ്രതികാര നടപടികൾ തുടരുന്നു

തിരുവനന്തപുരം: രേഖകൾ തിരികെ നൽകിയില്ലെന്നാരോപിച്ചു സാങ്കേതിക സർവകലാശാല മുൻ വിസി ഡോ. സിസ തോമസിനെതിരെ പോലീസ് നടപടിയെടുക്കാൻ വാഴ്സിറ്റി സിൻഡിക്കേറ്റിന് ബോർഡ് ഓഫ് ഗവർണേഴ്സ് യോഗം നിർദേശം നൽകി. താൽക്കാലിക വിസിയായിരുന്ന സിസ തോമസിനെ നിയന്ത്രിക്കാൻ സിൻഡിക്കേറ്റും ബോർഡ് ഓഫ് ഗവർണേഴ്സും മൂന്നംഗ സമിതി രൂപീകരിച്ചിരുന്നു. ഇതിനെതിരെ സിസ ഗവർണറെ സമീപിച്ചപ്പോൾ നൽകിയ രേഖകൾ സർവകലാശാലയ്ക്കു മടക്കിക്കൊടുത്തില്ലെന്നാണ് ആക്ഷേപം. സാങ്കേതിക സർവകലാശാലയിൽ സെനറ്റിനു പകരമാണു ബോർഡ് ഓഫ് ഗവർണേഴ്സ് എന്ന ഒൻപതംഗ സമിതി.

സിസ തോമസിനോടുള്ള സർക്കാരിന്റെ പ്രതികാരത്തിന്റെ തുടർച്ചയാണു പുതിയ നടപടി. സിസ വിസിയുടെ ചുമതല വഹിച്ച കാലയളവിൽ ഏതാനും ജീവനക്കാരെ സ്ഥലംമാറ്റിയതു സിൻഡിക്കേറ്റ് റദ്ദാക്കിയിരുന്നു. സിസ ഇതിൽ വിയോജനം രേഖപ്പെടുത്തുകയും ചട്ടവിരുദ്ധ നടപടിക്കെതിരെ ഗവർണറെ സമീപിക്കുകയും ചെയ്തു. വിസിയെ നിരീക്ഷിക്കാൻ മൂന്നംഗ സമിതിയെ നിയോഗിച്ചതുമായി ബന്ധപ്പെട്ട് ബോർഡ് ഓഫ് ഗവർണേഴ്സ് പ്രമേയം പാസാക്കിയിരുന്നു.



സിൻഡിക്കേറ്റിന്റെയും ബോർഡ് ഓഫ് ഗവർണേഴ്സിന്റെയും കൺവീനർ എന്ന നിലയിൽ ഇതിന്റെ രേഖകൾ രജിസ്ട്രാർ പ്രിന്റ് ഔട്ട് എടുത്ത് വിസിക്കു കൈമാറി. ഗവർണർക്കു നൽകിയ ഈ രേഖകൾ തിരികെ ലഭിച്ചില്ല എന്നു ചൂണ്ടിക്കാട്ടിയാണ് മോഷണം ആരോപിച്ച് നടപടിക്കു നീക്കം. രജിസ്ട്രാറുടെ കംപ്യൂട്ടറിൽ രേഖകൾ ലഭ്യമാണെന്നിരിക്കെയാണ് കഴമ്പില്ലാത്ത വാദം ഉയർത്തുന്നത്.

സർക്കാരിന്റെ വരുതിക്കു നിൽക്കാത്ത ഉദ്യോഗസ്ഥരെ മാനസികമായി പീഡിപ്പിക്കാനും പെൻഷൻ ആനുകൂല്യങ്ങൾ തടയാനുമാണ് രേഖകൾ മോഷണം പോയെന്ന് പുതിയ ആരോപണമെന്നു സേവ് യൂണിവേഴ്സിറ്റി ക്യാംപെയ്ൻ കമ്മിറ്റി പറഞ്ഞു.

2022 നവംബറിൽ സിസ തോമസിനെ സാങ്കേതിക സർവകലാശാല വിസിയായി ഗവർണർ നിയമിച്ചതു സർക്കാർ പാനൽ അവഗണിച്ചായിരുന്നു.

അന്നു മുതൽ ഇവർക്കെതിരെ സർക്കാർ പ്രതികാര നടപടികളുമായി മുന്നോട്ടു പോകുകയാണെന്ന് കോൺഗ്രസ് അനുകൂല സംഘടനകൾ കുറ്റപ്പെടുത്തി.

## വാഹനാപകടം: ഇൻഷുറൻസില്ലെങ്കിൽ കേസിനുപുറമേ പിഴയും

തിരുവനന്തപുരം: അപകടത്തിൽപ്പെടുന്ന വാഹനങ്ങൾക്ക് ഇൻഷുറൻസില്ലെങ്കിൽ 2000 രൂപകൂടി പിഴചുമത്താൻ മോട്ടോർവാഹനവകുപ്പ് തീരുമാനിച്ചു. ഇൻഷുറൻസില്ലാതെ വാഹനം നിരത്തിൽ ഇറക്കിയതിനും അപകടമുണ്ടാക്കിയതിനുമുള്ള പോലീസ് കേസിന് പുറമേയാണിത്.

ഇൻഷുറൻസ് പരിരക്ഷ ഇല്ലെങ്കിൽ നഷ്ടപരിഹാരത്തുക നൽകേണ്ട ബാധ്യത വാഹന ഉടമയ്ക്കാണ്. കേന്ദ്ര നിർദേശപ്രകാരമാണ് പ്രത്യേകം പിഴ ഈടാക്കുന്നതെന്ന് മോട്ടോർവാഹന വകുപ്പ് അധികൃതർ പറയുന്നു.

അപകടത്തിൽപ്പെട്ട വാഹനത്തിന്റെ പേരിലുള്ള കേസ് കോടതിയുടെ പരിഗണനയിലുള്ളപ്പോൾ അതേ കുറ്റത്തിന് മറ്റൊരുവഴിക്ക് പിഴചുമത്തുന്നത് ശരിയല്ലെന്ന നിലപാടാണ് വകുപ്പ് എടുത്തിരുന്നത്. എന്നാൽ ഇൻഷുറൻസ് ഇല്ലാത്ത വാഹനങ്ങൾ ഓടുന്നത് വ്യാപകമായ പശ്ചാത്തലത്തിലാണ് നടപടി കടുപ്പിക്കാൻ കേന്ദ്രം നിർദേശിച്ചത്.

ഇൻഷുറൻസ് പരിരക്ഷ പുതുക്കിയശേഷം വാഹനം വിട്ടുകൊടുത്താൽ മതിയെന്ന വ്യവസ്ഥയും കർശനമാക്കും. നഷ്ടപരിഹാരത്തുക ഈടാക്കിയ ശേഷം വാഹനം വിട്ടുകൊടുത്താൽ മതിയെന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചിട്ടുള്ളത്. ഭാവിയിൽ അതും വ്യവസ്ഥയായി മാറും.

# ഭീകരവാദത്തിൽ ഇരട്ടത്താപ്പ് പാടില്ല: മോദി

കസാൻ: ഭീകരവാദത്തിനും ഭീകരവാദത്തിനുള്ള സാമ്പത്തികസഹായത്തിനുമെതിരെ ഒന്നിക്കാൻ ലോകരാജ്യങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇസ്രയേൽ–ഗാസ യുദ്ധം അവസാനിപ്പിക്കുന്നതിൽകുന്നതിനും എതിരേ എല്ലാവരും ഒരുമിച്ച് ശക്തമായ സഹകരണത്തോടെ മുന്നേറണം”– മോദി പറഞ്ഞു. ഇത്തരത്തിൽ ഗൗരവതരമായൊരു വിഷയത്തിൽ ഇരട്ടത്താപ്പ് പാടില്ല. യുവജനങ്ങളെ മതമൗലികവാദത്തിലേക്കു നഉനം. ബ്രിക്സ് എന്നത് വിഭാഗീയതയല്ല, പൊതുതാത്പര്യങ്ങൾക്കു വേണ്ടിയുള്ള ഒരു കൂട്ടായ്മയാണെന്ന സന്ദേശമാണ് ലോകത്തിനു നൽകേണ്ടതെന്നും പ്രധാനമന്ത്രി പറഞ്ഞു. വികസ്വര രാജ്യങ്ങളുടെ കൂട്ടായ്മയായ ബ്രി



റഷ്യയിലെ കസാനിൽ ബ്രിക്സ് ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി, റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ, ചൈനീസ് പ്രസിഡന്റ് ഷി ചിൻപിംഗ് എന്നിവർ.

ലുൾപ്പെടെ വിജയിക്കാത്ത സാഹചര്യത്തിൽ യുഎൻ രക്ഷാസമിതി പോലുള്ള ആഗോള സംവിധാനങ്ങളിൽ പരിഷ്കാരങ്ങൾ ആവശ്യമാണെന്നും മോദി പറഞ്ഞു. റഷ്യയിലെ പൈതൃക നഗരമായ കസാനിൽ പതിനാറാമത് ബ്രിക്സ് ഉച്ചകോടിയെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. “ഭീകരതയ്ക്കും ഭീകരപ്രവർത്തനങ്ങൾക്ക് ധനസഹായം നയിക്കുന്നതു തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കണം. ലോകസുരക്ഷയ്ക്കു യുദ്ധമല്ല, ചർച്ചകളും നയതന്ത്രവുമാണു വേണ്ടതെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. യുദ്ധവും സംഘർഷവും സാമ്പത്തിക അരക്ഷിതാവസ്ഥയും കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങളും ഭീകരതയും ഉൾപ്പെടെ ഒട്ടേറെ വെല്ലുവിളികൾക്കു നടുവിലാണ് ബ്രിക്സ് സമ്മേക്സിന്റെ ഉച്ചകോടിക്കു ഒക്ടോബർ 22–നാണ് തുടക്കമായത്. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ, ചൈനീസ് പ്രസിഡന്റ് ഷി ചിൻപിംഗ്, തുർക്കി പ്രസിഡന്റ് രജബ് തയിബ് എർദോഗൻ, ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാൻ തുടങ്ങി ഇരുപതോളം രാഷ്ട്രനേതാക്കൾക്കു പുറമേ 36 രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളും ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്.

## ഇന്ത്യാ–ചൈന ബന്ധം സമാധാന വഴിയിൽ

കസാൻ: അഞ്ചുവർഷത്തിനുശേഷം ചൈനീസ് പ്രസിഡന്റ് ഷി ചിൻപിങ്ങുമായി ഉഭയകക്ഷിചർച്ച നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. റഷ്യയിലെ കസാനിൽ ബ്രിക്സ് ഉച്ചകോടിക്കിടെ ഒക്ടോബർ 23–ന് ബുധനാഴ്ചയായിരുന്നു 50 മിനിറ്റ് കൂടിക്കാഴ്ച.

പക്വതയും പരസ്പരബഹുമാനവും പ്രകടമാക്കിയാൽ ഇന്ത്യക്കും ചൈനയ്ക്കും സമാധാനവും സ്ഥിരതയുമുള്ള ബന്ധം പുലർത്താനാകുമെന്ന് ഇരുനേതാക്കളും സമ്മതിച്ചു. കിഴക്കൻ ലഡാക്ക് അതിർത്തിപ്രശ്നം പരിഹരിക്കാൻ ഇന്ത്യയും ചൈനയുമുണ്ടാക്കിയ ധാരണയെ രണ്ടുപേരും പിന്തുണച്ചു.

അതിർത്തിത്തർക്കം പരിഹരിക്കുന്നതിന് രണ്ടുരാജ്യങ്ങളുടെയും പ്രത്യേക പ്രതിനിധികൾ കഴിയുന്നത്ര നേരത്തെ യോഗം ചേരാൻ മോദിയും ഷിയും നിർദേശിച്ചു. അതിർത്തിയിൽ സമാധാനവും ശാന്തിയും തിരിച്ചുകൊണ്ടുവരുന്നത് ഉഭയകക്ഷിബന്ധം സാധാരണ നിലയിലാക്കുന്നതിലേക്ക് വഴിതുറക്കുമെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. 2019 ഒക്ടോബറിൽ തമിഴ്നാട്ടിലെ മഹാബലിപുരത്താണ് മോദിയും ഷിയും തമ്മിലുള്ള അവസാന ഔപചാരിക കൂടിക്കാഴ്ച നടന്നത്. 2020 ജൂണിൽ കിഴക്കൻ ലഡാക്കിലെ ഗാൽവനിലുണ്ടായ സൈനികസംഘർഷം ബന്ധം വഷളാക്കി.

അതിനുശേഷം 2022–ൽ ഇൻഡൊനീഷ്യയിലെ ബാലിയിൽ ജി–20 ഉച്ചകോടിക്കിടയിലും 2023–ൽ ദക്ഷിണാഫ്രിക്കയിലെ ജൊഹാനസ്ബർഗിലും ഇരുവരും തമ്മിൽ കണ്ടിരുന്നു.






# WHO QUALIFIES FOR CANCELLATION OF REMOVAL?

Cancellation of Removal, EOIR-42B, is a form of relief for those who have been residing in the United States illegally, given they meet certain requirements set out by section 240A(b) of the Immigration and Nationality Act (INA). It is the applicant's responsibility to prove to the United States that they meet all the statutory requirements for cancellation of removal and that they are entitled to such relief as a matter of discretion.

The three main requirements an applicant must comply with are (1) must have maintained continuous physical presence in the United States for ten (10) years or more; (2) must have been a person of good moral character during such a period; and (3) removal would result in extremely, unusual hardship to your United States citizen or lawful permanent resident spouse, child, or parent.

To prove an applicant meets these requirements, an abundance of evidence is needed. Such evidence can be in the form of court records, lease documents, employment records, tax documents, birth records, hospital records (if applicable), among other documents.

At trial, it is at the discretion of the Immigration Judge as to whether to grant an applicant Cancellation of Removal, therefore, it is imperative the applicant present before the Judge, as much relevant and valuable evidence as possible. It is through this evidence that the applicant can fulfill his/her burden of proving he/she meets all the requirements of Cancellation of Removal and are entitled to such a relief. Failing to adequately prepare for trial, whether through documentary evidence, or oral testimony can be detrimental to one's case.

There are cases where a person may have some history with the police or court in the past during his/her ten (10) years of residency in the United States. While it may be a problem to a person's moral character, all hope is not lost as there are arguments that can be made to overcome such issues. Hiring an experienced lawyer who has made such arguments is highly recommended.

Obtaining a positive grant of Cancellation of Removal will allow the applicant to obtain a green card, starting the clock to becoming a United States Citizen. This form of relief will shield the applicant from deportation orders while the case is pending. To learn more about EOIR-42B, Cancellation of Removal for Non-Lawful Permanent Residents, and/or to discuss your case, give our law office a call at 972-905-0948to schedule a consultation appointment with the Attorney.



Sovmya George, Esq.
Attorney/Founder
Law Office of Sovmya George, PLLC
T: 972.905.0948
www.lawofficesg.com

# സിഎംഎ കേരളപ്പിറവി ദിനാഘോഷം നവംബർ മൂന്നിന്; സാബു തോമസ് മുഖ്യാതിഥി

**ബിജു മുണ്ടക്കൽ**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നവംബർ മൂന്നിന് മൗണ്ട് പ്രോസ്പെക്റ്റിൽ ഉള്ള അസോസിയേഷൻ ഹാളിൽ കേരളപ്പിറവി ആഘോഷം നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. നവംബർ മൂന്നിന് വൈകിട്ട് 5-ന് നടക്കുന്ന പരിപാടിയിൽ ധനകാര്യ വിദഗ്ധൻ സാബു തോമസ് മുഖ്യാതിഥി ആയിരിക്കും. റിട്ടയർമെന്റ് ആസൂത്രണം, ധനകാര്യ മാനേജ്മെന്റ്, എസ്റ്റേറ്റ് പ്ലാനിംഗ് തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് അദ്ദേഹം ക്ലാസ് എടുക്കുകയും ചോദ്യങ്ങൾക്കുള്ള മറുപടി നൽകുകയും ചെയ്യും. നേരത്തെ ഒന്നായ തിരു-കൊച്ചി നാട്ടുരാജ്യങ്ങളും പിന്നീട് മലബാറും ചേർന്ന് 1956 നവംബർ ഒന്നിന് രൂപീകൃതമായ കേരളം അന്ന് മുതലാണ് കേരളപ്പിറവി ആഘോഷിച്ചു തുടങ്ങിയത്. ലോകത്തിന്റെ ഏതു കോണിൽ ചേക്കേറിയാലും തങ്ങളുടെ ഭാഷയും സംസ്കാരവും പൈതൃകവും മറക്കാത്ത മറ്റു മലയാളികളെപ്പോലെ നമ്മൾ അമേരിക്കൻ മലയാളികളും അതുകൊണ്ട് തന്നെയാണ് എല്ലാ ആഘോഷങ്ങളും നെഞ്ചിലേറ്റുന്നത്.

സംഘടനകളിൽനിന്ന് നാമെന്താണ് പ്രതീക്ഷിക്കുന്നത്. നിരവധി സംഘടനകൾ ഉള്ള ഈ രാജ്യത്ത് ഈ സംഘടനകളെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാട് എന്താണ് എന്ന വിഷയത്തെ അധികരിച്ചുള്ള ഒരു ചർച്ചയും കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് മലയാളി അസോസിയേഷൻ സംഘടിപ്പിക്കുന്നു. ഈ ആഘോഷത്തിലേക്ക് എല്ലാ ചിക്കാഗോ മലയാളി സുഹൃത്തുക്കളെയും സ്വാഗതം ചെയ്യുന്നതായി ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജെസ്സി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ ഫിലിപ്പ് ലൂക്കോസ്, സിബിൽ ഫിലിപ്പ്, മനോജ് അച്ചേട്ട്, വിവീഷ് ജേക്കബ് എന്നിവർ അറിയിച്ചു.



ജെസ്സി റിൻസി



ആൽവിൻ ഷിക്കോർ



മനോജ് അച്ചേട്ട്



സാബു തോമസ്

# ജോസ് കാടാപുറത്തിന്റെ മാതാവ് മറിയം അന്തരിച്ചു



പിറവം/ന്യൂയോർക്ക്: കൈരളി ടിവി യുഎസ്എ ഡയറക്ടർ ജോസ് കാടാപുറത്തിന്റെ മാതാവും പരേതനായ സ്റ്റീഫൻ കാടാപുറത്തിന്റെ പത്നിയുമായ മറിയം (90) അന്തരിച്ചു. മക്കൾ: ബേബി ആൻഡ് മോളി, രാജു ആൻഡ് മേഴ്സി, സ്റ്റീഫൻ ആൻഡ് മേഴ്സി, ഗ്രേസി ആൻഡ് ജോസഫ് ചാക്കോ, ജോസ് ആൻഡ് ജെസി. പിറവം മങ്ങാട്ട് കുടുംബാംഗമായ പരേതയ്ക്ക് 12 കൊച്ചുമക്കളും അവരുടെ 15 കുഞ്ഞുമക്കളുമുണ്ട്. സംസ്കാരം ഒക്ടോബർ 29-ന് ചൊവ്വാഴ്ച രാവിലെ 10 മണിക്ക് പിറവം ക്നാനായ കത്തോലിക്കാ പള്ളിയിൽ. വിവരങ്ങൾക്ക്: 914 954 9586.



# തൃശൂരിൽ 80 കോടിയുടെ സ്വർണം പിടിച്ചെടുത്തു

തൃശൂർ: കേരളത്തിന്റെ ജിഎസ്ടി ചരിത്രത്തിലെ ഏറ്റവും വലിയ ഇന്റലിജൻസ് ഓപ്പറേഷനിലൂടെ തൃശൂരിലെ സ്വർണാഭരണ നിർമാണ കേന്ദ്രങ്ങളിൽനിന്നും കടകളിൽനിന്നുമായി പിടിച്ചെടുത്തതു കണക്കിൽപ്പെടാത്ത 104 കിലോ സ്വർണം. ഇതിന് 80 കോടിയോളം വിലവരും. 77 ലക്ഷം രൂപയാണ് ഒരു കിലോ സ്വർണത്തിന്റെ ഏകദേശ വില. പിടിച്ചെടുത്ത സ്വർണത്തിന്റെ മൂല്യത്തിനനുസരിച്ചു നികുതിയും പിഴയും അടയ്ക്കുമ്പോൾ വ്യാപാരികൾക്കു സ്വർണം വിട്ടുനൽകും. ഇതിനു പുറമെ, മൂന്നു കോടിയോളം രൂപ നികുതിയും പിഴയുമായി ഈടാക്കിയിട്ടുണ്ട്.

റെയ്ഡ് വിവരം ചോരാതിരിക്കാൻ കേരളത്തിന്റെ വിവിധയിടങ്ങളിൽനിന്ന് ഉദ്യോഗസ്ഥരെ പരിശീലനത്തിനെന്ന പേരിലാണു വിളിച്ചുകൂട്ടിയത്. മൂന്നു ശതമാനം ജിഎസ്ടി നികുതി വെട്ടിപ്പു വ്യാപകമായി നടന്നെന്നും സ്വർണം വാങ്ങിയതിലും വില്പനയിലുമാണു ക്രമക്കേടെന്നും സംസ്ഥാന ജിഎസ്ടി ഇന്റലിജൻസ് ഡെപ്യൂട്ടി കമ്മീഷണർ ദിനേഷ്കുമാർ പറഞ്ഞു. പിടിച്ചെടുത്ത സ്വർണം ട്രഷറി ലോക്കറിലേക്കു മാറ്റി.

തൃശൂർ ജില്ലയിലെ 38 സ്വർണാഭരണ മൊത്തവ്യാപാരകേന്ദ്രങ്ങളിലും നിർമാണശാലകളിലും വസതികളിലും ചില ഷോറൂമുകളിലുമായിരുന്നു റെയ്ഡ്. എഴുന്നൂറോളം ഉദ്യോഗസ്ഥർ രണ്ടുദിവസമായി നടന്ന റെയ്ഡിൽ പങ്കെടുത്തു.

വ്യാപകമായ നികുതിവെട്ടിപ്പു നടക്കുന്നെന്ന വിവരത്തെത്തുടർന്നാണ് നടപടി. അഞ്ചുവർഷത്തെ രേഖകൾ പിടിച്ചെടുത്തെന്നും വിശദമായി പരിശോധിച്ചശേഷം തുടർനടപടികൾ സ്വീകരിക്കുമെന്നും ഡെപ്യൂട്ടി കമ്മീഷണർ അറിയിച്ചു. ഒക്ടോബർ 23-ന് ബുധനാഴ്ച വൈകുന്നേരം 4.30-ന് ആരംഭിച്ച റെയ്ഡ് 24-ന് ഉച്ചയോടെ അവസാനിച്ചു.



കേരളത്തിൽ വൻതോതിൽ സ്വർണക്കച്ചവടം നടക്കുന്ന തൃശൂർ ജില്ലയിൽ ജിഎസ്ടി ഇന്റലിജൻസ് റെയ്ഡ് നടത്തിയതു കൃത്യമായ ഒരുക്കങ്ങൾക്കൊടുവിൽ. വിവരം ചോരാതിരിക്കാൻ ജിഎസ്ടി വകുപ്പിന്റെ ഉന്നത ഉദ്യോഗസ്ഥർക്കു മാത്രമായിരുന്നു ഓപ്പറേഷനെക്കുറിച്ചുള്ള അറിവ്. എല്ലാ ജില്ലകളിലെയും മുഴുവൻ ഇന്റലിജൻസ് യൂണിറ്റുകൾ, എറണാകുളം, തൃശൂർ, പാലക്കാട്, ജില്ലകളിലെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലെ ജിഎസ്ടി ഓഡിറ്റ് ഓഫീസർമാർ എന്നിവരെ പരിശീലനത്തിന്റെ പേരിൽ എറണാകുളത്തും തൃശൂരിലും എത്തിച്ചു.

അഞ്ചു ടൂറിസ്റ്റ് ബസുകളും ഏഴു വാനുകളും ഇതിനുപയോഗിച്ചു. വാഹനങ്ങളിൽ വിനോദസഞ്ചാരസംഘമെന്ന ബാനർ കെട്ടിയാണു വ്യാപാരകേന്ദ്രങ്ങളിലേക്ക് ഉദ്യോഗസ്ഥരെ എത്തിച്ചത്. അയൽക്കൂട്ടസംഘങ്ങളുടെ ഉല്ലാസയാത്രയെന്ന പേരിൽ ഉദ്യോഗസ്ഥരെ വിന്യസിച്ചശേഷം ആരംഭിച്ച റെയ്ഡിൽ 75 ഇടങ്ങളിൽ ഒരേസമയം ഉദ്യോഗസ്ഥർ കയറി. ശരാശരി 10 ഉദ്യോഗസ്ഥർ ഓരോ സ്ഥാപനത്തിലുമെത്തി.

സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്ത സ്വർണമാണു പിടിച്ചെടുത്തത്. നിർമാണത്തിലിരുന്നതും ജോലികൾ പൂർത്തിയാക്കിയതുമായ ആഭരണങ്ങളും ഇതിലുൾപ്പെടും. അനധികൃത വ്യാപാരങ്ങൾ സൂചിപ്പിക്കുന്ന രേഖകൾ കണ്ടെത്തിയെന്നും കള്ളക്കടത്തു സ്വർണമുണ്ടോയെന്നു പരിശോധിക്കുമെന്നും വകുപ്പ് അറിയിച്ചു.

ഓപ്പറേഷൻ ടോറേ ഡെൽ ഓറോ എന്നു പേരിട്ടായിരുന്നു വിപുലമായ റെയ്ഡ്. സ്ത്രീകളടക്കം എഴുനൂറോളം ഉദ്യോഗസ്ഥർ പങ്കെടുത്തു. സ്പാനിഷ് ചരിത്രസ്മാരകമാണ് ടൊറേ ഡെൽ ഓറോ. മലയാളത്തിൽ സ്വർണ ഗോപുരം എന്നാണു വാക്കിന്റെ അർത്ഥം. സാധാരണക്കാരെപ്പോലെ കടയിലെത്തിയ സംഘം ചുറ്റുപാടുകൾ നിരീക്ഷിച്ചശേഷമാണ് റെയ്ഡ് ആരംഭിച്ചത്. വൻ സുരക്ഷാസന്നാഹവും ഇവർക്കൊപ്പമുണ്ടായിരുന്നു. ആറുമാസത്തെ നിരീക്ഷണവും ആസൂത്രണവും നടപടിക്കു പിന്നിലുണ്ടായി.

## പ്രണബ് ജ്യോതിനാഥ് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ



തിരുവനന്തപുരം: കേരളത്തിൽ പുതിയ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറെ നിയമിച്ചു. പ്രണബ് ജ്യോതിനാഥാണ് പുതിയ ചീഫ് ഇലക്ടറൽ ഓഫീസർ. നിലവിൽ കായിക, യുവജനകാര്യ സെക്രട്ടറിയായി പ്രവർത്തിക്കുന്നതിനിടയിലാണ് പുതിയ നിയമനം. മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറില്ലാതെ കേരളത്തിലെ മൂന്നു മണ്ഡലങ്ങളിൽ ഉപതെരഞ്ഞെടുപ്പ് നടക്കുന്നത് സംബന്ധിച്ച് വലിയ വിമർശനങ്ങൾ ഉയർന്നതിനു പിന്നാലെയാണ് തീരുമാനം.

# ഉത്സവങ്ങൾക്ക് ആനയെ എഴുന്നള്ളിക്കുന്നത് അഹങ്കാരം: ഹൈക്കോടതി

കൊച്ചി: കരയിലെ ഏറ്റവും വലിയ ജീവിയായ ആനയെ ഉത്സവങ്ങൾക്ക് എഴുന്നള്ളിക്കുന്നത് മനുഷ്യന്റെ അഹന്തയാണെന്ന് ഹൈക്കോടതി. കടലിൽ ജീവിക്കുന്ന തിമിംഗലത്തെ എഴുന്നള്ളിക്കാൻ കഴിയുമായിരുന്നെങ്കിൽ അതിനെയും മനുഷ്യൻ പിടിച്ചുകൊണ്ടുവരുമായിരുന്നു എന്നും ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാരും ജസ്റ്റിസ് പി. ഗോപിനാഥും അടങ്ങിയ ഡിവിഷൻ ബെഞ്ച് അഭിപ്രായപ്പെട്ടു. ആനകളെ എഴുന്നള്ളിക്കുന്ന കാര്യത്തിൽ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുമെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

മൃഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട ഹർജി പരിഗണിക്കുകയായിരുന്നു കോടതി. കാലുകൾ ചേർത്തുകെട്ടി അനങ്ങാൻകഴിയാതെ നിൽക്കുന്ന ആനകളുടെ അവസ്ഥയൊന്ന് ആലോചിച്ചുനോക്കൂ. മനുഷ്യനാണെങ്കിൽ അഞ്ചുമിനിറ്റ് നിൽക്കാൻ കഴിയുമോ. ഇതൊന്നും ആചാരമല്ല.

മൂകാംബിക ശക്തിപീഠമാണ്. അവിടെയൊന്നും ആനയില്ല, രഥമേയുള്ളൂ. അമ്പലക്കമ്മിറ്റികളുടെ വാശിയാണ് ആന എഴുന്നള്ളിപ്പിനുപിന്നിൽ. ചുട്ടുപൊള്ളുന്ന കാലാവസ്ഥയിലാണ് ആനയെ എഴുന്നള്ളിക്കുന്നത്. അതിനാൽ ഇക്കാര്യത്തിൽ പുതിയ ചട്ടങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കും.

ആനയെ എഴുന്നള്ളിക്കുന്ന കാര്യത്തിൽ സമയനിയന്ത്രണം വേണം. എഴുന്നള്ളത്തിനുള്ള ആനകളുടെ എണ്ണം കുറയ്ക്കണം. എഴുന്നള്ളത്തിനായി ലക്ഷങ്ങൾ ചെലവഴിക്കുന്നവർ അതിനുള്ള സൗകര്യങ്ങൾ അത്തരത്തിൽ ഒരുക്കണമെന്നും കോടതി പറഞ്ഞു.

നവംബർ നാലിന് വിഷയം വീണ്ടും പരിഗണിക്കും. അതിനു മുൻപ് ബന്ധപ്പെട്ടവർ നിർദേശങ്ങൾ സമർപ്പിക്കണം.

# ജസ്റ്റിസ് സഞ്ജീവ് ഖന്ന സുപ്രീംകോടതി ചീഫ് ജസ്റ്റിസ്



ന്യൂഡൽഹി: സുപ്രീം കോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്നയെ നിയമിച്ച് രാഷ്ട്രപതി ഉത്തരവിറക്കി. നവംബർ 11-നു ചുമതലയേൽക്കും. നിലവിലെ ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് നവംബർ 10-നു വിരമിക്കും.

സീനിയോറിറ്റിപ്രകാരം ജസ്റ്റിസ് ഖന്നയ്ക്കുവേണ്ടിയുള്ള ചീഫ് ജസ്റ്റിസ് ചന്ദ്രചൂഡിന്റെ ശിപാർശ കേന്ദ്രസർക്കാർ അംഗീകരിക്കുകയായിരുന്നു. ഡൽഹി സ്വദേശിയായ ജസ്റ്റിസ് ഖന്ന, 1983-ൽ ഡൽഹി തീസ് ഹസാരി കോടതിയിൽ അഭിഭാഷകനായാണ് പ്രാക്ടീസ് തുടങ്ങിയത്.

പിന്നീട് ഡൽഹി ഹൈക്കോടതിയിലേക്കും ട്രൈബ്യൂണലുകളിലേക്കും ചുവടുമാറി. ആദായനികുതി വകുപ്പിന്റെയും ഡൽഹി സർക്കാരിന്റെയും സ്റ്റാൻഡിങ് കൗൺസലായിരുന്നു.


2005-ൽ ഡൽഹി ഹൈക്കോടതിയിൽ അഡീഷണൽ ജഡ്ജിയും പിറ്റേവർഷം സ്ഥിരം ജഡ്ജിയുമായി. 2019-ൽ ആണു സുപ്രീംകോടതി ജഡ്ജിയായത്. അടുത്ത വർഷം മേയ് 13 വരെ സേവന കാലാവധിയുണ്ട്.







# പാസ്റ്റർ കെ. വി. ഏബ്രഹാം – അന്നമ്മ ദമ്പതികളുടെ ജീവചരിത്രഗ്രന്ഥം ഇംഗ്ലീഷിൽ പ്രകാശനം ചെയ്യുന്നു

**കുര്യൻ ഫിലിപ്പ്**




ചിക്കാഗോ: അരനൂറ്റാണ്ടിലധികം ഉത്തരേന്ത്യയിലെ പ്രേഷിത പ്രവർത്തനങ്ങൾക്ക് കുടുംബമായി നേതൃത്വം നല്കിയശേഷം ഇപ്പോൾ ചിക്കാഗോയിൽ വിശ്രമജീവിതം നയിക്കുന്ന പാസ്റ്റർ കെ.വി. ഏബ്രഹാമിന്റെയും സഹധർമ്മിണി പരേതയായ അന്നമ്മ ഏബ്രഹാമിന്റെയും ഇംഗ്ലീഷിലുള്ള ജീവചരിത്രഗ്രന്ഥം അടുത്ത മാസം പ്രസിദ്ധീകരണത്തിന് ഒരുങ്ങുന്നു. അദ്ദേഹത്തിന്റെ കൊച്ചുമകൻ ഡോ. വിൽസൺ ഏബ്രഹാമാണ് പുസ്തകരചന നിർവഹിച്ചിരിക്കുന്നത്. 'A Light on the Hill' എന്ന് നാമകരണം ചെയ്തിരിക്കുന്ന പുസ്തകം നവംബർ മാസം നവാപൂരിൽ നടക്കുന്ന



കൺവൻഷനിൽ വെച്ച് പ്രകാശനം ചെയ്യുവാൻ തയ്യാറായതായി ഡോ. വിൽസൺ ഏബ്രഹാം കേരള എക്സ്പ്രസ് ഓഫീസിൽ നടത്തിയ പ്രസ് മീറ്റിൽ അറിയിച്ചു.

അദ്ദേഹത്തോടൊപ്പം പാസ്റ്റർ കെ.വി. ഏബ്രഹാം, ഡോ. വില്ലി ഏബ്രഹാം, മോളി ഏബ്രഹാം, ഡോ. ഗ്രേറ്റ ഏബ്രഹാം എന്നിവരും പ്രസ് മീറ്റിൽ പങ്കെടുത്തു. കേരള എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ അദ്ധ്യക്ഷൻ ആയിരുന്നു. മാധ്യമപ്രവർത്ത



കൻ കുര്യൻ ഫിലിപ്പ് സ്വാഗതവും ഡോ. ടൈറ്റസ് ഈപ്പൻ നന്ദിയും രേഖപ്പെടുത്തി.

തന്റെ വല്യപ്പച്ചൻ പാസ്റ്റർ കെ.വി. ഏബ്രഹാമിന്റെ മിഷനറി ചരിത്രം മറ്റൊരു കണ്ണിലൂടെ നോക്കിക്കാണുകയാണ് ഡോ. വിൽസൺ ഏബ്രഹാം ഈ ഗ്രന്ഥരചനയിലൂടെ നടത്തിയിരിക്കുന്നത്. ഇന്ത്യ ദൈവസഭയുടെ സ്ഥാപകരിൽ ഒരാളും ഐപിസിയുടെ ആദ്യത്തെ ജനറൽ കൗൺസിലിൽ അംഗവുമായിരുന്ന പാസ്റ്റർ പി. ടി. വർഗീസിന്റെ (ചേത്തക്കൽ കീവർച്ചൻ) മകനാണ് പാസ്റ്റർ കെ. വി. ഏബ്രഹാം. കേരളത്തിൽ ശക്തമായ സുവിശേഷ പ്രവർത്തനം നടത്തി നൂറുകണക്കിന് ആൾക്കാരെ സ്നാനപ്പെടുത്തി ദൈവഭാഗത്തേക്ക് തിരിച്ചുകൊണ്ടിരുന്ന പാസ്റ്റർ കെ.വി. ഏബ്രഹാം പെട്ടെന്ന് ദൈവവിളി കേട്ട് 1965-ൽ രാജസ്ഥാനിലേക്ക് യാത്രതിരിച്ചു. സഹധർമ്മിണി അന്നമ്മ ഏബ്രഹാമും പിന്നീട് ശുശ്രൂഷയോടുള്ള ബന്ധത്തിൽ രാജസ്ഥാനിൽ എത്തിച്ചേർന്നതോടെ കുടുംബമായി അവിടെ താമസിച്ച് ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

2015-ൽ അന്നമ്മ ഏബ്രഹാം നിത്യതയിലേക്ക് പ്രവേശിച്ചു. 2021-ൽ ഇളയ മകനായ ഡോ. വില്ലി ഏബ്രഹാമിനോടും കുടുംബത്തോടും ഒപ്പം താമസിച്ച് വിശ്രമജീവിതം നയിക്കുന്നതിനു വേണ്ടി ചിക്കാഗോയിലേക്ക് താമസിക്കുന്നതിനായി എത്തിച്ചേരുന്ന വരെയും അമ്പത്തഞ്ചിൽപരം വർഷങ്ങൾ രാജസ്ഥാനിൽ മാത്രമല്ല ഉത്തരേന്ത്യയിലെ പല സംസ്ഥാനങ്ങളിലും സുവിശേഷത്തിനു സാക്ഷിയാകുവാൻ പാസ്റ്റർ കെ. വി. ഏബ്രഹാമിനും കുടുംബത്തിനും ഇടയായി. പ്രതികൂലങ്ങളോട് പടവെട്ടി അനേക സഭകൾ സ്ഥാപിക്കുവാനും അനേകരെ സ്നാനപ്പെടുത്തുവാനും പാസ്റ്റർ കെ.വി. ഏബ്രഹാമിനു സാധിച്ചു. ആ ചരിത്രങ്ങളുടെ വെളിപ്പെടുത്തലുകളാണ് കൊച്ചുമകൻ ഡോ. വിൽസൺ ഏബ്രഹാം ഈ ഗ്രന്ഥരചനയിലൂടെ നിർവഹിച്ചിരിക്കുന്നത്. തന്റെ വല്യപ്പച്ചന്റെ പ്രവർത്തനങ്ങളെക്കുറിച്ച് താൻ കേട്ടറിഞ്ഞതും കണ്ടറിഞ്ഞതുമായ സംഭവങ്ങളെ പുത്തൻ തലമുറയ്ക്ക് അനുഭവവേദ്യമാക്കുവാൻ ഇംഗ്ലീഷിലാണ് രചന നിർവഹിച്ചിരിക്കുന്നത്. പാസ്റ്റർ കെ.വി. ഏബ്രഹാം ചെറുപ്പം മുതൽ എഴുതിയിരുന്ന അനേകം ഡയറികളും അദ്ദേഹം ഈ ഗ്രന്ഥരചനയോടുള്ള ബന്ധത്തിൽ പരിശോധിച്ചിട്ടുണ്ട്. പല തവണകളായി അഭിമുഖ സംഭാഷണങ്ങളും നടത്തിയിരുന്നു. പാസ്റ്റർ കെ.വി. ഏബ്രഹാമിനെക്കുറിച്ചുള്ള രണ്ട് പുസ്തകങ്ങൾ ഇതിനോടകം മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ഇംഗ്ലീഷിലുള്ള ഈ പുസ്തകം വായനക്കാർക്ക് നവ്യാനുഭവമാണ് നല്കുക.

ഡോ. വിൽസൺ ഏബ്രഹാം 2001-ൽ തന്റെ പതിനഞ്ചാമത്തെ വയസ്സിലാണ് മാതാപിതാക്കളായ ഡോ. വില്ലി ഏബ്രഹാം, മോളി ഏബ്രഹാം, സഹോദരി വിൽസി എന്നിവരോടൊപ്പം അമേരിക്കയിൽ എത്തിച്ചേരുന്നത്. ബി.എസ്.എൻ ബിരുദമുള്ള ഒരു രജിസ്റ്റേർഡ് നേഴ്സ് കൂടിയായ അദ്ദേഹം അമേരിക്കയിലെ അസോസിയേഷൻ ഓഫ് പ്രൊഫഷണൽ ചാപ്ലെൻസ് വിഭാഗത്തിലെ ഒരു ബോർഡ് സർട്ടിഫൈഡ് ചാപ്ലെൻ ആണ്. ചിക്കാഗോയി



ലുള്ള ട്രിനിറ്റി ബൈബിൾ സെമിനാരിയിൽ നിന്ന് എംടിയും എം എയും ഡോക്ടറേറ്റും നേടി തിയോളജിയിലും അദ്ദേഹം തന്റെ പഠനം വിപുലീകരിച്ചു. നിലവിൽ ചിക്കാഗോ ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ പ്രസിഡണ്ടാണ്. ഫിലാഡൽഫിയ ബൈബിൾ കോളജിലെ അദ്ധ്യാപകനും കൂടിയായ അദ്ദേഹം ചിക്കാഗോ ഗുഡ് ഷെപ്പേർഡ് ഫെല്ലോഷിപ്പ് ചർച്ചിന്റെ പാസ്റ്ററായും സേവനം അനുഷ്ഠിക്കുന്നു. ഭാര്യ ഡോ. ഗ്രേറ്റ ഏബ്രഹാം നേഴ്സ് പ്രാക്ടീഷണറിൽ ഡോക്ടറേറ്റ് നേടി ചിക്കാഗോയിൽ ജോലി ചെയ്യുന്നു. എലൈജ, പോൾ എന്നിവരാണ് മക്കൾ.

സുവിശേഷ പ്രവർത്തനത്തിൽ നാല് തലമുറകളുടെ തുടർച്ചയായ പാരമ്പര്യം വളരെ അപൂർവമാണ്. പാസ്റ്റർ പി.ടി. ഏബ്രഹാം തുടങ്ങിവെച്ച സുവിശേഷ പ്രവർത്തനം അദ്ദേഹത്തിന്റെ മകൻ പാസ്റ്റർ കെ.വി. ഏബ്രഹാമും അദ്ദേഹത്തിന്റെ മകൻ ഡോ. വില്ലി ഏബ്രഹാമും അദ്ദേഹത്തിന്റെ മകൻ ഡോ. വിൽസൺ ഏബ്രഹാമും തുടർച്ചയായി നിർവഹിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് വളരെ പ്രശംസാർഹമാണ്.

നവംബർ മാസം നവാപൂരിൽ നടക്കുന്ന കൺവൻഷനിൽ വെച്ചാണ് പുസ്തകം ഔദ്യോഗികമായി പ്രകാശനം ചെയ്യുന്നത്. ഡിസംബറിൽ ചിക്കാഗോയിൽ വെച്ച് പുസ്തകത്തിന്റെ പരിചയപ്പെടുത്തലും ഉണ്ടായിരിക്കുന്നതാണ്.



# ഇന്ധന വഹ്നിന്യായം

**പാസ്റ്റർ ജോൺസൺ സഖറിയ**

**വി**റകിട്ടുകൊടുത്ത് അഗ്നിയെ തൃപ്തിപ്പെടുത്തുവാൻ ആർക്കും കഴിയുകയില്ല എന്നാണ് ശീർഷകത്തിലെ ചിന്ത. എത്ര കൊടുത്താലും തൃപ്തിയാകുകയില്ല എന്ന് നാം ചിലരെ ചൂണ്ടി പറയാറുണ്ടല്ലോ. ജ്ഞാനപുംഗവനായിരുന്ന സോളമന്റെ കൃതികളിൽ വായിച്ചിട്ടില്ലേ “ഒരിക്കലും തൃപ്തി വരാത്തത് മൂന്നെണ്ണം ആണ്” (സദൃശ: 30:15–16). 1. പാതാളം. 2. വന്ധ്യയുടെ ഗർഭപാത്രം. 3. വെള്ളം കുടിച്ചു തൃപ്തിവരാത്ത ഭൂമി. തീ ഒരിക്കലും മതിയെന്നു പറയാറുമില്ല. ടൺ കണക്കിന് വിറകുകൾ ഇട്ടുകൊടുത്തിട്ടും മതിവരാത്ത തീകുണ്ഡത്തിനും അളവറ്റ ജലം കുടിച്ചിട്ടും തൃപ്തിവരാത്ത ഭൂമിക്കും തുല്യമായി ജീവിക്കുന്ന അനവധി മനുഷ്യരാണ് ഈ ലോകത്തിന്റെ സമാധാനം കെടുത്തുന്നത്.

അഴിമതിയും അന്യായവും അക്രമവും അനാശാസ്യക്രീയകളും പെരുകുന്നതിനുള്ള പ്രധാന കാരണം ഇന്ധന വഹ്നിന്യായം തന്നെ. എത്ര കിട്ടിയാലും മതിയാവുകയില്ല. ആയിരങ്ങൾ മിച്ചം വന്നപ്പോൾ അതിനെ പതിനായിരം ആക്കുവാനുള്ള തത്രപ്പാട്. ലക്ഷങ്ങൾ കുമിഞ്ഞുകൂടിയപ്പോൾ എങ്ങനെയെങ്കിലും കോടികൾ സമ്പാദിക്കണമെന്നുള്ള ആർത്തി അനേകരെയും “ഹവാലയിൽ” കൊണ്ടെത്തിച്ചു. സ്വർണ്ണാഭരണങ്ങൾ പോരാ സ്വർണ്ണകട്ടികൾ തന്നെ വേണമെന്ന നിർബന്ധം അനേകരെയും ഇരുമ്പഴികൾക്കുള്ളിൽ എത്തിച്ചു. ഭാര്യ സ്വഭവനത്തിൽ വാതിൽ തുറന്നിട്ടിട്ടും അവരെ മറികടന്നു അടഞ്ഞുകിടക്കുന്ന വാതിലുകളിൽ അർദ്ധരാത്രിയിൽ മുട്ടുന്നത് വന്ധ്യയുടെ ഗർഭപാത്രത്തിന്റെ ആർത്തിയെന്നല്ലാതെ എന്ത് പറയാൻ കഴിയും?

ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക എന്ന സത്യവചനത്തെ ചെവിക്കൊണ്ടിരുന്നെങ്കിൽ സമാധാനപരമായി ജീവിക്കാമായിരുന്നുവല്ലോ. പകരം തെരുവിൽ നിന്നുകൊണ്ട് ചായക്കടകളിലെ ചില്ലലമാരയിലെ പലഹാരങ്ങൾ നോക്കി നിന്ന് വിശപ്പടക്കിയവരിൽ പലരും എങ്ങനെയൊക്കെയോ എവിടെയൊക്കെയോ എത്തിപ്പിടിച്ചു അഗ്രാസനാധിപതികളായി മാറിക്കഴിഞ്ഞപ്പോൾ മാന്യതകളുടെയും മര്യാദകളുടെയും സീമ



ലേഖകൻ

കൾ സർവ്വവും തകർത്തുകൊണ്ട് എന്തുമാകാം എന്ന് ചിന്തിച്ചതിനാൽ ഇന്നനുഭവിക്കുന്ന മനോവ്യഥകളുടെ ആഴം അളവറ്റതല്ലേ? ചെളിയിൽ ചവിട്ടിയിട്ടു കഴുകുന്നതിനേക്കാൾ നല്ലതു ചെളി പറ്റാതെ നാം നമ്മെ സൂക്ഷിക്കണമെന്ന ജ്ഞാന ചിന്തകൾ അനുസരിക്കുന്നതാണ് ഏറെ ഉത്തമം.

ആഗ്രഹങ്ങൾക്കു കടിഞ്ഞാണിട്ടില്ലെങ്കിൽ അവ നമ്മെ ആസക്തരാക്കും. അവിടെയും നിയന്ത്രണങ്ങൾ ഉണ്ടാകുന്നില്ലെങ്കിൽ അപഹരണമാർഗ്ഗങ്ങൾ മെനയും. തുടരുകയാണെങ്കിൽ ചെറുതായി തോന്നിയ ഒരാഗ്രഹം നമ്മെ അക്രമാസക്തരാക്കും. അപ്പോഴാണ് പിടിക്കപ്പെടുന്നത്. പാപചിന്തകൾ എപ്പോഴും നമ്മെ ആസക്തരാക്കിക്കൊണ്ടിരിക്കുമല്ലോ. അതുകൊണ്ടത്രേ സെന്റ് പോൾ ഓർമിപ്പിച്ചത് പാപത്തോട് പോരാടുന്നതിൽ ജീവൻ പോകേണ്ടി വന്നാലും പോരാട്ടം നിർത്തരുതേയെന്ന്. മദ്യാസക്തി, കാമാസക്തി, ദ്രവ്യാസക്തി ഇവകളെല്ലാം മനുഷ്യനിൽ എപ്പോഴും മോഹങ്ങളെ ജനിപ്പിച്ചുകൊണ്ടിരിക്കും. അവകൾ മനസ്സിലെ അശ്വമേധ മൃഗങ്ങളാണ്. ഈ മൃഗങ്ങളെ പിടിച്ചുകെട്ടിയില്ലെങ്കിൽ അവകൾ നമ്മെ പരസ്യകോലമാക്കും.

ദൈവം നമുക്ക് നൽകിയ ഈ ആയുസ് എന്തിന് നാം നമ്മെത്തന്നെ തീകുണ്ഡങ്ങളിലെ വിറകുകൊള്ളികളാക്കുന്നു? ജീവിക്കരുതോ മര്യാദയ്ക്ക്? ഉള്ളതുകൊണ്ട് തൃപ്തിപ്പെടൂ. ആരേയും ആരുടേതിനെയും ഒന്നും അപഹരിക്കേണ്ടന്നെ. പാർക്കുന്ന വീടിന്റെ വലിപ്പം വ്യത്യസ്തമാണെങ്കിലും അവസാനം കിടത്തുന്ന കുഴിയുടെ വലിപ്പം ഒന്നല്ലേ! എത്ര വാരിക്കൂട്ടിയാലും അവസാനം ഒരു മാമ്പലക പെട്ടിപോലും കിട്ടിയെന്ന് വരികയില്ലെന്ന് “കോവിഡ്” നമ്മെ പഠിപ്പിച്ചില്ലേ? ആകയാൽ തീപ്പൊയ്കയിലെ വിറകുകൊള്ളികളാകതെ നിത്യജീവനെ കരസ്ഥമാക്കൂ. പാപങ്ങളെ വെറുക്കൂ, ദൈവത്തെ അനുസരിക്കൂ. വിഷപാമ്പുകളെപ്പോലെ തിരിഞ്ഞുകൊത്തുന്ന മദ്യാസക്തിയും നിലയില്ലാക്കയത്തിലെന്നപോലെ മുക്കിക്കളയുന്ന കാമാസക്തിയും സകലവിധ ദോഷങ്ങൾക്കും കാരണമായ ദ്രവ്യാസക്തിയും വിട്ടൊഴിഞ്ഞു സമാധാനമായി ജീവിക്കൂ. അതല്ലേ നല്ലത്.

## ഇല്ലിനോയി മലയാളി അസോസിയേഷൻ തെരഞ്ഞെടുപ്പ് വിജ്ഞാപനം

ചിക്കാഗോ: ചിക്കാഗോയിലെ പ്രമുഖ മലയാളി സംഘടനയായ ഇല്ലിനോയി മലയാളി അസോസിയേഷൻ അതിന്റെ 2025–26–ലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുവാനുള്ള പ്രാഥമിക നടപടിക്രമങ്ങൾ ആരംഭിച്ചു. മുൻപ്രസിഡണ്ടുമാരായ സാം ജോർജ്, ജോർജ് പണിക്കർ, സിബു മാത്യു കുളങ്ങര എന്നിവരെ തെരഞ്ഞെടുപ്പ് കമ്മീഷണർമാരായി ചുമതല നല്കി.



സാം ജോർജ്



ജോർജ് പണിക്കർ



സിബു മാത്യു കുളങ്ങര

ഭാരവാഹികളായി മത്സരിക്കാൻ താല്പര്യമുള്ളവർ തങ്ങളുടെ നാമനിർദേശപത്രിക ഒക്ടോബർ 30–ാം തീയതിക്കു മുമ്പായി സമർപ്പിച്ചിരിക്കണം. പിൻവലിക്കാനുള്ള തീയതി നവംബർ 11 ആണ്. സൂക്ഷ്മ പരിശോധനകൾ നവംബർ 9–ാം തീയതി വരെയാണ്.

കുടിശികയുള്ള സ്ഥാനാർത്ഥികൾ തങ്ങളുടെ കുടിശിക നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനു മുമ്പായി കൊടുത്തുതീർക്കേണ്ടതാണ്. നവംബർ 22–ന് ചേരുന്ന വാർഷിക പൊതുയോഗത്തിൽ വെച്ചാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. മത്സരാർത്ഥികൾ തങ്ങളുടെ നാമനിർദേശ പത്രികകൾ തപാലിലോ, ഇ-മെയിൽ മുഖേനയോ മുഖ്യതെരഞ്ഞെടുപ്പ് ചുമതലയുള്ള സിബു മാത്യുവിന് നല്കിയിരിക്കണം. e-mail: sibumk@hotmail.com എന്നതാണ്. നാമനിർദേശ പത്രികകളും മറ്റ് അനുബന്ധ വിവരങ്ങളും ഐ.എം.എ വാട്സാപ് ഗ്രൂപ്പിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും മറ്റ് നിർദേശങ്ങൾക്കും താഴെക്കാണുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. സിബു മാത്യു കുളങ്ങര 224 425 3625.

## മോൺ. ജോർജ് കൂവക്കാട്ടിന് ജന്മനാട്ടിൽ സ്വീകരണം നൽകി

ചങ്ങനാശേരി: കർദിനാളായി നിയമിതനായ ശേഷം ആദ്യമായി നാട്ടിലെത്തിയ മോൺ. ജോർജ് കൂവക്കാട്ടിന് ചങ്ങനാശേരി അതിരൂപതയിൽ പ്രൗഢമായ സ്വീകരണം.

ഒക്ടോബർ 24–ന് വൈകുന്നേരം നാലിന് മെത്രാപ്പോലീത്തൻ പള്ളിയുടെ പ്രധാന കവാടത്തിൽ എത്തിച്ചേർന്ന നിയുക്ത കർദിനാളിനെ ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം, വത്തിക്കാൻ മുൻ നുൺഷ്യോ ആർച്ച്ബിഷപ് മാർ ജോർജ് കോച്ചേരി, അതിരൂപത വികാരി ജനറാൾമാരായ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ, മോൺ. വർഗീസ് താനമാവുങ്കൽ എന്നിവർ ചേർന്ന് ബൊക്കെ നൽകി സ്വീകരിച്ചു.

വാദ്യമേളങ്ങളുടെ അകമ്പടിയോടെ മെത്രാപ്പോലീത്തൻ പള്ളിയുടെ പ്രധാന കവാടത്തിലെത്തിയ നിയുക്ത കർദിനാൾ മോൺ. ജോർജ് കൂവക്കാട്ടിനെ മെത്രാപ്പോലീത്തൻ പള്ളി വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ കത്തിച്ച മെഴുകുതിരി നൽകി സ്വീകരിച്ചു. ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം സ്വാഗതം ആശംസിച്ചു. മോൺ. ജോർജ് കൂവക്കാട്ടിനു ലഭിച്ച ഉന്നതപദവി ചങ്ങാനാശേരി അതിരൂപതയ്ക്കും സീറോമലബാർ സഭക്കും ഭാരത സഭയ്ക്കും അഭിമാനമാണെന്ന് മാർ പെരുന്തോട്ടം അഭിപ്രായപ്പെട്ടു.

മർത്തമറിയം കബറിട പള്ളിയിലെ അഭിവന്ദ്യ പിതാക്കന്മാരുടെ കബറിടത്തിൽ നിയുക്ത കർദിനാൾ പുഷ്പാർച്ചന നടത്തി. മാർ ജോസഫ് പവ്വത്തിലിന്റെ കബറിടത്തിനുമുമ്പിൽ അദ്ദേഹം മുട്ടുകുത്തി പ്രാർത്ഥിച്ചു. മന്ത്രി റോഷി അഗസ്റ്റിൻ ചങ്ങനാശേരി ആർച്ച് ബിഷപ്സ് ഹൗസിലെത്തി നിയുക്ത കർദിനാളിന് സംസ്ഥാന സർക്കാരിന്റെയും മുഖ്യമന്ത്രിയുടെയും അഭിനന്ദനം അറിയിച്ചു.



നിയുക്ത കർദിനാൾ മോൺ. ജോർജ് കൂവക്കാട്ടിനെ ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിലെ അൾത്താരയിലേക്ക് ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടത്തിന്റെ നേതൃത്വത്തിൽ സ്വീകരിച്ചാനയിക്കുന്നു. ഇടവക വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ സമീപം.

## ഇടുക്കി ഏലമല പ്രദേശങ്ങളിൽ പുതിയ പട്ടയങ്ങൾക്കു വിലക്ക്

ന്യൂഡൽഹി: ഇടുക്കി ജില്ലയിലെ ഏലമല പ്രദേശങ്ങളിൽ (സിഎച്ച്ആർ) പുതിയ പട്ടയം അനുവദിക്കുന്നതു വിലക്കി സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവ്. പീരുമേട്, ഉടുമ്പൻചോല, ദേവികുളം താലൂക്കുകളിലെ ഏലമലക്കാടുകളിൽ പട്ടയം അനുവദിക്കുന്നതു വിലക്കിയാണ് ജസ്റ്റിസ് ബി.ആർ. ഗവായ് അധ്യക്ഷനായ വനം–പരിസ്ഥിതി ബെഞ്ച് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചത്. ഏലമല പ്രദേശങ്ങൾ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കരുതെന്നും സംസ്ഥാന സർക്കാരിനോട് കോടതി ഉത്തരവിട്ടു. നിലവിൽ പട്ടയമുള്ളവരെ ഇതു ബാധിക്കില്ലെന്നും തത്സ്ഥിതി തുടരണമെന്നും കോടതി നിർദേശിച്ചു.

ഇടുക്കി ജില്ലയിലെ ഏലമലക്കാടുകളെ വനഭൂമിയായി കാണാൻ സാധിക്കില്ലെന്നു വ്യക്തമാക്കി സംസ്ഥാന ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകിയിരുന്നു. ജില്ലയിലെ മൂന്ന് താലൂക്കുകളിലായി ആകെയുള്ള ഏലമല പ്രദേശങ്ങളുടെ വിസ്തീർണം 2,64,855 ഏക്കറാണെന്നും ചീഫ് സെക്രട്ടറി സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാട്ടി. എന്നാൽ, സംസ്ഥാന സർക്കാർ സമർപ്പിച്ച സത്യവാങ്മൂലത്തിൽ വൈരുദ്ധ്യമുണ്ടെന്നും സ്ഥലത്തിന്റെ വിസ്തീർണവും സ്വഭാവവും സംബന്ധിച്ചു വ്യക്തതയില്ലെന്നും ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാരിന്റെ നിലപാടിനെ അമിക്കസ് ക്യൂറി കെ. പരമേശ്വർ കോടതിയിൽ എതിർത്തു. 2007–നുശേഷം അരലക്ഷത്തിൽപ്പരം പട്ടയങ്ങൾ ഈ മേഖലകളിൽ അനുവദിച്ചിട്ടുണ്ടെന്നും ഈ മേഖലയിൽ കൈയേറ്റം നടക്കുന്നുണ്ടെന്നും യഥാർത്ഥ ഉടമകളുടെ കൈയിലല്ല ഭൂമി ലഭിക്കുന്നതെന്നും അമിക്കസ് ക്യൂറി കോടതിയിൽ പറഞ്ഞു. ഭൂമിയില്ലാത്ത കർഷകർക്ക് ഭൂമി ലഭിക്കുന്നതിൽ എതിർപ്പില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടിയാണു പട്ടയം അനുവദിക്കുന്നതിൽ ഇടക്കാല സ്റ്റേ വേണമെന്ന ആവശ്യം ഉന്നയിച്ചത്. മൂന്നാറിലെ മതികെട്ടാൻ ചോല ദേശീയ ഉദ്യാനം ഉൾപ്പെടെയാണു ചീഫ് സെക്രട്ടറി ഇപ്പോൾ റവന്യൂ ഭൂമിയാണെന്ന് അവകാശപ്പെടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. നേരത്തേ ഏലമലക്കാടുകളെ വനഭൂമിയായി വിജ്ഞാപനം ചെയ്തിട്ടുള്ള സർക്കാർ ഉത്തരവുകൾ കെ. പരമേശ്വർ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കേസ് വീണ്ടും ഡിസംബറിൽ പരിഗണിക്കും.

# ജയമോൾ മൂശാരിപറമ്പിൽ കെസിസിസിഎഫ് പ്രസിഡണ്ട്

(3-ാം പേജിൽനിന്നും)


ജെയിംസ് ഇല്ലിക്കൽ, ജോബി ഊരാളിൽ, പാപ്പച്ചൻ പട്ടത്തുവെളിയിൽ, വിനോദ് മൂലവള്ളിയിൽ, സവിത പുളിക്കൽ, റ്റിനോ മ്യാൽക്കരപ്പുറത്ത് എന്നിവർ ഉജ്വല വിജയം നേടി.

ഒക്ടോബർ 26-ാം തീയതി ശനിയാഴ്ച രാവിലെ 7 മണി മുതൽ 9.30 വരെ ഏർലി വോട്ടിംഗ് നടന്നു. 10 മണി മുതൽ 12 മണി വരെ പൊതുയോഗം. തുടർന്ന് 1 മണി മുതൽ 9.30 വരെ വോട്ടിംഗ് നടത്തപ്പെട്ടു.

17 വർഷങ്ങൾക്കു ശേഷം ഒരു ഇലക്ഷനിലൂടെ നേതൃത്വത്തെ തെരഞ്ഞെടുക്കാനുള്ള അവസരം ലഭിച്ചതിൽ താമ്പാ ക്നാനായ സമൂഹം ആവേശത്തിലായിരുന്നു. താമ്പാ ക്നാനായ സംഘടനയുടെ നേതൃത്വത്തിന് വേണ്ടിയുള്ള തെരഞ്ഞെടുപ്പിൽ ഉജ്വല വിജയം നേടുവാൻ സഹായിച്ച എല്ലാ സമുദായ സ്നേഹികൾക്കും ജയമോൾ മൂശാരിപറമ്പിൽ നന്ദി രേഖപ്പെടുത്തി. ക്നാനായ സമുദായത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് സംഘടനയുടെ കൊടിക്കീഴിൽ ഒറ്റക്കെട്ടായി എല്ലാവരെയും മുന്നോട്ടു നയിക്കുവാൻ പരിശ്രമിക്കുന്നതാണെന്ന് നിയുക്ത പ്രസിഡന്റ് ജയമോൾ മൂശാരിപറമ്പിൽ കേരള എക്സ്പ്രസ്സിനോട് പറഞ്ഞു. താമ്പായിലെ ക്നാനായ സമൂഹം നൽകിയ ഉജ്വലമായ ജനവിധിയെ അഭിമാനപൂർവം സ്വീകരിക്കുന്നതായി കെസിസിഎൻഎ പ്രസിഡന്റ് സ്ഥാനാർത്ഥി ജെയിംസ് ഇല്ലിക്കലും പറഞ്ഞു.

ജയമോൾ മൂശാരിപറമ്പിലിന് 779 വോട്ടും എതിർ സ്ഥാനാർത്ഥി സജി മാത്തിലേട്ടിന് 415 വോട്ടുമാണ് ലഭിച്ചത്. 1194 പേർ വോട്ടുചെയ്ത വാശിയേറിയ ഈ തെരഞ്ഞെടുപ്പിൽ 364 വോട്ടിന്റെ ഭൂരിപക്ഷം ശ്രദ്ധേയമാണ്. സെൻട്രൽ ഫ്ളോറിഡാ ക്നാനായ സംഘടനയുടെ ചരിത്രത്തിലെ ആദ്യത്തെ വനിതാ പ്രസിഡന്റാണ് ജയമോൾ മൂശാരിപറമ്പിൽ.

## കെസിസിഎൻഎ നാഷണൽ കൗൺസിൽ അംഗങ്ങൾ


ജെയ്മോൻ വെട്ടുകല്ലേൽ


ജെയിംസ് ഇല്ലിക്കൽ


ജോബി ഊരാളിൽ


പാപ്പച്ചൻ പട്ടത്തുവെളിയിൽ


വിനോദ് മൂലവള്ളിയിൽ


സവിത പുളിക്കൽ


റ്റിനോ മ്യാൽക്കരപ്പുറത്ത്

# സാഹിത്യവേദി നവംബർ ഒന്നിന്; ഹാൻ കാങ്ങിന്റെ നോവൽ ചർച്ചയാകും


ചിക്കാഗോ: സാഹിത്യവേദിയുടെ അടുത്ത സമ്മേളനം നവംബർ 1-ന് വെള്ളിയാഴ്ച ചിക്കാഗോ സമയം വൈകുന്നേരം 7.30-ന് സൂം വെബ് കോൺഫറൻസ് വഴിയായി കൂടുന്നതാണ്. (Zoom Meeting Link: https//us02web.zoom.us/j/81475259178. Passcode: 2990. Meeting ID: 814 752 59178)





കഴിഞ്ഞ കാൽ നൂറ്റാണ്ടിലേറെയായി മലയാള സാഹിത്യ നിരൂപണ രംഗത്ത് പ്രവർത്തിക്കുകയും ആനുകാലികങ്ങളിൽ സാഹിത്യ, സാംസ്കാരിക, രാഷ്ട്രീയ, സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് പതിവായി ലേഖനങ്ങൾ എഴുതുകയും ചെയ്യുന്ന ആർ.എസ്. കുറുപ്പാണ് ഇത്തവണ സാഹിത്യവേദി ചർച്ച നയിക്കുന്നത്. മലയാള നോവൽ പഠനങ്ങളുടെ സമാഹാരമായ 'യുഗാവസാനത്തിന്റെ രണ്ടാമൂഴം', 'അമ്മ മഹാറാണി' (നാടക സമാഹാരം), മാർട്ടിൻ ലൂഥർ കിങ്ങിന്റെ ആത്മകഥയുടെ പരിഭാഷ എന്നിവയാണ് അദ്ദേഹത്തിന്റെ പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങൾ.

പെട്ടെന്നൊരു ദിവസം സസ്യഭോജിയായി മാറുന്ന ഒരു വീട്ടമ്മയുടെ കഥയാണ് ഇത്തവണത്തെ നോബൽ സമ്മാനം നേടിയ കൊറിയൻ നോവലിസ്റ്റ് ഹാൻ കാങ്ങിന്റെ 'ദ വെജിറ്റേറിയൻ' ഡെബോറ സ്മിത്ത് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയ ഈ നോവലിനാണ് 2016-ലെ മാൻ ബുക്കർ പ്രൈസ് ലഭിച്ചത്. അധിക്ഷിപ്തയാവുന്ന വെറുമൊരു വീട്ടുപകരണം മാത്രമായി കണക്കാക്കപ്പെടുന്ന സ്ത്രീയുടെ ആത്മസംഘർഷങ്ങളും അവളുടെ അബോധമായ ചെറുത്തുനില്പും പ്രതീകാത്മകമായി ഹൃദ്യമായി ആവിഷ്കരിക്കപ്പെടുന്ന 'ദ വെജിറ്റേറിയൻ' പ്രബന്ധാവതാരകൻ വായിച്ചിട്ടുള്ള ഏറ്റവും നല്ല നോവലുകളിലൊന്നാണ്.




ഒക്ടോബർമാസ സാഹിത്യവേദിയിൽ 'ഇടശ്ശേരിക്കവിതകളിലെ ദ്വന്ദ്വശിൽപ്പങ്ങൾ' എന്ന വിഷയത്തിൽ മഹാകവി ഇടശ്ശേരിയുടെ മകനും വിഖ്യാത പരിഭാഷകനുമായ അശോകകുമാർ ഇടശ്ശേരി അവതരിപ്പിച്ച പ്രബന്ധം ഏറെ ആസ്വാദ്യമായി.

എല്ലാ സാഹിത്യസ്നേഹികളെയും നവംബർ മാസ സാഹിത്യവേദിയിലേക്ക് സഹർഷം സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്: ആർ.എസ്. കുറുപ്പ് rskurup1@gmail.com, പ്രസന്നൻ പിള്ള 630 935 2990, ജോൺ ഇലക്കാട് 773 282 4955.

# കൊന്തപ്പത്ത് സമാപനവും യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ സമാപനവും

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ പത്തുദിനങ്ങൾ നീണ്ടുനിന്ന കൊന്തപ്പത്തും വിശുദ്ധ യൂദാശ്ലീഹായുടെ നൊവേന തിരുനാളും ഒക്ടോബർ 31-ന് വ്യാഴാഴ്ച സമാപിക്കുന്നു. വിവിധ ഭക്തസംഘടനകളുടെയും സൺഡേസ്കൂളിന്റെയും കൂടാരയോഗങ്ങളുടെയും നേതൃത്വത്തിലാണ് ജപമാല ചൊല്ലിയത്. ഒക്ടോബർ 31-ന് വൈകുന്നേരം 6.30-ന് ആഘോഷമായ തിരുനാൾ പാട്ടുകുർബാനയും പ്രദക്ഷിണവും വിശുദ്ധ കുർബാനയുടെ ആശീർവാദവും ഉണ്ടായിരിക്കുന്നതാണ്. തുടർന്ന് ഊട്ടുനേർച്ചയും ഉണ്ടായിരിക്കും.


അനുഗ്രഹദായകമായ തിരുക്കർമ്മങ്ങളിലേക്ക് ഇടവക വികാരി ഫാ. തോമസ് മുളവനാൽ എല്ലാവരെയും സ്വാഗതം ചെയ്യുന്നു.




# ബെൻസൻവിൽ ഇടവകയിൽ കുടുംബനവീകരണ ധ്യാനം നവം, 1, 2 തീയതികളിൽ

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ കുടുംബനവീകരണ ധ്യാനം നവംബർ, 1, 2 (വെള്ളി, ശനി) തീയതികളിൽ നടത്തപ്പെടും. ഫാ. ജിബിൽ കുഴിവേലിൽ ധ്യാനത്തിനു നേതൃത്വം നല്കും. നവംബർ ഒന്നിന് വെള്ളിയാഴ്ച രാവിലെ 8.30-ന് വിശുദ്ധ കുർബാനയും ആരാധനയും ആരംഭിക്കും. വൈകുന്നേരം 6-ന് വചനപ്രഘോഷണം, 7-ന് വിശുദ്ധ കുർബാന, തുടർന്ന് 9 വരെ വചനപ്രഘോഷണം. ധ്യാനത്തിന്റെ രണ്ടാം ദിവസമായ ശനിയാഴ്ച സകല മരിച്ച വിശ്വാസികളുടെയും തിരുനാൾദിവസമായി ആചരിക്കുന്നു. രാവിലെ 9-ന് സെമിത്തേരിയിൽ പ്രത്യേക പ്രാർത്ഥനയും 10 മണിക്ക് ദൈവാലയത്തിൽ മരിച്ച വിശ്വാസികൾക്കായി വി. കുർബാനയും ഉണ്ടായിരിക്കും. വൈകുന്നേരം 4 മണിക്ക് ധ്യാനം സമാപിക്കും. നവംബർ 2 ശനിയാഴ്ച ഹോളി ചൈൽഡ്ഹുഡ് ആൻഡ് മിഷൻലീഗ് കുട്ടികൾക്കായി പ്രത്യേക ധ്യാനവും ഉണ്ടായിരിക്കും. പ്രയർഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ ക്രമീകരിച്ചിരിക്കുന്നു.



കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിരണ്ടാം വർഷം 1992-2024







**വഴിത്താരകൾ**

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**



# രേവതി പിള്ള: ഫൊക്കാന വിമൻസ് ഫോറം ചെയർപേഴ്സൺ ചരിത്രം രചിക്കുന്നവരിലെ സ്ത്രീപക്ഷം

സമൂഹം കൽപ്പിച്ചു നൽകിയ അതിരുകൾ താണ്ടി സ്വപ്നങ്ങളിലേക്ക് ചേക്കേറുന്ന പെൺപക്ഷികളുടെ കാലമാണിത്. തലയ്ക്കൽ നിന്നും വെട്ടി മാറ്റപ്പെട്ടിട്ടും ഉള്ളിലെവിടെയോ ഉറങ്ങിക്കിടന്നിരുന്ന പച്ചയെ പൂവാക്കാനുള്ള മോഹം കൊണ്ട് ഉണർത്തി സ്വയം വളർന്നു പന്തലിച്ച മരങ്ങളുടെ കാലം.

പുരുഷ കേന്ദ്രീകൃത സമൂഹത്തിൽ സ്ത്രീകൾ മുൻനിരയിലേക്ക് കടന്നുവരാനും, സ്വയം പ്രാപ്തി നേടാനും സജ്ജരാകുന്നത് പൊതുവെ കുറവായിരുന്ന ഒരു കാലഘട്ടം. അടങ്ങി ഒതുങ്ങി വീടകങ്ങളിൽ നിശബ്ദരാകുന്ന സ്ത്രീ ജനതയുടെ ഇരുട്ടിലേക്ക് വെളിച്ചമെന്നോണം കടന്നെത്തുന്ന ചില മനുഷ്യരുണ്ടായിരുന്നു. അവരാൽ സമൂഹത്തിന്റെ പൊതുനിരയിൽ എത്തുകയും തുടർന്ന് വരുന്നവർക്ക് മാതൃകയാവുകയും ചെയ്ത വ്യക്തികളിൽ ഒരാളാണ് രേവതി പിള്ള. ഫൊക്കാന വിമൻസ് ഫോറം ചെയർപേഴ്സൺ.

അവർ കൊണ്ട വെയിലിന്റെയും, അവർക്ക് തണുപ്പ് നൽകിയ മനുഷ്യരാകുന്ന മരങ്ങളുടെയും കഥയാണിത്.

## കുഞ്ഞു ചിറകുകൾ മുളയ്ക്കുന്ന കാലം

സ്വാതന്ത്ര്യസമര സേനാനിയും ഇന്ത്യൻ പ്രസിഡന്റിന്റെ കൈയ്യിൽനിന്നും താമ്രപത്രം ലഭിക്കുകയും ചെയ്ത കടയ്ക്കൽ പരമേശ്വരൻ പിള്ളയുടെ കൊച്ചുമകളും, സാഹിത്യകാരനും, ഗൾഫ് പ്രവാസിയുമായിരുന്ന പറക്കോട് അപ്പുക്കുട്ടൻ പിള്ളയുടേയും, കോമളത്തിന്റെയും മകളുമായ രേവതി പിള്ളയുടെ ജനനവും തുടർന്നുള്ള ജീവിതവും വായിച്ചറിയേണ്ടതും, പൊതുസമൂഹം പകർത്തി എഴുതേണ്ടതുമാണ്. അടൂരിലും തിരുവനന്തപുരത്തുമായി രേവതി പിള്ള പ്രാഥമിക വിദ്യാഭ്യാസം നേടുമ്പോൾ പത്താംക്ലാസിൽ സ്കൂൾ ടോപ്പർ ആയിരുന്നു രേവതി. ചങ്ങനാശേരി അസംപ്ഷൻ കോളേജിൽ പ്രീഡിഗ്രിയും പൂർത്തിയാക്കി. എഞ്ചിനീയറിംഗിന് എന്ന ഒരു സ്വപ്നം ബാക്കിയായിരുന്നത് കൊണ്ട് തന്നെ പ്രീഡിഗ്രിക്ക് ശേഷം എൻട്രൻസ് എഴുതി കാത്തിരുന്നു എങ്കിലും ഫലം വൈകിയതിനാൽ തിരുവനന്തപുരം മാർ ഇവാനിയോസിൽ ബിഎസ്സി മാത്സിന് താൽക്കാലികമായി ചേർന്നു. എന്നാൽ അത്ഭുതമെന്ന് പറയട്ടെ 5 ദിവസം ക്ലാസ് കഴിഞ്ഞപ്പോഴേക്കും ആഗ്രഹം പോലെ തന്നെ എഞ്ചിനീയറിംഗ് റിസൾട്ടിൽ രേവതിക്ക് സീറ്റ് ലഭിച്ചു. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിന് ചേർന്ന രേവതി തനിക്ക് വന്നുചേർന്ന ഭാഗ്യത്തെ കാര്യക്ഷമമായി വിനിയോഗിക്കാൻ തന്നെ തീരുമാനിച്ചു. പഠനകാലം അതിഭംഗിയായി പൂർത്തിയാക്കിയ രേവതി എഞ്ചിനീയറിങ് പരീക്ഷ കഴിഞ്ഞ് നേരെ അച്ഛന്റെയും അമ്മയുടേയും അടുത്ത് അബുദാബിയിലേക്ക് പോയി. രേവതിയുടെ ജീവിതത്തിൽ പുതിയ ഉത്തരവാദിത്തങ്ങൾ ഉണ്ടാകുന്നതും, കുറേക്കൂടി ജീവിതം സാമൂഹ്യവൽക്കരിക്കപ്പെടുന്നതും ഈ യാത്രയ്ക്ക് ശേഷമാണ്.

## അനുഭവങ്ങളുടെ അമേരിക്കൻ കാലം

അറേബ്യൻ മണ്ണിൽ എത്തിയതിനു ശേഷമാണ് രേവതിയുടെ വിവാഹം നടക്കുന്നത്. തുടർന്ന് ആ മാറ്റം അമേരിക്കയിലേക്ക് വരെ അവരെ കൂട്ടിക്കൊണ്ടുപോയി. എഞ്ചിനീയറിംഗിന്റെ മാസ്റ്റേഴ്സ് അമേരിക്കയിലാണ് രേവതിപിള്ള ചെയ്തത്. ഡേറ്റാ കമ്യൂണിക്കേഷൻസായിരുന്നു വിഷയം. യൂണിവേഴ്സിറ്റി ഓഫ് അലബാമയിൽ നിന്ന് അക്കാലത്ത് ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥി രേവതിയായിരുന്നു.

വിവാഹം ജീവിതത്തിൽ പുതിയ ഉത്തരവാദിത്തങ്ങൾ നൽകിയതോടെ കുടുംബം എന്ന അനിവാര്യതയും അവരുടെ ജീവിതത്തിന്റെ വലിയ ഭാഗമായി. മാസ്റ്റേഴ്സ് ഗ്രാജുവേറ്റ് ചെയ്യുന്ന സമയത്ത് ആദ്യത്തെ മകളെ ഏഴ് മാസം ഗർഭാവസ്ഥയിൽ ആയിരുന്നു. ഗ്രാജുവേഷൻ കഴിയുന്നതിനു മുൻപേ ജോലിക്കു കയറി. മെയ്മാസം 11-നു ഗ്രാജുവേഷനും 23-നു മകൾ ജനിക്കുകയും ആയിരുന്നു. മക്കളെ വളർത്തുക, അവരെ നല്ല കുട്ടികളായി വളർത്തുക എന്നതായിരുന്നു ജോലികൊണ്ടും ജീവിതം കൊണ്ടുമുള്ള രേവതിയുടെ ലക്ഷ്യം. എന്നാൽ അത്ഭുതപ്പെടുത്തിക്കൊണ്ട് അന്ന് ജോലി ചെയ്തിരുന്ന കമ്പനി രേവതി പിള്ളയ്ക്ക് വീട്ടിലിരുന്നുകൊണ്ട് തുടരാനുള്ള അവസരം നൽകി. ഒരു പക്ഷെ, ആദ്യത്തെ വർക്ക് അറ്റ് ഹോം ആയിരുന്നു അതെന്ന് തന്നെ പറയാം. ആഴ്ചയിൽ നാല് ദിവസം വീട്ടിലിരുന്ന് ജോലി ചെയ്യാൻ രേവതിക്ക് അവസരം ലഭിച്ചു. ഡിജിറ്റൽ എക്യുപ്മെന്റ് കോർപ്പറേഷൻ വളരെ സപ്പോർട്ടീവ് ആയത് കൊണ്ട് തന്നെ രേവതി വീട്ടിലിരുന്ന് വർക്ക് ചെയ്യുമ്പോൾ മാക്സിമം എല്ലാ ജോലികളും ചെയ്തു തീർക്കാനും അവർക്ക് സാധിച്ചത്. യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയിൽ നിന്നും എം.ബി.എ. സ്വന്തമാക്കിയതും, കോർണൽ യൂണിവേഴ്സിറ്റിയിൽ നിന്നും എക്സിക്യൂട്ടീവ് ലീഡർഷിപ്പ് പ്രോഗ്രാം ചെയ്തതും രേവതി പിള്ളയുടെ ജീവിതവഴിയിലെ നേട്ടങ്ങളാണ്.

1993-ലാണ് ജീവിതത്തിലെ ഏറ്റവും വലിയ ദുഃഖത്തിലൂടെ രേവതിക്ക് കടന്നുപോകേണ്ടി വന്നത്. എല്ലാമെല്ലാമായി കൂടെയുണ്ടായിരുന്ന അച്ഛന്റെ വേർപാട് കുടുംബത്തെയാകെ തളർത്തി. കുഞ്ഞുനാളിലെ തനിക്ക് അമ്മയുടെയും അച്ഛന്റെയും എല്ലാ സ്നേഹവായ്പ്പുകളും ലഭിച്ചത് കൊണ്ട് തന്നെ തന്റെ രണ്ട് മക്കൾക്കും തന്റെ കരുതൽ നൽകണം എന്ന വാശി രേവതിക്ക് ഉണ്ടായിരുന്നു. അതിപ്പോഴും എല്ലാ സ്നേഹത്തോടും തുടരുകയും ചെയ്യുന്നു എന്ന് രേവതി പിള്ളയുടെ ജീവിതം സാക്ഷ്യപ്പെടുത്തുന്നു. 2008-ലാണ് രേവതിയുടെ ജീവിതത്തിൽ കാതലായ മാറ്റം സംഭവിക്കുന്നത്. ഏറ്റവും മികച്ച ഒരു കമ്പനിയുടെ എഞ്ചിനീയറിങ് മാനേജ്മെന്റിലേക്കുള്ള മാറ്റം ജീവിതത്തിന്റെ മുന്നോട്ടുള്ള വളർച്ചയ്ക്ക് ആക്കം കൂട്ടി. പിന്നീട് ചീഫ് എഞ്ചിനീയറിംഗ് ഓഫീസറായിവരെ കരിയറിൽ വലിയ മാറ്റങ്ങൾ പ്രകടമാകാൻ തുടങ്ങി. സീനിയർ വൈസ് പ്രസിഡന്റ് തലത്തിൽവരെ ആ കമ്പനിയിൽ തുടർകാലങ്ങളിൽ വളരാൻ സാധിച്ചത് അവരുടെ മാനേജ്മെന്റ് വൈദഗ്ദ്ധ്യം ഒന്നുകൊണ്ട് മാത്രമാണ്. കൂടാതെ നിരവധി ഇൻഡസ്ട്രിയൽ പ്രബന്ധങ്ങളും, പേറ്റൻസുകളും രേവതി പിള്ളയ്ക്കുണ്ട്.

## വേരുകൾക്കിടയിൽ നദികൾ ഒഴുകിയിരുന്ന കാലം

സ്കൂൾ കാലഘട്ടം മുതൽ സംഗീതം, നൃത്തം എന്നീ രംഗങ്ങളിൽ സജീവമായിരുന്നു രേവതി പിള്ള. അവ ജീവിതത്തിന്റെ ഒരു ഭാഗമാക്കാനും എന്നും അവർ ശ്രദ്ധിച്ചിരുന്നു. എഞ്ചിനീയറിംഗ് പഠനകാലത്ത് മെസ് ഡയറക്ടർ ആയി പ്രവർത്തിച്ചിരുന്നത് ഒരു വലിയ അനുഭവ













മായി ഇപ്പോഴും അവർ ഓർത്തെടുക്കുന്നുണ്ട്. ഒരു കോളേജിലെ കുട്ടികളുടെ മുഴുവൻ ഭക്ഷണകാര്യങ്ങളുടെ നിയന്ത്രണം ഭരണ രംഗ നൈപുണ്യത്തിന് വഴിയൊരുക്കുകയും ചെയ്തത് അങ്ങനെയാണ്. കോളേജിൽ ജോലി ചെയ്യുന്ന ജോലിക്കാരുടെ പ്രശ്നങ്ങളിൽ ഒക്കെ മീഡിയേറ്ററായി. പ്രത്യേകിച്ച് യൂണിയൻ ഇഷ്യൂസിൽ മീഡിയേറ്റർ ആയി പ്രവർത്തിക്കാൻ ലഭിച്ച അവസരങ്ങളും രേവതി പാഴാക്കിയില്ല. അവയെല്ലാം ജീവിതത്തിലെ വലിയ അനുഭവങ്ങളായി അവർ വിലയിരുത്തി. കുട്ടികൾക്ക് ഇഷ്ടമുള്ള ഭക്ഷണം വിളമ്പുവാൻ ശ്രമിച്ചത് വലിയ അംഗീകാരമായും രേവതി കണ്ടു.

അമേരിക്കയിൽ എത്തിയപ്പോഴാണ് ഇവയെല്ലാം ഗുണങ്ങളായി രേവതിയുടെ ജീവിതത്തിൽ പ്രതിഫലിച്ചത്. ഇളയ മകൾക്ക് മൂന്ന് വയസായത് മുതൽ ബോസ്റ്റണിലെ മലയാളി സംഘടനാ രംഗത്ത് രേവതി സജീവമായിത്തുടങ്ങി. കേരളാ അസോസിയേഷൻ ഓഫ് ന്യൂ ഇംഗ്ലണ്ടിലൂടെ എല്ലാ പ്രവർത്തനങ്ങൾക്കും ഒപ്പം കൂടി. ഇത് പൊതുപ്രവർത്തനം, കൂട്ടായ്മ തുടങ്ങിയ പാഠങ്ങൾ രേവതിയെ പഠിപ്പിച്ചു. ഓണം, വിഷു, ക്രിസ്തുമസ് ആഘോഷങ്ങൾക്ക് നൃത്താവതരണത്തിന് മുൻപിൽ രേവതി ഉണ്ടായിരുന്നു. ഈ പൂർണ്ണ പങ്കാളിത്തം ആർട്സ് ക്ലബ് സെക്രട്ടറി എന്ന സ്ഥാനത്തേക്ക് രേവതിയെ ഉയർത്തി. പിന്നീട് അസി. ജനറൽ സെക്രട്ടറിയായും ഈ മേഖലയിൽ രേവതി പ്രവർത്തിച്ചു. എന്നാൽ ഒരിക്കലും അധികാരത്തോട് അവർക്ക് താല്പര്യം തോന്നിയതേയില്ല. എല്ലാം ഒപ്പമുള്ളവരുടെ സന്തോഷത്തിനുവേണ്ടി എന്ന നിലപാടായിരുന്നു അവർക്കുണ്ടായിരുന്നത്.

## നാഴികക്കല്ലുകൾ പിന്നിട്ട കാലം

ഓരോ മനുഷ്യരുടെ ജീവിതത്തിലും ഒരു നിർണായക വഴിതിരിവുണ്ടാകുമല്ലോ, തന്റെ അസോസിയേഷന്റെ പ്രസിഡന്റും സുഹൃത്തുമായിരുന്ന, പ്രവർത്തനത്തിലൂടെ എപ്പോഴും ആക്ടീവായിരുന്ന എൽസി ആന്റിയാണ് അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയ്ക്ക് രേവതി പിള്ളയെ പരിചയപ്പെടുത്തുന്നത്. 2020-22 കാലയളവിൽ ഫൊക്കാന വിമൻസ് ഫോറത്തിലേക്കാണ് രേവതിപിള്ളയുടെ കടന്നുവരവ്. അങ്ങനെ പ്രവർത്തനങ്ങളിലൂടെയുള്ള യാത്ര വിമൻസ് ഫോറം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ കൊണ്ടെത്തിച്ചു. തുടർന്ന് അന്നത്തെ പ്രസിഡന്റ് ആയിരുന്ന ജോർജി വർഗീസ്, ജനറൽ സെക്രട്ടറി സജിമോൻ ആന്റണി വിമൻസ് ഫോറം ചെയർപേഴ്സൺ കലാ ഷഹി എന്നിവരുമായി സംസാരിച്ച് നാഷണൽ കമ്മിറ്റി മെമ്പർ ആവുകയും, ഫൊക്കാന വിമൻസ് ഫോറത്തിൽ പ്രവർത്തനം സജീവമാക്കുകയും ചെയ്തു.

ലോകം മുഴുവൻ അറിയപ്പെടുന്ന ഒരു സംഘടനയുടെ ഭാഗമായപ്പോൾ പ്രധാനമായും അന്ന് ഫൊക്കാന നേതൃത്വത്തോട് ഒരു സ്ത്രീ എന്ന നിലയിൽ ഒരു സ്വാഭാവിക ചോദ്യം രേവതി പിള്ള ചോദിച്ചു. സംഘടനകളിൽ സ്ത്രീ സുരക്ഷ എന്നതായിരുന്നു അത്. അപ്പോൾ ജോർജി വർഗീസും സജിമോൻ ആന്റണിയും അതിനായി ചില നിർദ്ദേശങ്ങൾ എഴുതി ഉണ്ടാക്കാമോ എന്ന് അവരോട് ചോദിച്ചു. അങ്ങനെ ആന്റി സെക്ഷ്വൽ ഹരാസ്മെന്റ് പോളിസി രേവതി എഴുതിയുണ്ടാക്കി. അമേരിക്കയിലെ എല്ലാ കമ്പനികൾക്കും ഇത്തരം പോളിസികൾ ഉണ്ട്. എല്ലാ സംഘടനകൾക്കും ഇത്തരം നയങ്ങൾ ഉണ്ടാകണം എന്നതാണ് നിയമം. സംഘടനകൾ നോൺ പ്രോഫിറ്റബിൾ ഓർഗനൈനേഷൻ ആയതിനാൽ വിഷയത്തിൽ ഒരു ഡ്രാഫ്റ്റ് ഉണ്ടാക്കുക എന്നത് വലിയ പ്രയാസമായിരുന്നു. എങ്കിലും അത് വളരെ ആധികാരികമായി ചെയ്യാൻ രേവതി പിള്ളയ്ക്ക് സാധിച്ചു. അമേരിക്കയിലെ വിമൻ എക്സിക്യൂട്ടീവ് നെറ്റ് വർക്ക് ആയ 'ചീഫിന്റെ' ബോസ്റ്റൺ ചാപ്റ്റർ ഫൗണ്ടർ കൂടിയായ രേവതി പിള്ള അവിടെയുള്ള നിരവധി നിയമജ്ഞരുടെ സഹായവും ഇക്കാര്യത്തിൽ തേടുകയുണ്ടായി. അവരുടെ സഹായം ലഭിച്ചതും പിന്നീട് അനുഗ്രഹമായി മാറി.

രേവതി പിള്ള എഴുതിയുണ്ടാക്കിയ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഫൊക്കാന ഒരു എത്തിക്സ് കമ്മിറ്റിക്ക് രൂപം കൊടുക്കുകയും അന്തരിച്ച ഫൊക്കാന മുൻ പ്രസിഡന്റ് മറിയാമ്മ പിള്ളയെ അതിന്റെ ചെയർ പേഴ്സൺ ആയി നിയമിക്കുകയും ചെയ്തു . സ്ത്രീകൾക്ക് വളരെ സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കുവാനുള്ള ഒരു നയം ആദ്യമായി ഉണ്ടാക്കിയ പ്രവാസി സംഘടന ഫൊക്കാനയാണ്. ഈ കാര്യത്തിൽ ജോർജി വർഗീസ്, സജിമോൻ ആന്റണി എന്നിവർ രേവതി പിള്ളക്ക് നൽകിയ പിന്തുണ വളരെ വലുതാണ്. ഫൊക്കാന ഫ്ളോറിഡ കൺവൻഷനിൽ മോഹിനിയാട്ടം, മലയാളി മങ്ക കോർഡിനേഷൻ, വാഷിംഗ്ടൺ കൺവൻഷൻ സമയത്ത് റീജിയണൽ വൈസ് പ്രസിഡന്റ് സ്ഥാനം എന്നിവ നിർവഹിക്കാൻ രേവതി പിള്ളയ്ക്ക് അവസരം ലഭിച്ചു. നേഴ്സിംഗ് സ്കോളർഷിപ്പ് ഫിനാൻഷ്യൽ ചെയർ ആയും പ്രവർത്തിച്ചു. ഫൊക്കാനയുടെ നിരവധി പ്രോഗ്രാമുകളുടെ എം.സി. ആയും പ്രവർത്തിച്ചു.

## ഇനി ലക്ഷ്യം നിറവേറ്റുന്ന കാലം

ഫൊക്കാനയുടെ 2024 –2026 കാലയളവിലെ ചെയർപേഴ്സൺ ആയി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ മുതൽ വലിയ പദ്ധതികൾക്കാണ് രേവതി പിള്ളയും ഫൊക്കാനയും തുടക്കമിടുന്നത്. പൊതുപ്രവർത്തനവും നിരവധി മനുഷ്യർക്കിടയിലെ ജീവിതവും സാധാരണക്കാർക്ക് ഉപകാരപ്രദമാകുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കാൻ രേവതി പിള്ളയെ പ്രേരിപ്പിച്ചു. കേരളത്തിൽ ഇപ്പോൾ നൽകുന്ന ഫൊക്കാന നേഴ്സിംഗ് സ്കോളർഷിപ്പ് എല്ലാ ഉന്നത പഠനത്തിനും നൽകാനുള്ള തീരുമാനമായിരുന്നു അതിൽ ചരിത്രപ്രധാനമായത്. പ്രൊഫഷണൽ കോഴ്സുകൾക്കെല്ലാം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പ് നൽകാനും അവർ നടപടിയെടുത്തു.

അമേരിക്കയിൽ എച്ച് ഫോർ വിസയിലെത്തുന്നവർക്ക് ജോലി സഹായത്തിനും മറ്റുമായി ഒരു സെൽ പ്രവർത്തിക്കുക എന്നത് രേവതിയുടെ ജീവിത ലക്ഷ്യങ്ങളിൽ ഒന്നാണ്. കുഞ്ഞുങ്ങളെ വളർത്തുന്നതിനായി ബ്രേക്ക് എടുക്കുന്ന സ്ത്രീകൾക്ക് തുടർ ജോലി ലഭിക്കുന്നതിനും മറ്റും സഹായിക്കുവാൻ പദ്ധതി, നാട്ടിൽ നിന്നും ഇപ്പോൾ വരുന്ന ആളുകൾക്ക് അമേരിക്കൻ വിദ്യാഭ്യാസ രീതികൾ പരിചയപ്പെടുത്തുക, സ്ത്രീകൾക്ക് ഫൈനാൻസ് കൺട്രോൾ നടത്തുവാൻ പ്രാപ്തരാക്കുന്ന പദ്ധതി തുടങ്ങി നിരവധി പദ്ധതികൾ മനസിലുണ്ട്.

ഒരു സാധാരണ സ്ത്രീക്ക് പലപ്പോഴും ഫിനാൻസ് മാനേജ്മെന്റ് അറിയില്ല. രണ്ടാം ജെനറേഷനിലെ സ്ത്രീകൾക്ക് റിട്ടയർമെന്റ് പ്ലാനുകൾ അറിയില്ല, സാമ്പത്തികമായ പ്ലാനിംഗ് അറിയില്ല. പല സ്ത്രീകൾക്കും ഇത്തരം കാര്യങ്ങളിൽ എന്തുചെയ്യണം എന്നറിയില്ല. അവരെ സ്വയംപര്യാപ്തരാക്കുക എന്നത് രേവതി പിള്ളയുടെ വനിതകൾക്കായുള്ള പദ്ധതിയിൽ ആദ്യത്തേതാണ്. ഫിനാൻഷ്യൽ ഡിപ്പൻഡൻസി ആണ് പല സ്ത്രീകളുടേയും പ്രശ്നം. ജോലി സാധ്യതകൾക്ക് പുതിയ കമ്പനികളെ ഒക്കെ സ്ത്രീകൾക്കായി പരിചയപ്പെടുത്തുക എന്നത് തന്റെ ദൗത്യമായിത്തന്നെ അവർ കരുതിപ്പോന്നു. കുറഞ്ഞത് ഒരു മില്യൻ മലയാളികൾ അമേരിക്കയിൽ ഉണ്ട്. അവർക്കായി നിരവധി പദ്ധതികളാണ് മനസിലുള്ളത്. രണ്ട് മാസം കൂടുമ്പോൾ പല സുപ്രധാന വിഷയങ്ങളിലും വെബിനാറുകൾ സംഘടിപ്പിക്കുകയും സ്ത്രീകളെ സജീവമായി നിർത്തുകയും ചെയ്യുമെന്ന് രേവതി പിള്ള പറഞ്ഞു.അതിനായി അവരെ രൂപപ്പെടുത്താനാണ് പ്രാഥമികമായി ഇപ്പോൾ ഫൊക്കാന വിമൻസ് ഫോറം ശ്രമിക്കുക. വിപുലമായ ഒരു കമ്മിറ്റി അതിനായി തയ്യാറായിക്കഴിഞ്ഞു.

ലോക കേരള സഭയുടെ അമേരിക്കൻ മേഖലാ സമ്മേളനം ന്യൂയോർക്കിൽ നടന്നപ്പോൾ ഇൻഡസ്ട്രി ആൻഡ് ടെക്നോളജി ലീഡർ എന്ന ഗണത്തിൽ കേരളാ ഗവൺമെന്റിന്റെ ക്ഷണം സ്വീകരിച്ച് രേവതി പിള്ള പങ്കെടുക്കുകയും ബിസിനസ് രംഗത്തെപ്പറ്റിയും ലീഡർഷിപ്പിനെക്കുറിച്ചും സംസാരിക്കുകയുണ്ടായി. കേരളാ ഗവൺമെന്റിന്റെയും മുഖ്യമന്ത്രിയുടെ ഓഫീസിന്റെയും ക്ഷണപ്രകാരം പങ്കെടുത്ത ചുരുക്കം ചില ബിസിനസ്സ് പ്രമുഖരിൽ ഒരാളായിരുന്നു രേവതി പിള്ള.

## വിഷൻ എയ്ഡ്


ഇവയൊന്നും കൂടാതെ തന്നെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഒരു വലിയ പദ്ധതിയും രേവതി പിള്ളയുടെ മനസിലുണ്ട്. വിഷൻ എയ്ഡ് എന്ന പ്രസ്ഥാനവുമായി സഹകരിച്ച് പൂർണ്ണമായും അന്ധരായ വിദ്യാർത്ഥികൾക്ക് കേരളത്തിലെ കണ്ണാശുപത്രികളുമായി സഹകരിച്ച് ഒരു പദ്ധതി അവർ തയാറാക്കിയിട്ടുണ്ട്. ആർട്ടിഫിഷൽ ഇന്റലിജൻസിന്റെ സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കിയാൽ നിരവധി അന്ധരായ കുഞ്ഞുകൾക്ക് വലിയ നേട്ടമാകും. ഇത് ചരിത്രത്തിൽ തന്നെ ഇടംപിടിക്കാൻ പോകുന്ന പദ്ധതിയായി മാറും. അന്ധരായ കുട്ടികൾക്ക് കമ്പ്യൂട്ടർ പഠനം നടത്തി ജോലിവരെ എത്തിച്ചു നൽകുന്ന പദ്ധതിയായി വിഷൻ എയ്ഡിനെ പ്രാഥമികമായി വിലയിരുത്താം. ഫൊക്കാന ഹെൽത്ത് കാർഡിന്റെ സഹായത്തോടെ ഇത് ചെയ്യാൻ സാധിക്കുമോ എന്നാണ് രേവതി പിള്ള ഇപ്പോൾ ശ്രമിക്കുന്നത്. 2010 മുതൽ വിഷൻ എയ്ഡുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ഫണ്ട് റേസിംഗ് പരിപാടികളിലെല്ലാം കഴിഞ്ഞ കുറെ വർഷങ്ങളായി സജീവമാണ് രേവതി പിള്ള. ഭിന്നശേഷിക്കാരായ കുട്ടികളെ സംരക്ഷിക്കുന്ന ഷീബ അമീറിന്റെ സൊലസുമായി ചേർന്ന് വിമൻസ് ഫോറം ഒരു പദ്ധതി ആലോചിക്കുന്നുണ്ട്. ചുരുക്കത്തിൽ തന്റെ പ്രവർത്തന കാലയളവ് ഫൊക്കാനയ്ക്കും ഫൊക്കാന വിമൻസ് ഫോറത്തിനും ജീവകാരുണ്യ സാമൂഹ്യ പ്രവർത്തന രംഗത്ത് വലിയ മാറ്റങ്ങൾക്കായി പ്രവർത്തിക്കുകയാണ് രേവതി പിള്ള. ഈ പ്രവർത്തനങ്ങൾക്കൊപ്പം മന്ത്രയുടെ (മലയാളി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കൻ ഹിന്ദൂസ്) ബോർഡ് മെമ്പർ ആയും പ്രവർത്തിക്കുന്നുണ്ട്. അങ്ങനെ മത സാംസ്കാരിക പ്രവർത്തക, സംഘടനാ പ്രവർത്തക, മികച്ച പ്രാസംഗിക, നർത്തകി, അവതാരിക, സംരംഭക തുടങ്ങി വിവിധ മേഖലകളിലെ സ്ത്രീകൾക്ക് രേവതി പിള്ളയുടെ വിജയം ഉജ്വല മാതൃകയായി മാറുന്നു.

## സമൃദ്ധിയിലൂടെ

മാനേജ്മെന്റ് തലത്തിൽനിന്ന് ഒരു ബിസിനസ് സംരംഭത്തിലേക്കും രേവതി പിള്ള ഇപ്പോൾ കടന്നുവന്നിട്ടുണ്ട്. സ്വന്തമായി ഒരു ബിസിനസ്സ് സംരംഭം. അടൂർ എൽ.എൽ.സി. എന്ന ഒരു കമ്പനി അമേരിക്കയിൽ തുടങ്ങി (വിശ്വാസ്). സമൃദ്ധി എന്ന ഹെയർ ഓയിൽ അമേരിക്കയിൽ വിതരണം ചെയ്ത് കേശസംബന്ധമായ പ്രശ്നങ്ങൾ അലട്ടുന്നവരെ സഹായിക്കുവാൻ ഈ സംരംഭത്തെ പാകപ്പെടുത്തിയെടുക്കുന്നു. ഒരുവർഷമായി ഇത് ആളുകളിൽ എത്തിക്കുന്നുണ്ട്. തലമുടി പൊഴിഞ്ഞു പോവുന്ന പ്രശ്നങ്ങൾക്ക് ഈ ഓയിൽ ഉപയോഗിക്കാവുന്നതാണ്. മുടി വളരുന്നതിന് വേണ്ടി അമേരിക്കയിൽ ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചാണ് ഈ ഓയിൽ നിർമ്മിക്കുന്നത്. റോസ്മേരി ഓയിൽ, അവക്കാഡോ ഓയിൽ, അംല ഓയിൽ, അലവേര ഓയിൽ എന്നിവ ഉപയോഗിച്ചാണ് ഈ ഹെയർ ഓയിൽ നിർമ്മിക്കുന്നത്. പരിപൂർണ്ണമായും പ്രകൃതിജന്യ ഓയിലാണ് സമൃദ്ധി. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ ഇത് ഉപയോഗിക്കാം. ഇതിനോടകം നിരവധി അഭിപ്രായങ്ങൾ വന്നുകഴിഞ്ഞ സമൃദ്ധി അമേരിക്ക മുഴുവൻ വ്യാപിപ്പിക്കണമെന്നാണ് രേവതി പിള്ളയുടെ പുതിയ ചിന്ത. അത് നടപ്പിലായാൽ നിരവധി പേരുടെ കേശ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും എന്ന ഉറപ്പ് അവർക്കുണ്ട്. പൂർണ്ണമായും സ്ത്രീകളാൽ നിയന്ത്രിക്കുന്ന കമ്പനി എന്ന പ്രത്യേകതയും വിശ്വാസിനുണ്ട്. (www.ourvishwas.com)

കുടുംബം തന്നെയാണ് മറ്റെല്ലാ സ്ത്രീകളെയുംപോലെ രേവതി പിള്ളയുടെയും കരുത്ത്. സർക്കാരിന്റെ താമ്രപത്രം ലഭിച്ച മുത്തച്ഛനും സാഹിത്യകാരനായ പിതാവും, നാട്ടിൽ ഇപ്പോൾ സജീവ സാമൂഹ്യ പ്രവർത്തകയുമായ അമ്മയുമാണ് രേവതി പിള്ളയുടെ ജീവിത മാർഗ്ഗ ദർശികൾ. ഒപ്പം എല്ലാ പിന്തുണയുമായി മക്കൾ നേഹ, നിഷ, തന്റെ സഹോദരങ്ങളായ ബാബുരാജ്, ചിക്കുരാജ് എന്നിവരും ഒപ്പം ഉണ്ട്. എങ്ങനെ ഒരു സ്ത്രീ പ്രതിസന്ധികൾ തരണം ചെയ്ത് ഒരു പുരുഷ കേന്ദ്രീകൃത സമൂഹത്തിൽ മുന്നേറണം എന്നതിന്റെ അടയാളമാണ് രേവതി പിള്ള. അതിനു തുടക്കമിട്ടതും രേവതി പിള്ളയുടെ കുടുംബം ആയിരുന്നു എന്ന് പറയാം. രേവതി പിള്ളയുടെ അച്ഛന്റെ അമ്മൂമ്മ രണ്ടുതലമുറക്ക് അപ്പുറം സ്കൂൾ എച്ച്എം ആയി സേവനമനുഷ്ഠിച്ചിരുന്നു. സ്ത്രീകൾ ജോലിക്ക് വീടിനു പുറത്തുപോകാത്ത ഒരു കാലത്ത് ഈ കുടുംബം അത്രത്തോളം വിശാലമായ കാഴ്ചപ്പാട് ഉണ്ടായിരുന്നതായി കഴിഞ്ഞ കാലവും തെളിയിക്കുന്നു.

കാലം അതിന്റെ കയ്യൊപ്പ് ഭൂമിയിൽ പതിപ്പിച്ചുകൊണ്ടേയിരിക്കുന്നു. മനുഷ്യൻ അവന്റെ ജീവിത ലക്ഷ്യങ്ങളും മനുഷ്യരിലും ഇടങ്ങളിലും പ്രവർത്തികളിലുമായി കോറിയിടുന്നു. രേവതി പിള്ള എന്ന സ്ത്രീ അവരുടെ ചരിത്രം എഴുതി തീർക്കുമ്പോൾ അവർക്കൊപ്പം ജ്വലിക്കുന്നുണ്ട് നിരവധി കരുത്തുള്ള സ്ത്രീകളുടെ ജീവിതവും. ഈ യാത്ര തുടരുക. രേവതി പിള്ളയുടെ സാമൂഹ്യ പ്രവർത്തനങ്ങൾ ഫൊക്കാനയ്ക്കും അമേരിക്കൻ മലയാളികൾക്കും കേരളത്തിനും ഒരു മുതൽക്കൂട്ടാകട്ടെ. പ്രാർത്ഥനകൾ.















© Kerala Express

# ജനാധിപത്യത്തിന്റെ കാവൽക്കാർ

ജോസ് കല്ലിടിക്കിൽ

അമേരിക്കയെ ഒരു സ്വയംഭരണ ജനാധിപത്യ റിപ്പബ്ലിക്കായി സ്ഥാപിക്കുവാൻ തോമസ്സ് ജെഫേഴ്സൺ ഉൾപ്പെടെയുള്ള ഭരണഘടനാ ശില്പികളെ സ്വാധീനിച്ച മുഖ്യ ഘടകം, ഈ ദേശത്തുള്ള ജനതയ്ക്ക് ജീവിക്കുവാനുള്ള അവകാശവും, സ്വാതന്ത്ര്യവും സന്തോഷവും പ്രദാനം ചെയ്യുന്നൊരു ജീവിതം തുടരുവാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതുമായിരുന്നു. രണ്ടര നൂറ്റാണ്ടോളമായി നിരവധി വെല്ലുവിളികളെ അതിജീവിച്ചും ഭേദഗതികൾക്ക് വിധേയപ്പെട്ടും നിലനില്ക്കുമ്പോഴും നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന സ്വഭാവവും ആദർശങ്ങളും ഇപ്പോഴും അതേപടി നിലകൊള്ളുന്നു. രാഷ്ട്രീയ ചായ്‌വുകളിലും നിലപാടുകളിലും വ്യക്തമായ അന്തരം നിലനില്ക്കുമ്പോഴും ദേശീയ സുരക്ഷയേയും താല്പര്യത്തെയും സംബന്ധിക്കുന്ന വിഷയങ്ങളിൽ റിപ്പബ്ലിക്കൻ-ഡെമോക്രാറ്റിക്-ഇൻഡിപെൻഡന്റ് എന്ന പരിഗണന കൂടാതെ ദേശീയതലത്തിലും സംസ്ഥാനതലത്തിലും രാഷ്ട്രീയപാർട്ടികൾക്കും ജനങ്ങൾക്കും പൊതുനിലപാട് സ്വീകരിക്കുവാനും സമവായം കണ്ടെത്തുവാനും കഴിഞ്ഞിരുന്നു.

വ്യവസ്ഥാപിതമായ നിയമങ്ങളും ഭരണഘടനാപരമായ സംവിധാനങ്ങളും അധികാര ദുർവിനിയോഗം തടയുന്ന ശക്തമായ നടപടികളും ജനതയുടെയും രാഷ്ട്രീയ നേതൃത്വങ്ങളുടെയും ദേശീയപ്രതിബദ്ധതയും പൗരബോധവുമൊക്കെയാണ് അമേരിക്കൻ ജനാധിപത്യത്തിന് ഇക്കാലമത്രയും സുരക്ഷാകവചം തീർത്തിരുന്നത്. മാധ്യമങ്ങളുടെ ജാഗ്രതയും നിരീക്ഷണ കണ്ണുകളും പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും അവ വഹിച്ച നിർണായക പങ്കും വിസ്മരിക്കാനാകില്ല.

സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പുകൾ ജനാധിപത്യത്തിന് അനിവാര്യമാണ്. ജനഹിതം അറിയുവാനുള്ള തെരഞ്ഞെടുപ്പുകൾ കൃത്യമായ ഇടവേളകളിൽ നടത്തുകയെന്നത് വേണ്ടപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയാണ്. വോട്ടവകാശം വിനിയോഗിക്കുകയെന്നത് ജനങ്ങളുടെ പൗരധർമ്മവും ജനവിധി അംഗീകരിക്കുകയെന്നത് മത്സരാർത്ഥികളുടെ കടമയും. തെരഞ്ഞെടുപ്പ് പ്രക്രിയയിൽ എവിടെങ്കിലും വീഴ്ചയോ അട്ടിമറിയോ സംഭവിച്ചാൽ ജനാധിപത്യത്തിന്റെ നിലനില്പ് ദുർബലമാകും. 2020 നവംബർ തെരഞ്ഞെടുപ്പിൽ വ്യക്തമായ ഭൂരിപക്ഷത്തിൽ വിജയിച്ച ജോ ബൈഡന്റെ തെരഞ്ഞെടുപ്പ് വിജയം അംഗീകരിക്കാൻ കൂട്ടാക്കാതെ, ഒരട്ടിമറിയിലൂടെ പ്രസിഡണ്ടായി തുടരുവാൻ ശ്രമിച്ച ഡോണൾഡ് ട്രംപും അദ്ദേഹത്തെ അന്ധമായി അനുകരിക്കുകയും സായുധവിപ്ലവത്തിനുകൂടി തയാറായതുമായ അനുഭാവികൾ അമേരിക്കൻ ജനാധിപത്യത്തിന് ഒരു ഭീഷണിയായി തുടരുന്നു.

അമേരിക്കൻ ജനാധിപത്യം നിലനിർത്തിയതിൽ നിർണ്ണായക പങ്ക് വഹിച്ചത് ഭരണഘടനാപരമായി സ്ഥാപിതമായിട്ടുള്ള ലെജിസ്ലേറ്റീവ്, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നീ സ്വതന്ത്ര ഭരണസംവിധാനങ്ങളാണ്. ഇവ മൂന്നിനും വ്യക്തമായി നിർവചിക്കപ്പെട്ടിട്ടുള്ള അധികാര മണ്ഡലവും ഏതെങ്കിലും വിഭാഗത്തിന്റെ അധികാര ദുർവി



ലിസാ ജോസഫ് കാഞ്ഞിരത്തിങ്കൽ

നിയോഗ ശ്രമങ്ങൾ നിയന്ത്രിക്കുന്നതിനും വിഫലമാക്കുന്നതിനും ഉതകുന്ന 'ചെക്ക് ആൻഡ് ബാലൻസ്സ് സിസ്റ്റ'വും ഉണ്ട്. നിയമനിർമ്മാണ ചുമതല വഹിക്കുന്ന ലെജിസ്ലേറ്റീവിന് ഒരിറ്റ് മേൽക്കോയ്മ കല്പിച്ചാണ് ഭരണഘടന രൂപകല്പന ചെയ്തിട്ടുള്ളതെങ്കിലും ഇടവേളകളിൽ ഉടലെടുക്കുന്ന ഈഗോ ക്ലാഷ്കൾക്കപ്പുറം പൂർണ്ണമായ ഭരണസ്തംഭനം അതുമൂലമുണ്ടാകാറില്ല. ദേശീയതാല്പര്യം മുൻനിർത്തി മുതിർന്ന റിപ്പബ്ലിക്കൻ-ഡെമോക്രാറ്റിക് നേതാക്കൾ വിട്ടുവീഴ്ചകൾക്ക് സന്നദ്ധരായി സമവായം കണ്ടെത്തുന്നതു വഴിയാണ് പലപ്പോഴും ലെജിസ്ലേറ്റീവിലെ റിപ്പബ്ലിക്കൻ-ഡെമോക്രാറ്റ് പക്ഷങ്ങൾ തമ്മിലും ലെജിസ്ലേറ്റീവ്-എക്സിക്യൂട്ടീവ് ബ്രാഞ്ചുകൾ തമ്മിലുമുള്ള ഭിന്നത പരിഹരിക്കപ്പെടുന്നത്. അത്തരം സമവായങ്ങൾ അമേരിക്കൻ രാഷ്ട്രീയത്തിൽനിന്നും അപ്രത്യക്ഷപ്പെടുത്തുന്ന സമീപനമാണ് ഡോണൾഡ് ട്രംപും അദ്ദേഹത്തെ പ്രീണിപ്പിക്കാൻ ഏതറ്റംവരെ പോകാൻ സന്നദ്ധരായ തീവ്ര വലതുപക്ഷ റിപ്പബ്ലിക്കൻ സെനറ്റർമാരും പ്രതിനിധി സഭാംഗങ്ങളും കൈക്കൊള്ളുന്നതിപ്പോൾ. ജനങ്ങളാൽ തിരസ്കരിയ്ക്കപ്പെട്ടിട്ടും അമേരിക്കയുടെ ലെജിസ്ലേറ്റീവ് അജണ്ട നിയന്ത്രിക്കുവാൻ ഡോണൾഡ് ട്രംപിന് സാധ്യമാകുന്നുവെന്നത് ജനാധിപത്യബോധ്യം ഇവിടെ ദുർബലമാകുന്നുവെന്നതിന്റെ ദൃഷ്ടാന്തമാണ്.

അമേരിക്കൻ പ്രസിഡണ്ട് നിയന്ത്രിക്കുന്ന എക്സിക്യൂട്ടീവ് ബ്രാഞ്ചും ലെജിസ്ലേറ്റീവ് ബ്രാഞ്ചായ യുഎസ് കോൺഗ്രസ്സിന്റെ ഭാഗമായ സെനറ്റും തമ്മിലുള്ള ധാരണയും പരസ്പര ബഹുമാനവും അമേരിക്കൻ ഭരണസംവിധാനത്തിന്റെ സുഗമമായ പ്രയാണത്തിന് മുഖ്യ ഘടകമാണ്. പ്രസിഡണ്ടിന്റെ കാബിനറ്റ് അംഗങ്ങൾ, സുപ്രധാന വകുപ്പുകളുടെ മേധാവികൾ, സുപ്രീംകോർട്ട് ഫെഡറൽ കോർട്ട്സ്സ് എന്നിവയിലെ ജഡ്ജസ് എന്നിവരെയെല്ലാം നോമിനേറ്റ് ചെയ്യുവാനുള്ള അവകാശം പൂർണ്ണമായും പ്രസിഡണ്ടിൽ നിക്ഷിപ്തമാണ്. എങ്കിലും പ്രസ്തുത പദവികളിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടവർക്ക് യുഎസ് സെനറ്റിന്റെ സ്ഥിരീകരണം ലഭിച്ചാൽ മാത്രമേ അതതു പദവികളിൽ പ്രവേശിക്കാനാകൂ. നോമിനികളുടെ അറിവും അനുഭവവും പശ്ചാത്തലവും സ്വഭാവവുമെല്ലാം വിശദ പരിശോധനയ്ക്ക് വിധേയമാക്കി അനുയോജ്യനെന്നു കണ്ടെത്തിയാൽ മാത്രമേ നോമിനേഷനുകൾക്ക് സെനറ്റ് സ്ഥിരീകരണം ലഭിക്കാറുള്ളൂ. സെനറ്റിലെ റിപ്പബ്ലിക്കൻ-ഡെമോക്രാറ്റിക് സഹകരണവും സമവായവും ഇത്തരം സ്ഥിരീകരണങ്ങൾ സുഗമവും അനുയോജ്യവുമാക്കുന്നു. ആദ്യ ഊഴത്തിൽ സെനറ്റിന്റെകൂടെ സഹകരണത്തോടെയും ധാരണയോടും കൂടെ കാബിനറ്റ് നിയമനങ്ങൾ നടത്തിയ ഡോണൾഡ് ട്രംപ്, സുപ്രീംകോർട്ട് ജഡ്ജ് ബ്രട്ട് കവൗ നവിനെതിരെ ഉയർന്ന ലൈംഗിക ആരോപണങ്ങളുടെമേൽ നടത്തിയ അന്വേഷണത്തിലെ ഗൗരവ കണ്ടെത്തലുകൾ സെനറ്റർമാരിൽനിന്നും മറച്ചുവെച്ചാണ് അദ്ദേഹത്തിന്റെ സ്ഥിരീകരണം തരപ്പെടുത്തിയത്. ഡോണൾഡ് ട്രംപിന് നിയമ പരിരക്ഷ നൽകിയ വിധിന്യായത്തെ അനുകൂലിച്ചവരിൽ ജസ്റ്റിസ് ബ്രട്ട് കവൗനവും ഉൾപ്പെടും.

ഇക്കാലമത്രയുമുള്ള ചരിത്രം പരിശോധിച്ചാൽ അനേകം അറിവും അനുഭവവും ആത്മാർത്ഥതയും ദേശസ്നേഹവുമുള്ള സെനറ്റർമാരാലും പ്രതിനിധി സഭാംഗങ്ങളാലും സമ്പന്നവും അലംകൃതവുമായിരുന്നു അമേരിക്കൻ കോൺഗ്രസ്. ദേശീയതലത്തിലും സംസ്ഥാനതലങ്ങളിലും വ്യക്തിപ്രഭാവം തെളിയിച്ചവരും ജനഹൃദയങ്ങളിൽ ഇടംനേടിയിട്ടുള്ളവരുമായ അവരിലേറെയും സ്വന്തം പ്രതിച്ഛായയുടെ കരുത്തിൽമാത്രം പലപ്പോഴും പ്രൈമറി തെരഞ്ഞെടുപ്പിൽ എതിരാളികളെ നേരിടേണ്ടിവരാതെപോലും തുടർച്ചയായി പുനർവിജയം കൈവരിച്ചവരായിരുന്നു. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അത്തരം നേതാക്കളുടെ അഭാവത്തിൽ, യുഎസ് കോൺഗ്രസ്സിലും സംസ്ഥാന ഭരണകൂടങ്ങളിലുമുള്ള റിപ്പബ്ലിക്കൻസിൽ ഏറെപ്പേർക്കും ഡോണൾഡ് ട്രംപിന്റെ അനുഗ്രഹവും പിന്തുണയും തങ്ങളുടെ വിജയത്തിന് അനിവാര്യമായിരിക്കുന്നു. പ്രതിഫലമായി ട്രംപിന് പൂർണ്ണമായും വിധേയപ്പെട്ട് അദ്ദേഹത്തിന്റെ കല്പനകൾ, അവ ജനാധിപത്യ വിരുദ്ധവും നിയമലംഘനവും ആകുമ്പോൾകൂടി അംഗീകരിക്കാൻ ഇക്കൂട്ടർ കടപ്പെട്ടിരിക്കുന്നു.

രാഷ്ട്രീയ ആഭിമുഖ്യം സുപ്രീം കോർട്ട്, ഫെഡറൽ കോർട്ട് ന്യായാധിപരുടെ നിയമനത്തെ സ്വാധീനിക്കാറുള്ളപ്പോഴും പ്രസ്തുത പദവികളിലേക്ക് പരിഗണിക്കപ്പെടുന്നവർ ആദർശവ്യക്തിത്വത്തിന്റെ ഉടമകളും ഭരണഘടനയോടും നിയമവ്യവസ്ഥയോടും വിധേയത്വം പുലർത്തി നീതിബോധം ഉള്ളവരുമാകണമെന്ന പൊതുധാരണ അമേരിക്കയിൽ എക്കാലവും നിലനിന്നിരുന്നു. അതിൽനിന്നും പൂർണ്ണമായും വ്യതിചലിച്ച് കടുത്ത യാഥാസ്ഥിതികരെയും തന്നോട് പൂർണ്ണവിധേയത്വം പുലർത്തുന്നവരെയുമാണ് ഡോണൾഡ് ട്രംപ് ന്യായാധിപരായി നിയമിച്ചത്. അദ്ദേഹത്തിന്റെ ഈ നടപടി ക്ലാസ്സിഫൈഡ് ഡോക്യുമെന്റ് കേസിൽ തനിക്ക് തുണയായി ഭവിക്കുകയും ചെയ്തു. അമേരിക്കയുടെ സുരക്ഷയെയും താല്പര്യങ്ങളെയും സംബന്ധിച്ചുള്ള ക്ലാസിഫൈഡ് ഡോക്യുമെന്റുകളുടെ വലിയൊരു ശേഖരം നാഷണൽ ആർക്കൈവ്സിന് കൈമാറാതെ ഫ്ളോറിഡയിലെ തന്റെ വസതിയിൽ അലക്ഷ്യമായി വിതറിയിട്ട അദ്ദേഹത്തെ വിചാരണപോലും കൂടാതെ കുറ്റവിമുക്തനാക്കിയ ജഡ്ജി അദ്ദേഹത്തിൽനിന്ന് തന്നെ നിയമനം ലഭിച്ചിട്ടുള്ള വ്യക്തിയാണ്. നവംബർ തെരഞ്ഞെടുപ്പിൽ ഡോണൾഡ് ട്രംപ് വിജയിച്ചാൽ ഇവർ അറ്റോർണി ജനറൽ പദവിയിലെത്തുമെന്ന് രാഷ്ട്രീയ വൃത്തങ്ങളിൽ പ്രചരിച്ചുകഴിഞ്ഞു.

ഭരണകൂടങ്ങളുടെ അഴിമതികളും അധികാര ദുർവിനിയോഗവും അടിച്ചമർത്തലുകളും തടയുന്നതിൽ വ്യവസ്ഥാപിത സംവിധാനങ്ങൾ അലംഭാവം കാട്ടുകയോ പരാജയപ്പെടുകയോ ചെയ്യുമ്പോൾ, അവ തുറന്നുകാട്ടുവാൻ പലപ്പോഴും തയ്യാറാകുന്നത് മാധ്യമങ്ങളാണ്. ജനാധിപത്യത്തിന്റെ അവിഭാജ്യ ഘടകമായ മാധ്യമങ്ങളെ ഫോർത്ത് പില്ലർ എന്ന് വിശേഷിപ്പിക്കപ്പെടുന്നു. പീഡിപ്പിച്ചും പ്രീണിപ്പിച്ചും മാധ്യമങ്ങളെ നിശബ്ദരാക്കുന്ന ഭരണകൂട പ്രവണത നാലാംതൂണിൽ പലതിലും വിള്ളൽ വീഴ്ത്തി. നിലനില്ക്കലിനെ കുറിച്ചുള്ള ആശങ്കയാകും കമലാ ഹാരിസിന് അനുകൂലമായി ലോസ് ഏഞ്ചൽസ്സ് ടൈംസ് എഡിറ്റർ മാരിയേൽ ഗാർസാ എഴുതിയ എഡിറ്റോറിയൽ പ്രസിദ്ധീകരിക്കുവാൻ പത്രഉടമ വിലക്ക് കല്പിച്ചതും അക്കാരണത്താൽ എഡിറ്റർ രാജിവെച്ചതും.

ഭാരിച്ച ചെലവേറിയ അമേരിക്കൻ തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുക സമ്പന്നർക്കും അവരുടെ പിന്തുണയും ധനസഹായവും ലഭിക്കുന്നവർക്കും മാത്രമായി ചുരുങ്ങിക്കഴിഞ്ഞു. അറിവും അനുഭവവും സേവനതല്പരരുമായ അനേകം വ്യക്തികളെ തെരഞ്ഞെടുപ്പ് രംഗത്തുനിന്നും പൊതുജീവിതത്തിൽ



ലേഖകൻ

നിന്നും വിട്ടുനിൽക്കുവാൻ ഈ സ്ഥിതി കാരണമാകുന്നു. ടെസ്‌ലാ മോട്ടേഴ്സ് ഉടമ എലോൺ മസ്ക്, ഡോണൾഡ് ട്രംപിന്റെ പ്രചാരണത്തിന് 75 മില്യൺ ഡോളർ സംഭാവനയായി നൽകി. ഏതാനും സെനറ്റ് ഹൗസ് സ്ഥാനാർത്ഥികൾക്ക് വേറെയും. പ്രത്യുപകാരം വ്യക്തമായി പ്രതീക്ഷിച്ചുകൊണ്ടാകുമല്ലോ ഒരു ചൂതാട്ടത്തിന് അദ്ദേഹം ഒരുമ്പെട്ടത്.

മുൻ മറൈൻ ജനറൽ ജോൺ കെല്ലി ഏതാണ്ട് ഒന്നരവർഷക്കാലം ഡോണൾഡ് ട്രംപിന്റെ ചീഫ് ഓഫ് സ്റ്റാഫായി സേവനംചെയ്ത വ്യക്തിയാണ്. ന്യൂയോർക്ക് ടൈംസിന് നൽകിയ ഒരഭിമുഖത്തിൽ ഒരു സ്വേച്ഛാധിപതിയായി അവരോധിക്കുവാനുള്ള ഡോണൾഡ് ട്രംപിന്റെ വ്യഗ്രത അദ്ദേഹം തുറന്നു കാട്ടി. രണ്ടാം ലോകമഹായുദ്ധത്തിൽ ആറ് മില്യണിലധികം യഹൂദരെ ക്രൂരമായി പീഡിപ്പിക്കുകയും ഗ്യാസ്ചേംബറുകളിൽ വിഷപ്പുക ശ്വസിപ്പിച്ച് വധിക്കുകയും ചെയ്ത അഡോൾഫ് ഹിറ്റ്ലറുടെ ആരാധകനാണ് ഡോണൾഡ് ട്രംപ് എന്ന വസ്തുത അദ്ദേഹം വെളിപ്പെടുത്തുകയും ചെയ്തു.

(ശേഷം 24-ാം പേജിൽ)

## ജോൺ ഐസക് ഉള്ളനാകുന്നേൽ അന്തരിച്ചു



കാലിഫോർണിയ: സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർ ആയിരുന്ന ജോൺ ഐസക് ഉള്ളനാകുന്നേൽ (93) കാലിഫോർണിയയിൽ അന്തരിച്ചു. എറണാകുളം പുതുവേലി സ്വദേശിയാണ്. ഭാര്യ: പരേതയായ ഏലിയാമ്മ ജോൺ. മക്കൾ: ഡോ. രേഖ, രേകേഷ്, റെമി. മരുമക്കൾ: മാത്യു, നീന, മനോജ്. സംസ്കാര ശുശ്രൂഷകൾ നവംബർ 2-ന് ശനിയാഴ്ച രാവിലെ 10 മുതൽ സെന്റ് മേരീസ് സിറിയക്ക് ഓർത്തഡോക്സ് ചർച്ച്. ലിവർമൂർ, കാലിഫോർണിയ. തുടർന്ന് ലിവർമൂർ മെമ്മറി ഗാർഡൻസിൽ സംസ്കാരം നടത്തും.

## ഐപിസി ഷാലോം സഭ ദശാപ്തി നിറവിൽ

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: ഐപിസി ഷാലോം സഭ പ്രവർത്തനമാരംഭിച്ചിട്ട് പത്ത് വർഷം പൂർത്തിയാക്കുന്നതിന്റെ സ്തോത്ര ശുശ്രൂഷാ സമ്മേളനം ഒക്ടോബർ ഇരുപതാം തീയതി സഭായോഗാനന്തരം നടന്നു. സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ സിസി കുര്യാക്കോസിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സഭാ സെക്രട്ടറി ബ്രദർ ജേക്കബ് സാമുവൽ സ്വാഗതം പറഞ്ഞു. ബ്രദർ സാമുവൽ ജോർജ് പ്രാരംഭപ്രാർത്ഥന നടത്തി. കഴിഞ്ഞ പത്ത് വർഷത്തെ സഭയുടെ ചരിത്രം ബ്രദർ ജോർജ് ജോൺ അവതരിപ്പിച്ചു.

അബിഗയിൽ ജോർജ് തയ്യാറാക്കിയ സഭയുടെ ചരിത്രം ഉൾക്കൊള്ളുന്ന ഡോക്യുമെന്ററിയും സൺഡേസ്കൂൾ പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്ന മാസികയും മീറ്റിംഗിൽ പ്രദർശിപ്പിച്ചു. സഹശുശ്രൂഷകന്മാരായ പാസ്റ്റർ സിസിൽ കോശി, പാസ്റ്റർ തോമസ് കുര്യൻ, പാസ്റ്റർ ഷാജി വർഗീസ്, പാസ്റ്റർ മാത്യു ഫിലിപ്പ് എന്നിവർ ആശംസകൾ അറിയിച്ചു.

മലയാളം ക്വയർ, മലയാളം യൂത്ത് ക്വയർ, ഇംഗ്ലീഷ് ക്വയർ, ഇംഗ്ലീഷ് ജൂണിയർ ക്വയർ എന്നിവർ വിവിധ സമയങ്ങളിലായി ഗാനങ്ങൾ ആലപിച്ചു. ബ്രദർ ജോജോ ജോർജ് കൃതജ്ഞത രേഖപ്പെടുത്തി. പാസ്റ്റർ മാത്യൂസ് ഫിലിപ്പിന്റെ ആശീർവാദത്തോടെ സമ്മേളനം സമാപിച്ചു.

# കലാലയത്തിന്റെ ഇടനാഴികളിലെ സൗഹൃദത്തിന്റെ സുഗന്ധം വിതറി അമിക്കോസ് സമ്മേളനം വേറിട്ട അനുഭവമായി

ഷാജി രാമപുരം

ഡാളസ്: തിരുവനന്തപുരം മാർ ഈവാനിയോസ് കോളജ് പൂർവ്വവിദ്യാർത്ഥി സംഘടനയായ അസോസിയേഷൻ ഓഫ് മാർ ഈവാനിയോസ് കോളജ് ഓൾഡ് സ്റ്റുഡന്റ്സ് (അമിക്കോസ്) നോർത്ത് അമേരിക്കയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര കൺവൻഷനും എഴുപത്തിയഞ്ചാം വാർഷികസമ്മേളനവും ടെക്സാസിലെ ഹിൽട്ടൺ ഗാർഡൻ ഇൻ ഡങ്കൻവില്ലെയിൽ വെച്ച് നടത്തപ്പെട്ടതിന്റെ സമാപന തിരശ്ശീല വീണപ്പോൾ മാർ ഈവാനിയോസ് കലാലയത്തിന്റെ ഇടനാഴികളിലെ സൗഹൃദത്തിന്റെ പഴയകാല ഓർമ്മകളുടെ സുഗന്ധം വിതറിയ ഒരു വേറിട്ട അനുഭവമായി മാറി.








1949-ൽ രൂപീകൃതമായ മാർ ഈവാനിയോസ് കോളജ് കേരളത്തിന്റെ അക്കാദമി രംഗത്തും സാംസ്കാരിക രംഗത്തും മികവിന്റെ ഒരു പര്യായമാണ്. 'കാലത്തിനപ്പുറം കലാലയത്തിനുമപ്പുറം' എന്ന ടാഗ് ലൈനിനെ ആസ്പദമാക്കി നടത്തപ്പെട്ട സമ്മേളനം ഒരു ഒത്തുചേരൽ എന്നതിനപ്പുറം കോളജിലെ പൂർവ്വ വിദ്യാർത്ഥികളിൽ ഇപ്പോഴും ആഴത്തിൽ വേരോടുന്ന മധുരമേറിയ ഓർമ്മകളെ പുതുക്കുവാനും പുതിയ വ്യക്തിബന്ധങ്ങൾ സൃഷ്ടിക്കുന്നതിനും ഇടയായതായി സമ്മേളനത്തിൽ പങ്കെടുത്തവർ സാക്ഷ്യപ്പെടുത്തി.

അമിക്കോസ് രക്ഷാധികാരിയും കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ വൈസ് പ്രസിഡണ്ടും മലങ്കര കത്തോലിക്കാ സഭയുടെ ബത്തേരി രൂപതയുടെ അദ്ധ്യക്ഷനും തിരുവനന്തപുരം മാർ ഈവാനിയോസ് കോളജ് മുൻ അദ്ധ്യാപകനും പ്രമുഖ ധനതത്വശാസ്ത്ര പണ്ഡിതനുമായ ബിഷപ് ഡോ. ജോസഫ് മാർ തോമസാണ് രാജ്യാന്തര സമ്മേളനം ഉദ്ഘാടനം ചെയ്തത്. ചടങ്ങിൽ മുൻ ഡിജിപി ഋഷിരാജ് സിംഗ് ഐപിഎസ്, ചലച്ചിത്ര താരങ്ങളായ നന്ദു, സാബു തിരുവല്ല, ഡിനി എലിസബത്ത് ദാനിയേൽ, പ്രമുഖ ന്യൂറോ സർജൻ ഡോ. അരുൺ ഉമ്മൻ (എറണാകുളം), എഴുത്തുകാരിയും കവിയുമായ ത്രേസ്യാമ്മ നാടാവള്ളിൽ, ഗായകനും സംഗീത സംവിധായകനുമായ ഡോ. രജു ജോസഫ് (കൊച്ചി) തുടങ്ങിയവർ മുഖ്യാതിഥികളായിരുന്നു.

ഡാളസിലെ ഡങ്കൻവില്ലെ സിറ്റി മേയർ ഗ്രേഗ് കോൺട്രേറസ്, ഫൊക്കാന സ്ഥാപകാംഗവും അമിക്കോസ് വൈസ് പ്രസിഡണ്ടുമായ ഡോ. അനിരുദ്ധൻ, ഫാ. സജി മുക്കൂട്ട് (അറ്റ്ലാന്റ), വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൺ പ്രസിഡണ്ട് ജോൺസൺ തലച്ചെല്ലൂർ, ഡോ. ജോഷി ജേക്കബ് (അറ്റ്ലാന്റ), ഡോ. മാത്യു ടി. തോമസ് (വാഷിങ്ടൺ), ഡോ. ജേക്കബ് ഈപ്പൻ (കാലിഫോർണിയ), ഡോ. സുരേഷ് സാമുവേൽ (ലണ്ടൻ), ജോർജ് എസ്. ജോർജ് (മെൽബോൺ), സാജൻ പോൾ (കൊച്ചി) തുടങ്ങിയവരെ കൂടാതെ അമേരിക്കയിലെ വിവിധ സാമൂഹിക സാംസ്കാരിക നേതാക്കളും സമ്മേളനത്തിൽ പങ്കെടുത്തു. സമാപനസമ്മേളനം അമിക്കോസ് പ്രസിഡണ്ടും മുൻ കേരള സംസ്ഥാന ചീഫ് സെക്രട്ടറിയും പ്രമുഖ സാഹിത്യകാരനും കവിയുമായ കെ. ജയകുമാർ ഐഎഎസ് ഉദ്ഘാടനം ചെയ്തു. മൂന്നുദിവസം നടന്ന സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ വിവിധ





പരിപാടികളിൽ സ്ത്രീകൾ തുഴഞ്ഞ ചുണ്ടൻവള്ളവും നാടൻ കലാരൂപമായ വില്ലടിച്ചാൻ പാട്ടും മാവേലിത്തമ്പുരാന്റെ എഴുന്നള്ളത്തും ഗസ്സൽ ഗാനമേളയും വിവിധ അമേരിക്കൻ കലാരൂപങ്ങളും ഏവരുടെയും പ്രശംസ പിടിച്ചുപറ്റി.

ഡോ. നീനാ ഈപ്പൻ (മെരിലാൻഡ്), അനീഷ ജോൺ എന്നിവർ സമ്മേളനത്തിന്റെ എംസിമാരായി പ്രവർത്തിച്ചു. അമിക്കോസ് അന്താരാഷ്ട്ര കൺവൻഷന്റെ പ്രസിഡണ്ട് സാബു തോമസ് (ചിക്കാഗോ), കൺവീനർ ജിമ്മി കുളങ്ങര (ഡാളസ്), കോ-കൺവീനർ സുജൻ കാക്കനാട്ട് (ഹൂസ്റ്റൺ) എന്നിവരുടെ നേതൃത്വത്തിലുള്ള വിപുലമായ കമ്മിറ്റിയാണ് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്.







# THREATS TO U.S. DEMOCRACY: A VIEWPOINT

**George Abraham**

One of the favorite slogans from the Left during the current American Election campaign is that Donald Trump, the Republican candidate for the Presidency, is a threat to democracy. America is indeed the world's oldest democracy, and the founders of this great nation have put together a system of government that protects individual freedom and liberty that is unmatched in the history of the world. Those of us who are recent immigrants are in awe of how relevant those provisions still are to protect the life and property of every citizen today, though they came into force in 1789 when most of the world was alien to those noble concepts.

Democracy is the rule by the people. It is a system of government in which the people of that country directly or indirectly decide laws, policies, leadership, and other polity. Essential elements of democracy also include pluralistic political parties, fair elections, transparent governance, civil liberties, and free media. Some studies state that 24 countries in the world are full democracies. The United States exemplified a multifaceted democracy that led the world in this grand experiment. However, today, questions are being raised about whether the country is fully living up to the letter and spirit of its Constitution or sliding fast toward the category of flawed democracies worldwide!

When one talks about threats to democracy in the United States, the January 6, 2021, riots at Capitol Hill by Trump supporters are foremost in anybody's mind. It was an effort to prevent Congress from certifying the election, which Trump and his followers claimed was stolen from them. Undoubtedly, it was an egregious violation of the Constitution that would have subverted the rule of law and prevented the continuity of the government. A failure of peaceful transfer of power would have severe repercussions on the affairs of the State, and the ensuing power struggle would have destroyed the democratic fabric and destabilized American society. However, the system of government was resilient to thwart any such threat, and the institutions proved their mettle and saved democracy.

At the core of healthy democracies are free and fair elections. Unless there is a system in place to protect the integrity and practices of the election process, democracy itself will be in peril. Whether suppressing voting rights, manipulating EVMs or electoral rules, or attempting to overturn valid election results are all tantamount to threats to democracy and its foundational principles, and great vigilance by the citizenry is in order. In addition, allowing non-citizens to register and vote also imperils the true will of the people. In some States, an undocumented immigrant is eligible to get a driver's license and has the opportunity to register to vote, thereby possi-



George Abraham

bly getting into the voter rolls. The recent suit filed by the Justice Department against the Commonwealth of Virginia challenging the removal of non-citizens from voting in the upcoming election is truly bizarre. It gives further fodder to the critics who argue that the current dispensation in governance favors winning at any cost. While the system should do everything to prevent voter suppression, the popular narrative that a voter I.D. law would contribute to such an outcome is essentially baseless. In the United States today, an I.D. is required for almost everything we do; why not a nationwide voter I.D. law to uphold elections' integrity? If India can do it with 700 million voters, a more advanced society like the U.S. could accomplish that task rather easily.

Persecution and killings of political opponents are not a rare occurrence in countries ruled by authoritarian governments. Respecting diversity of opinions and defending the freedom of expression of every citizen is a hallmark of a thriving democracy. However, lately, even in the U.S., the power centers are increasingly focusing their efforts on weaponizing the justice system to undermine and weaken political opponents. In India, too, there are an increasing number of cases where investigating agencies are being deployed to destroy political opponents and silence the critics. Justice should be impartial and objective, without bias or favoritism. Otherwise, it is a more significant threat to democracy.

The term fourth estate refers to the press and news media in their 'explicit capacity of advocacy and implicit ability to frame political issues.' However, as we all witness today, objective journalism is simply dead. It is the fourth estate that should hold power to account today. Responsible journalism should call for upholding fundamental principles of defending democracy and citizen's right to self-governance. Without democracy, there will not be a free press, and without independent journalism, there can be no democracy. Unless the media is willing to discover the truth honestly, democracy will die a slow death. In the United States today, there is such a partisan divide among the media that the people are not well served. Consequently, so much misinformation and disinformation across the 'Net confuse the public to the detriment of a genuinely democratic process. The failure of the press to practice objective journalism and their unwillingness to stand up for the moral code is one of the biggest threats to democracies everywhere.

The other important topic of our day is whether we should censor information to protect democracy. The spread of propaganda, misinformation, and biased narratives on social media is a growing concern in many democracies. The recent ban by the European Union on Russian TV brings that issue more into focus. Censorship is the suppression of ideas and information some individuals or groups find objectionable and dangerous.

(see page 30)

# ആത്മസംഗീതം സംഗീതപരിപാടി ശ്രുതിമധുരമായി

**ജീമോൻ റാന്നി**

ഹൂസ്റ്റൺ: പ്രശസ്ത ക്രിസ്തീയ ഭക്തി ഗായകരായ കെസ്റ്ററും ശ്രേയ ജയദീപും നയിച്ച 'ആത്മസംഗീതം' ക്രിസ്ത്യൻ ലൈവ് സംഗീതസന്ധ്യ ശ്രുതിമധുരമായ നിരവധി ഗാനങ്ങളുടെ ആലാപനം കൊണ്ട് ശ്രദ്ധേയമായി.

ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്യൂണിറ്റിയുടെ (ഐസിഇസിഎച്ച്) ആഭിമുഖ്യത്തിൽ അംഗത്വമുള്ള 20 ഇടവകകളുടെ സഹകരണത്തിൽ ഹൂസ്റ്റൺ സെ. തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഹാളിൽ വെച്ച് ഒക്ടോബർ 12-ന് വൈകിട്ട് 6-ന് നടത്തിയ ആത്മസംഗീതം സംഗീത പരിപാടി തികച്ചും ആസ്വാദ്യകരമായി.

കെസ്റ്ററും ശ്രേയ ജയദീപും ആലപിച്ച ക്രിസ്ത്യൻ ഭക്തിഗാനങ്ങൾ സദസ്സിനെ ഹർഷഭരിതരാക്കി. ഐസിഇസിഎച്ച് പ്രസിഡണ്ട് ഫാ. ഡോ. ഐസക് ബി. പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബിഷപ് അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നേഷ്യസ് ഉദ്ഘാടനം ചെയ്തു. ഫാ. ജോണിക്കുട്ടി പുലിശ്ശേരി പ്രാരംഭപ്രാർത്ഥന നടത്തി. ഫാ. മാമ്മൻ മാത്യു കോർ എപ്പിസ്കോപ്പ, ഫാ. ജോൺസൺ പുഞ്ചക്കോണം, റവ. ഏബ്രഹാം സക്കറിയ, ഫാ. ബിന്നി ഫിലിപ്പ്, ഫാ. ക്രിസ്റ്റോഫർ മാത്യു, ഫാ. പൗലോസ് പീറ്റർ, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു തുടങ്ങിയവർ സന്നിഹിതരായിരുന്നു. ട്രഷറർ രാജൻ അങ്ങാടിയിൽ, പ്രോഗ്രാം കോ-ഓർഡിനേറ്റർ മിസിസ് സിമി തോമസ്, ജോൺസൺ വർഗീസ്, റെജി കോട്ടയം, ബിജു ചാലക്കൽ, ഐസിഇസിഎച്ച് പിആർഒ ജോൺസൺ, ഉമ്മൻ നൈനാൻ വീട്ടിനാൽ എന്നിവർ പരിപാടിക്ക് നേതൃത്വം നല്കി.

ഈ സംഗീത പരിപാടിയുടെ വിജയത്തിനായി സഹകരിച്ച എല്ലാവർക്കും സെക്രട്ടറി റെജി ജോർജ് നന്ദി പ്രകാശിപ്പിച്ചു.





# മലയാളിയുടെ മികവിന് അംഗീകാരം; അഭിമാനമായി കേരള സെന്റർ അവാർഡ്

ജോസ് കാടാപുറം

ന്യൂയോർക്ക്: കേരള സെന്ററിന്റെ മുപ്പത്തിമൂന്നാമത് അവാർഡ്ദാനച്ചടങ്ങ് ഹൃദയഹാരിയായി. സ്വന്തമായി വലിയ നേട്ടങ്ങൾ കൈവരിക്കുകയും സമൂഹത്തിന് ഏറെ നന്മകൾ ചെയ്യുകയും ചെയ്ത എട്ടുപേരെ കണ്ടെത്തി അവാർഡുകൾ നല്കി ആദരിച്ചത് മലയാളി സമൂഹത്തിന് മാതൃകയും പ്രചോദനവുമായി.

അവാർഡ് കമ്മിറ്റി ചെയർ ഡോ. തോമസ് ഏബ്രഹാമിന്റെ ആമുഖത്തോടെ ചടങ്ങുകൾ ആരംഭിച്ചു. എം.സി ഡെയ്സി സ്റ്റീഫനെ അദ്ദേഹം ക്ഷണിച്ചു. 1999-ലും 2020-ൽ കോവിഡ് കാലത്തും മാത്രമാണ് അവാർഡ് മുടങ്ങിയതെന്ന് ഡെയ്സി സ്റ്റീഫൻ പറഞ്ഞു. ഇതിനകം 185 പേർക്ക് അവാർഡുകൾ നല്കിയതായി ഡോ. തോമസ് ഏബ്രഹാം പറഞ്ഞു. ശശി തരൂർ, കോൺഗ്രസ് അംഗം പ്രമീള ജയ്പാൽ എന്നിവരൊക്കെ അതിൽപ്പെടും. അവാർഡ് ജേതാക്കൾ പിന്നീട് കൂടുതൽ ഉയർച്ചയിലെത്തുന്നതും നമ്മൾ കണ്ടു.

റിയ അലക്സാണ്ടർ ദേശീയ ഗാനങ്ങൾ ആലപിച്ചു. കേരള സെന്റർ പ്രസിഡണ്ട് അലക്സ് എസ്തപ്പാന്റെ സ്വാഗതത്തിനുശേഷം നൂപുരയുടെ പൂജാ ഡാൻസ് അരങ്ങേറി.

സുവനീർ കമ്മിറ്റി ചെയർ പി.റ്റി. പൗലോസ്, മേരി ഫിലിപ്പ്, ജി. മത്തായി, ഏബ്രഹാം തോമസ്, രാജു തോമസ് എന്നിവർ സുവനീറിന്റെ കോപ്പി ജമിനി തോമസിനു നല്കി പ്രകാശനം ചെയ്തു.

അവാർഡ് നിർണയ രീതിയെപ്പറ്റി ഡോ. തോമസ് ഏബ്രഹാം നല്കിയ വിവരണത്തിനുശേഷം പബ്ലിക് സർവീസിനുള്ള അവാർഡ് ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റർ കെവിൻ തോമസ് ന്യൂജേഴ്സി ഗവൺമെന്റ് ഇന്ത്യാ കമ്മീഷൻ ചെയർമാനും വിവിധ ബോർഡുകളിൽ അംഗവുമായ വെസ്ലി മാത്യൂസിന് സമ്മാനിച്ചു. വലിയ ഭാവിയുള്ള യുവാവാണ് വെസ്ലിയെന്ന് സെനറ്റർ ചൂണ്ടിക്കാട്ടി.


ഒരു സ്റ്റേറ്റ് മഹത്തരമാകുന്നത് (ഗ്രേറ്റ്) അവിടെയുള്ള ജനങ്ങൾ എത്ര മഹത്തുക്കൾ ആണെന്നതിനെ ആശ്രയിച്ചിരിക്കുന്നു.... വെസ്ലി മാത്യൂസിന് സെനറ്റർ കെവിൻ നല്കിയ ബഹുമതിപത്രത്തിൽ ചൂണ്ടിക്കാണിക്കുന്നു. മറുപടി പ്രസംഗത്തിൽ മറ്റുള്ളവരെ സഹായിക്കാത്ത ജീവിതം വ്യർത്ഥമാണെന്ന അടിക്കുറിപ്പോടെ മദർ തെരേസായുടെ ഒരു ചിത്രം തന്റെ ഡാളസിലെ വീട്ടിലുള്ളത് വെസ്ലി മാത്യൂസ് ചൂണ്ടിക്കാട്ടി. ചെറുപ്പത്തിൽ തന്റെയും സഹോദരിയുടെയും മനസ്സിൽ അത് മായാത്ത ഓർമ്മയായി. നമ്മുടെ മുൻതലമുറയുടെ ത്യാഗത്തിലാണ് നമ്മുടെ ജീവിതം കെട്ടിപ്പടുത്തിരിക്കുന്നത്. അവസരങ്ങൾ തേടിവന്നതിനാൽ അവർ അത്രയൊന്നും സിവിക് മൈൻഡഡ് ആയിരുന്നില്ല.



ഡാളസിൽ ജനിച്ചുവളർന്ന താൻ ചെറുപ്പത്തിൽ റേസിസം അനുഭവിച്ചിട്ടുണ്ട്. സ്കൂൾ സിസ്റ്റത്തിൽ തന്നെപ്പോലുള്ളവർ നാലു പേരെ അന്നുണ്ടായിരുന്നുള്ളൂ. അന്ന് എന്റെ പൈതൃകത്തെപ്പറ്റി അഭിമാനം തോന്നിയില്ല. എന്നാൽ, പിതാവിന്റെ കൈയിൽ നിന്ന് ഇന്ത്യയെപ്പറ്റിയും കേരളത്തെപ്പറ്റിയും പുസ്തകങ്ങൾ വാങ്ങി വായിച്ചതോടെ ആ ചിന്താഗതി മാറി. ഇന്ത്യൻ പതാക വാങ്ങി അമേരിക്കൻ പതാകയ്ക്കൊപ്പം ബെഡ്റൂമിൽ പ്രതിഷ്ഠിച്ചു. ഇന്നും അത് അവിടെയുണ്ട്.









ഇന്ത്യൻ അമേരിക്കൻ ആണ് നാം. അതിൽ അഭിമാനം കൊള്ളുന്നവർ.

താൻ ഇലക്ടഡ് അല്ല. സർക്കാർ ഉദ്യോഗസ്ഥനാണ്. സെനറ്റർ കെവിനും അസംബ്ലി വുമൺ മിക്കേൽ സൊളാജസും ഇലക്ടഡ് ആണ്. രണ്ട് വിഭാഗത്തിന്റെയും ലക്ഷ്യം സേവനം തന്നെ. തന്റെ സമപ്രായക്കാരനായ സെനറ്റർ കെവിനും വലിയ ഭാവിയുണ്ടെന്ന് വെസ്ലി പറഞ്ഞു.

ജീവകാരുണ്യ പ്രവർത്തനത്തിനുള്ള അവാർഡ് ഏറ്റുവാങ്ങിയ ജോൺസൺ സാമുവേലിന്റെ പ്രസംഗം ഏവരുടെയും ഹൃദയങ്ങളെ സ്പർശിക്കുന്നതായി. യൂത്ത് ഫോറം അംഗം ആനി അലക്സാണ്ടർ അദ്ദേഹത്തെ പരിചയപ്പെടുത്തി. ജി. മത്തായി അവാർഡ് സമ്മാനിച്ചു. ജോണി സഖറിയ, വർഗീസ് ഏബ്രഹാം എന്നിവരും സന്നിഹിതരായിരുന്നു.

പതിനേഴ് വയസ്സിൽ അമേരിക്കയിലെത്തിയ താൻ 2011-ൽ കേരളത്തിലെത്തിയപ്പോൾ കാലില്ലാത്ത ഒരാളെ കണ്ടത് ജോൺസൺ സാമുവേൽ അനുസ്മരിച്ചു. അയാളുടെ സ്ഥാനത്ത് താനായിരുന്നെങ്കിൽ എന്ന് ആലോചിച്ചു. അമേരിക്കയിലെ കാലില്ലാത്തവർ കൃത്രിമ കാലിൽ നടക്കുന്നു. എന്തുകൊണ്ട് ഇന്ത്യയിൽ അത് പറ്റുന്നില്ല.





അങ്ങനെ ഞങ്ങൾ അഞ്ച് കുടുംബങ്ങൾ ഓരോ വർഷവും പത്ത് കാലുകൾ നല്കാൻ തീരുമാനിച്ചു. 2014-ൽ അത് തുടങ്ങി. ആരെയും അറിയിച്ചില്ല. മൂന്നുവർഷം കഴിഞ്ഞപ്പോൾ പലരും അറിഞ്ഞു. അവരും സഹായിക്കാനെത്തി. ഇതുവരെ 204 പേർക്ക് കാല് നല്കി. ഈവർഷം നൂറു പേർക്ക് കാല് നല്കും.

ജർമ്മൻ കമ്പനിയിൽ നിന്നു വാങ്ങുന്ന ഏറ്റവും മികച്ചതാണ് നല്കുന്നത്. അതിന് രണ്ടായിരം ഡോളർ വിലവരും. കാലുകൾ നഷ്ടപ്പെടുന്നത് കൂടുതലും വാഹനാപകടത്തിലാണ്. അതോടെ അവർ ഡിപ്രഷനിലാകുന്നു. പിന്നെ ചിന്തിക്കുന്നത് ആത്മഹത്യയെപ്പറ്റിയാണ്. അതിനാൽ കാല് നല്കുമ്പോൾ ജീവിതമാണ് നല്കുന്നത്. കാലില്ലാത്തവരെ ആർക്കെങ്കിലും അറിയാമെങ്കിൽ അറിയിക്കണം. അവർക്ക് നാം കാല് നല്കും.

ഇത് തന്റെ സംഘടനയൊന്നുമല്ല. അതിനാൽ ആർക്കും സഹായിക്കാം. അലക്സ് എസ്തപ്പാൻ അപ്പോൾ തന്നെ ആയിരം ഡോളർ നല്കി. കേരള സെന്ററിന്റെ സഹായവും വാഗ്ദാനം ചെയ്തു.

ബാങ്കിംഗിലോ ഷൂ നിർമ്മാണത്തിലോ തനിക്ക് ഒരു പരിചയവുമില്ലായിരുന്നുവെന്ന് ബിസിനസ് ലീഡർഷിപ്പ് അവാർഡ് നേടിയ വർക്കി ഏബ്രഹാം പറഞ്ഞു. തന്റെ നേട്ടങ്ങളെല്ലാം ദൈവത്തിന്റെ അനുഗ്രഹം മാത്രമാണ്. ധാരാളം വിഷമതകൾ നേരിട്ടു. 2007-08 കാലത്ത് ഹാനോവർ ബാങ്ക് പ്രതിസന്ധിയിലായി. തുടർന്ന് സഹായത്തിനായി മുത്തൂറ്റ് ഫിനാൻസ്, ജോൺ ടൈറ്റസ്, ബേബി ഊരാളിൽ, ഗീവർഗീസ് മത്തായി, മറ്റ് ചില സുഹൃത്തുക്കൾ എന്നിവരെ കൂടെ കൂട്ടി. അതോടെ സ്ഥിതി മാറി. ഇന്നിപ്പോൾ ബാങ്കിന്റെ ആസ്തി 3 ബില്യൺ ഡോളറാണ്. മൈനോരിറ്റി ഉടമയായ ചുരുക്കം ചില ബാങ്കുകളിലൊന്നാണ്. പത്ത് ഡോളറിന്റെ ഷെയർ ഇപ്പോൾ 18 ഡോളറിനാണ് വിൽക്കുന്നത്. അതുപോലെ സ്മോൾ ബിസിനസ് ലോൺ (എസ്ബിഎ) നല്കാനുള്ള അനുമതിയും ലഭിച്ചു.

ലതർ ബിസിനസിലെ പ്രമുഖ കമ്പനിയാണ് തന്റെ ഉടമസ്ഥതയിലുള്ള വി.എ സ്മിത്ത്.

(ശേഷം 24-ാം പേജിൽ)

# ക്യാപ്പിറ്റലിസമോ സോഷ്യലിസമോ?

ഷാജി മണിയാറ്റ്

ആഴ്ചകൾക്കകം അമേരിക്കൻ ജനത പോളിംഗ് ബൂത്തിലേക്ക് നീങ്ങുകയാണ്. അമേരിക്കയുടെ മാത്രമല്ല, ലോകത്തിന്റെ തന്നെ ഭാവി നിർണ്ണയിക്കുന്ന തെരഞ്ഞെടുപ്പായിരിക്കും നവംബർ 5-ലെ തെരഞ്ഞെടുപ്പ്. പ്രധാനപ്പെട്ട രണ്ടു പാർട്ടികൾ മാത്രമല്ല ഗ്രീൻ പാർട്ടിയും ബാലറ്റിൽ ഇടംനേടി. പ്രൈമറികളിൽ കൂടി സ്ഥാനാർത്ഥിത്വം നേടിയെടുത്ത മുൻ പ്രസിഡണ്ട് ട്രംപും അവസാനനിമിഷം ബൈഡൻ മാറിക്കൊടുത്തതിനാൽ സ്ഥാനാർത്ഥിയായ കമലാ ഹാരിസും നേർക്കുനേർ പോരാടുന്നു.

കഴിഞ്ഞ നാലുവർഷത്തെ ഭരണനേട്ടം എടുത്തുപറയുവാൻ ഡെമോക്രാറ്റിക് പാർട്ടിക്ക് ഒന്നുംതന്നെയില്ല. നിത്യോപയോഗ സാധനങ്ങളുടെ വില അവർ അധികാരത്തിൽ എത്തിയ നാളത്തേക്കാൾ മൂന്നും നാലും ഇരട്ടിയായി വർദ്ധിച്ചു. സാധാരണക്കാരന്റെ ജീവിതച്ചെലവുകളും പെട്രോളിന്റെ വിലയും ക്രമാതീതമായി ഉയർന്നു. 2020-ൽ അമേരിക്കയുടെ കടം 20 ട്രില്യൺ ആയിരുന്നത് നാല് വർഷംകൊണ്ട് 35 ട്രില്യണായി വർദ്ധിച്ചു. ഓരോ അമേരിക്കക്കാരന്റെയും കടം ഒരു ലക്ഷത്തിനാലായിരം ആയിത്തീർന്നു. നാല് വർഷത്തിനു മുമ്പുണ്ടായിരുന്ന ഇൻഫ്ളേഷൻ 1.9 ശതമാനത്തിൽ നിന്നും 5.7 ശതമാനമായി ഉയർന്നു.

കഴിഞ്ഞ നാലു വർഷത്തിനിടയിൽ 11 മില്യൺ അനധികൃത കുടിയേറ്റക്കാർ അമേരിക്കയിലേക്ക് എത്തി. ഇവർക്കെല്ലാം തന്നെ എമേർജൻസി മെഡിക്കൽ സർവീസ്, കുട്ടികൾക്ക് സ്കൂൾ സൗകര്യങ്ങൾ, സ്കൂളിൽ ആഹാരം ഫ്രീയാണ്. എഎഫ്ഡിസി സൗകര്യങ്ങൾ, ഫുഡ് സ്റ്റാമ്പ് തുടങ്ങി ഈ നാട്ടിലെ പൗരന്മാർ അനുഭവിക്കുന്നതിലും മെച്ചപ്പെട്ട ജീവിതനിലവാരം സൗജന്യമായി നല്കുന്നുണ്ട്. ഇതെല്ലാം തന്നെ അമേരിക്കയിലെ സാധാരണക്കാരന്റെ നികുതിപ്പണം ഉപയോഗിച്ചാണ് ചെയ്യുന്നത്. അമേരിക്കയിലെ വമ്പൻ കോർപ്പ


ലേഖകൻ

റേറ്റുകളും മറ്റും പല പഴുതുകൾ ഉപയോഗിച്ച് നികുതിയിൽ നിന്നും ഒഴിവാകും. ലോ ഇൻകം ആൾക്കാർക്ക് നികുതി ഇളവുണ്ട്. എന്നാൽ, ഈ ചെലവുകൾ മുഴുവൻ സാധാരണക്കാരന്റെ ചുമലിൽ കെട്ടിവെക്കുന്നതാണ് ഡെമോക്രാറ്റുകൾ ചെയ്യുന്നത്.

കഴിഞ്ഞ നാലു വർഷംകൊണ്ട് കമലാ ഹാരിസ് പ്രതിനിധാനം ചെയ്യുന്ന ഡെമോക്രാറ്റിക് പാർട്ടി അമേരിക്കയിൽ എന്താണ് ചെയ്തത്? ഇറാനുമായുള്ള ന്യൂക്ലിയർ കരാർ പുനർജ്ജീവിപ്പിച്ചു. ട്രംപ് ഗവൺമെന്റ് മരവിപ്പിച്ചിരുന്ന ഇറാന്റെ വിദേശനിക്ഷേപം പിൻവലിക്കുവാൻ അവരെ അനുവദിച്ചു. ഏതു സ്റ്റേജിലുള്ള അബോർഷനെയും പിന്തുണച്ചു. സെനറ്ററായിരുന്നപ്പോൾ കശ്മീർ വിഷയത്തിൽ പാക്കിസ്ഥാനെ അനുകൂലിച്ച കമലാ ഹാരിസ് കഴിഞ്ഞ നാലു വർഷമായി ഇന്ത്യക്ക് അനുകൂലമായി ഒന്നുംതന്നെ ചെയ്തിട്ടില്ല. താലിബാനുമായുള്ള ആറ് വർഷത്തെ യുദ്ധത്തിന് ശേഷം അമേരിക്കൻ സൈന്യത്തെ അഫ്ഗാനിസ്ഥാനിൽ നിന്നും പിൻവലിച്ചപ്പോൾ 7.2 ബില്യൺ വിലയുള്ള മിലിട്ടറി ആയുധങ്ങൾ താലിബാന് സമ്മാനമായി കൊടുത്തിട്ടാണ് അമേരിക്കൻ പട്ടാളത്തെ അവിടെനിന്നും കൊണ്ടുവന്നത്. 78 യുദ്ധവിമാനങ്ങളും 9524 ഗ്രൗണ്ട് വാഹനങ്ങളും 427300 ആയുധങ്ങളും അതിൽ ഉൾപ്പെടുന്നു. നാലു വർഷത്തെ ഭരണത്തിൽ വിദേശനയം പരാജയമായിരുന്നു എന്നു സമ്മതിക്കാതെ വയ്യ.

2016 മുതൽ 2020 വരെയുള്ള ട്രംപ് ഭരണകാലത്ത് ഒരു വലിയ യുദ്ധവും ലോകത്ത് നടന്നില്ല എന്ന് എടുത്തുപറയേണ്ട കാര്യമാണ്. റഷ്യയുമായും കൊറിയയുമായും സമാധാനാന്തരീക്ഷത്തിൽ കഴിയുവാൻ സാധിച്ചു. ഇറാനുമായി ന്യൂക്ലിയർ കരാർ റദ്ദു ചെയ്തു. നാണയപ്പെരുപ്പം കുറഞ്ഞു, സാധാരണക്കാർക്ക് നികുതിയിളവ് ലഭിച്ചു. ചൈനീസ് ഉല്പന്നങ്ങളുടെമേൽ അധികനികുതി ചുമത്തി. പ്രതിരോധവ്യാപാരം 18 ബില്യണായി കൂട്ടിക്കൊണ്ടുവന്നു. സിവിൽ ന്യൂക്ലിയർ പദ്ധതി വഴി ചൈനയുടെ വെല്ലുവിളി കുറയ്ക്കുവാൻ സാധിച്ചു. 1995 മുതൽ അമേരിക്കൻ കോൺഗ്രസ് പാസാക്കിയ യെരുശലേം ഇസ്രായേലിന്റെ തലസ്ഥാനമാക്കിയ തീരുമാനം നടപ്പിൽവരുത്തി യെരുശലേമിൽ അമേരിക്കൻ എംബസി മാറ്റിസ്ഥാപിച്ചു. ബിൽ ക്ലിന്റണും ഒബാമയ്ക്കും ബുഷിനും സാധിക്കാത്ത കാര്യം നിശ്ചയദാർഢ്യത്തോടെ നടപ്പാക്കുവാൻ ട്രംപ് ഭരണകൂടത്തിന് സാധിച്ചു.

പ്ലാന്റ് പേരന്റ് ഹുഡ്, ഗേ, ലെസ്പിയൻ സംഘടനകൾ, ട്രാൻസ്ജെൻഡേഴ്സ് തുടങ്ങിയ അസന്മാർഗിക സംഘടനകളുടെ പിൻബലമുള്ള കമലാ ഹാരിസിന് ഫോക്സ് ന്യൂസ് ഒഴികെയുള്ള എല്ലാ മാധ്യമങ്ങളുടെയും പിൻബലം ഉണ്ട്. ഒന്നും രണ്ടും ജോലി ചെയ്തു ജീവിക്കുന്ന സാധാരണക്കാരന്റെ നികുതിപ്പണം ഉപയോഗിച്ച് അനധികൃത കുടിയേറ്റക്കാർക്ക് ആനുകൂല്യങ്ങൾ വാരിക്കോരി കൊടുക്കുന്നതിന്റെ ഉദ്ദേശ്യം അവരുടെ വോട്ട് ബാങ്കിൽ കണ്ണുനട്ടല്ലെന്ന് ആർക്ക് പറയാൻ സാധിക്കും?

സമാധാനകാംക്ഷികളായ ഇന്ത്യൻ വംശജർക്ക് ഡെമോക്രാറ്റിക് പാർട്ടിയുടെ സോഷ്യലിസ്റ്റ് ചിന്താഗതിയോട് യോജിക്കുവാൻ പ്രയാസമായിരിക്കും. ഇസ്രായേലിനെതിരായി അമേരിക്കൻ കാമ്പസുകളിൽ നടന്ന പ്രക്ഷോഭങ്ങളിൽ അധികാരികൾ കാണിക്കുന്ന നിസ്സംഗത, തെരുവുകളിൽ അമേരിക്കൻ പതാകകൾ വരെ കത്തിച്ചപ്പോൾ പോലീസ് നോക്കിനിന്നത് ഇതൊക്കെയും ഭരണകൂടത്തിന്റെ ഉത്തരവാദിത്വമില്ലായ്മയുടെ ഉദാഹരണമല്ലേ? ഈ തെരഞ്ഞെടുപ്പിൽ ട്രംപ് ജയിക്കാതിരുന്നാൽ അമേരിക്കൻ ജനതയ്ക്ക് പിന്നീട് പശ്ചാത്തപിക്കേണ്ടതായി വന്നേക്കാം.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 84.08 |
| യൂറോ | 91.00 |
| സ്റ്റെർലിംഗ്പൗണ്ട് | 109.24 |
| സ്വിസ് ഫ്രാങ്ക് | 97.10 |
| സിംഗപ്പൂർ ഡോളർ | 63.62 |
| കനേഡിയൻ ഡോളർ | 60.51 |
| ഒമാൻ റിയാൽ | 218.39 |
| ബഹ്റൈൻ ദിനാർ | 223.10 |
| സൗദി റിയാൽ | 22.39 |
| യു.എ.ഇ. ദിർഹം | 22.89 |
| കുവൈത്ത് ദിനാർ | 274.29 |

# മാർപാപ്പയുടെ ചാക്രികലേഖനം 'ദിലേക്സിത്ത് നോസ്' പ്രസിദ്ധീകരിച്ചു

വത്തിക്കാൻ: യേശുവിന്റെ തിരുഹൃദയത്തോടുള്ള ഭക്തിയുടെ പ്രാധാന്യം ഉദ്ബോധിപ്പിച്ച് ഫ്രാൻസിസ് മാർപാപ്പ എഴുതിയ ചാക്രികലേഖനം 'ദിലേക്സിത്ത് നോസ്' (അവൻ നമ്മെ സ്നേഹിച്ചു) പ്രസിദ്ധീകരിച്ചു.

ഫ്രാൻസിസ് മാർപാപ്പയുടെ നാലാമത് ചാക്രികലേഖനമാണിത്. ഹൃദയത്തിന്റെ പ്രാധാന്യം, ക്രിസ്തുസ്നേഹത്തിന്റെ പ്രവൃത്തികളും വാക്കുകളും, ഏറെ സ്നേഹിച്ച ക്രിസ്തുവിന്റെ ഹൃദയം, ദാഹമകറ്റുന്ന ക്രിസ്തുവിന്റെ ഹൃദയം, സ്നേഹത്തിലൂടെ സ്നേഹത്തിലേക്ക് നയിക്കപ്പെടുക എന്നീ ചിന്തകളാണ് ചാക്രികലേഖനത്തിന്റെ അഞ്ച് അദ്ധ്യായങ്ങളിലായി മാർപാപ്പ വിശകലനം ചെയ്യുന്നത്.

അവന്റെ നമ്മോടുള്ള സ്നേഹം, മറ്റുള്ളവരെ സ്നേഹിക്കാനും അവർക്ക് ശുശ്രൂഷ ചെയ്യാനും നമ്മെ വിളിക്കുകയും അയയ്ക്കുകയും ചെയ്യുന്നു. അവന്റെ ഹൃദയം വ്യവസ്ഥകളൊന്നുമില്ലാതെ നമ്മെ സ്നേഹിക്കാനും തന്റെ സൗഹൃദം നല്കാനായി കാത്തിരിക്കുന്നു - ചാക്രികലേഖനത്തിൽ മാർപാപ്പ ഓർമ്മിപ്പിക്കുന്നു.




ദൈവവുമായി വ്യക്തിബന്ധമില്ലാത്ത ശൈലിയിലുള്ള മതാത്മകതയുടെ ചിന്തകൾ നിലനിൽക്കുന്ന ഒരു സമൂഹത്തിൽ, യേശുവിന്റെ തിരുഹൃദയത്തോടുള്ള വണക്കത്തിലും സ്നേഹത്തിലും വളരാനും വിശ്വാസത്തിന്റെ ആർദ്രതയും ശുശ്രൂഷയുടെ ആനന്ദവും മിഷനറി തീക്ഷ്ണതയും തിരിച്ചറിയാനും ചാക്രികലേഖനത്തിലൂടെ മാർപാപ്പ ക്ഷണിക്കുന്നു.

യുദ്ധങ്ങളുടെയും സാമൂഹിക, സാമ്പത്തിക അസമത്വങ്ങളുടെയും ഉപഭോക്തൃസംസ്കാരത്തിന്റെയും മാനവികതയ്ക്കെതിരായ സാങ്കേതികവിദ്യയുടെയും ഇടയിൽ ജീവിക്കുന്ന നമ്മുടെ ലോകത്തിന് ആർദ്രതയുള്ള ഒരു ഹൃദയം തിരികെ നല്കണമേയെന്നും മുറിവേറ്റ നമ്മുടെ ഭൂമിയുടെമേൽ ദൈവത്തിന്റെ പ്രകാശവും സ്നേഹവും വർഷിക്കണമേയെന്നും നമ്മെ വേദനിപ്പിക്കുന്ന നമ്മുടെ മുറിവുകളെ യേശുവിന്റെ തിരുഹൃദയത്തിൽ നിന്ന് ഒഴുകുന്ന ജീവജലത്താൽ സുഖപ്പെടുത്താനും സ്നേഹിക്കാനും ശുശ്രൂഷിക്കാനുമുള്ള നമ്മുടെ കഴിവുകളെ ശക്തിപ്പെടുത്താനും വേണ്ടിയും ചാക്രികലേഖനത്തിൽ മാർപാപ്പ പ്രാർത്ഥിക്കുന്നു.

1673-ൽ വിശുദ്ധ മർഗീരാത്ത മരിയ അലക്കോക്കിന് യേശുവിന്റെ തിരുഹൃദയദർശനം ലഭിച്ചതിന്റെ 350-ാം വാർഷികാഘോഷങ്ങൾ നടക്കുന്നതിനിടെയാണ് ചാക്രികലേഖനം പ്രസിദ്ധീകരിക്കുന്നത്.



## രത്തൻ ടാറ്റയുടെ സ്വത്തുവിഹിതം ശന്തനുവിനും വളർത്തുനായയ്ക്കും

മുംബൈ: ടാറ്റ ഗ്രൂപ്പ് മുൻ ചെയർമാൻ രത്തൻ ടാറ്റയുടെ 10,000 കോടി രൂപയുടെ സ്വത്തിന് അവകാശികളായി വളർത്തുനായയും സഹായി ശന്തനു നായിഡുവും. രത്തൻ ടാറ്റയുടെ വിൽപ്പത്രത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്.

സഹോദരൻ ജിമ്മി ടാറ്റ, അർധസഹോദരിമാരായ ഷിറി, ഡീന ജെജെഭോയ്, രത്തൻ ടാറ്റയുടെ പ്രധാന പാചകക്കാരൻ സുബ്ബയ്യ എന്നിവർക്കും സമ്പത്തിന്റെ വിഹിതം മാറ്റിവെച്ചിട്ടുണ്ട്. ആറു വർഷം മുമ്പാണ് ജർമൻ ഷെപ്പേർഡ് ഇനത്തിൽപ്പെട്ട 'ടിറ്റോ' എന്ന നായയെ രത്തൻ ടാറ്റ സ്വന്തമാക്കുന്നത്. ടിറ്റോയ്ക്ക് ആജീവനാന്ത പരിചരണം ഉറപ്പു നൽകുന്ന വ്യവസ്ഥകൾ വിൽപ്പത്രത്തിലുണ്ട്. പാചകക്കാരനായ രാജൻ ഷാ ടിറ്റോയെ സംരക്ഷിക്കും. നായയ്ക്ക് സ്വത്തിന്റെ പങ്ക് എഴുതിവെക്കുന്നത് വിദേശരാജ്യങ്ങളിൽ സാധാരണമാണെങ്കിലും ഇന്ത്യയിൽ അത്യപൂർവമാണ്. 30 വർഷത്തിലധികമായി രത്തൻ ടാറ്റയുടെ പാചകക്കാരനായിരുന്നു സുബ്ബയ്യ. ഉറ്റ സുഹൃത്തും സന്തത സഹചാരിയുമായ ശന്തനു നായിഡുവിനോടും രത്തന്റെ കരുതലുണ്ട്. വിദേശ പഠനത്തിനായി ശന്തനുവെടുത്ത വായ്പ എഴുതിത്തള്ളണമെന്ന് രത്തൻ ടാറ്റ വിൽപ്പത്രത്തിൽ നിർദേശിച്ചിട്ടുണ്ട്.

മുംബൈ ആലി ബാഗിലെ 2000 ചതുരശ്രയടി വിസ്തൃതിയുള്ള ബീച്ച് ബംഗ്ലാവ്, ജുഹു താര റോഡിലെ ഇരുനിലക്കെട്ടിടം, 350 കോടി രൂപയ്ക്ക് മുകളിലുള്ള സ്ഥിരനിക്ഷേപം, ടാറ്റ സൺസിലെ 0.83 ശതമാനം ഓഹരി എന്നിവയാണു സ്വത്തുവകകൾ. വിൽപത്രം നടപ്പിൽ വരുന്നതിനായുള്ള നിയമനടപടികൾക്ക് മാസങ്ങൾ വേണ്ടിവരും.

## സർക്കാർ – അദാനി ഒത്തുതീർപ്പിൽ അവ്യക്തത

തിരുവനന്തപുരം: തുറമുഖ നിർമാണം അഞ്ചുവർഷം വൈകിയതിനെത്തുടർന്ന് അദാനി കമ്പനിയിൽനിന്നു 911 കോടി രൂപ നഷ്ടപരിഹാരം വേണമെന്ന ആവശ്യം പിൻവലിച്ച് സർക്കാർ ഒത്തുതീർപ്പിനു തയാറായത് കേന്ദ്രത്തിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭിക്കാനാണെന്ന വാദം പൊളിയുന്നു. ആർബിട്രേഷനിൽ സർക്കാർ ഒത്തുതീർപ്പിനു വഴങ്ങി എട്ടുമാസം കഴിഞ്ഞിട്ടും കേന്ദ്രഫണ്ടിനുള്ള ത്രികക്ഷി കരാർ വച്ചില്ല.

കഴിഞ്ഞ ഫെബ്രുവരിയിൽ ഒത്തുതീർപ്പിന്റെ ഭാഗമായി അദാനിയുടെ നടത്തിപ്പു കാലാവധി 40 വർഷമെന്നതു 45 വർഷമാക്കി ഉയർത്തിയപ്പോൾ, ലാഭവിഹിതം 2034-ൽ തന്നെ ലഭിക്കണമെന്ന നിബന്ധന സർക്കാർ മുന്നോട്ടു വെച്ചിരുന്നു.

90 ദിവസത്തിനകം ഈ നിബന്ധനകൾ ഉൾപ്പെടുത്തി അദാനിയുമായി പുതുക്കിയ നടത്തിപ്പു കരാർ (സപ്ലിമെന്ററി കൺസഷൻ എഗ്രിമെന്റ്) വെക്കണമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ മൂന്നുതവണയായി 270 ദിവസം വരെ നീട്ടിയിട്ടും ഈ കരാറും വെച്ചില്ല. ഫലത്തിൽ, പിഴയിൽനിന്നു രക്ഷപ്പെട്ട അദാനിക്കു തുറമുഖനടത്തിപ്പു കാലാവധിയും നീട്ടി നൽകിയതൊഴിച്ചാൽ ഒത്തുതീർപ്പിലൂടെ സർക്കാരിനു ഗുണമുണ്ടാകില്ല.

2019 ഡിസംബറിൽ കഴിയേണ്ട നിർമാണം വൈകിയതിനു നഷ്ടപരിഹാരമാവശ്യപ്പെട്ട് സർക്കാർ അദാനിക്കു നോട്ടീസ് നൽകിയപ്പോഴാണ് അവർ ആർബിട്രേഷൻ ഫയൽ ചെയ്തത്.

സമയത്തു സർക്കാർ സാധനങ്ങൾ ലഭ്യമാക്കാത്തതിനാലും പ്രകൃതിക്ഷോഭം മൂലവുമാണു നിർമാണം വൈകിയതെന്നു വാദിച്ച അദാനി, നിർമാണ കാലാവധി 2024 ഡിസംബറിലേക്കു നീട്ടണമെന്നും തുറമുഖത്തിന്റെ നടത്തിപ്പ് അവകാശം 45 വർഷമാക്കണമെന്നും ആവശ്യപ്പെട്ടു. ഒത്തുതീർപ്പിനു തയാറായ സർക്കാർ രണ്ടാവശ്യവും അംഗീകരിച്ചു. കരാർ ലംഘനത്തിന് 219 കോടി രൂപ തടഞ്ഞുവെക്കുമെങ്കിലും 2028-ൽ അടുത്ത ഘട്ടം പൂർത്തീകരിച്ചാൽ ഇതിൽ 175.2 കോടി രൂപ നാലു ഗഡുക്കളായി തിരിച്ചുനൽകാനും വ്യവസ്ഥ ചെയ്തു. ശേഷിക്കുന്ന 43.8 കോടി രൂപ പിഴയായി ലഭിക്കുമെന്നതൊഴിച്ചാൽ, സർക്കാരിന് അനുകൂലമായുണ്ടായിരുന്ന ഏക വ്യവസ്ഥ നടത്തിപ്പു കാലാവധി നീട്ടിയാലും 2034-ൽ തന്നെ ലാഭവിഹിതം ലഭിച്ചുതുടങ്ങുമെന്നതായിരുന്നു. സപ്ലിമെന്ററി കരാറിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ ഈ വ്യവസ്ഥ നടപ്പാക്കാൻ അദാനിക്കു ബാധ്യതയില്ല.

## തദ്ദേശ സ്ഥാപന വാർഡ് വിഭജനം അന്തിമഘട്ടത്തിൽ

തിരുവനന്തപുരം: കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ വാർഡ് വിഭജനത്തിന്റെ കരട് റിപ്പോർട്ട് തയാറാക്കൽ അന്തിമഘട്ടത്തിൽ. 'ക്യൂ ഫീൽഡ്' ആപ്പിന്റെ സഹായത്തോടെ വിഭജനം നടത്തി പുതിയ വാർഡിന്റെ അതിർത്തി രേഖപ്പെടുത്തിയ ഭൂപടം നിലവിലെ ഭൂപടത്തിൽ ഡിജിറ്റലായി പതിപ്പിക്കുന്ന പ്രക്രിയ മിക്ക തദ്ദേശ സെക്രട്ടറിമാരും പൂർത്തിയാക്കി.


ഡിജിറ്റൽ രേഖകൾ ഇൻഫർമേഷൻ കേരള മിഷന്റെ പോർട്ടലിലേക്കാണ് അപ്‌ലോഡ് ചെയ്യുന്നത്. ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പുതിയ വാർഡ് സൃഷ്ടിക്കുന്നതോടൊപ്പം നിലവിലെ മിക്ക വാർഡുകളുടെയും അതിർത്തി മാറുന്നുമുണ്ട്.

ആകെയുള്ള 20,999 വാർഡുകളിൽ 19,000 എണ്ണത്തിന്റെ കരട് തയാറാക്കി പോർട്ടലിൽ ലോക്ക് ചെയ്തു. ബാക്കി ഉടനെ പൂർത്തിയാകും. ഡിജിറ്റൽ രേഖയുടെ പ്രിന്റും വിശദ റിപ്പോർട്ടും ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ കളക്ടർമാർക്കു സമർപ്പിക്കാൻ 25 വരെ സമയം ഉണ്ട്. കളക്ടർമാർ നവംബർ അഞ്ചിന് മുൻപ് ഡീലിമിറ്റേഷൻ കമ്മീഷനു സമർപ്പിക്കണം. 16-ന് കമ്മീഷൻ കരട് വാർഡ് വിഭജന റിപ്പോർട്ട് പ്രസിദ്ധീകരിക്കും.

## സ്കിൽഡ് വിസ പരിധി ഉയർത്തി ജർമനി

ന്യൂഡൽഹി: ഇന്ത്യയിൽനിന്നുള്ള, വിദഗ്ധ തൊഴിലാളികൾക്കുള്ള വിസ (സ്കിൽഡ് വിസ) ജർമനി 90,000 ആയി വർധിപ്പിച്ചു. നിലവിൽ ഒരുവർഷം 20,000 വിസ അനുവദിച്ചിരുന്നതാണു നാലിരട്ടിയായി വർധിപ്പിച്ചത്. ജർമൻ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട ഏഷ്യ പസിഫിക് കോൺഫറൻസിൽ പങ്കെടുത്ത പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. ഇന്ത്യയിൽനിന്നുള്ള വിസ നടപടികൾ വേഗത്തിലാക്കാൻ പദ്ധതികൾ ആവിഷ്കരിക്കുന്നതായി ജർമൻ ചാൻസലർ ഒലാഫ് ഷോൾസും സമ്മേളനത്തിൽ പറഞ്ഞു. വിസ നടപടികൾ ഡിജിറ്റലൈസ് ചെയ്യുക, വേഗത്തിലുള്ള അനുമതി എന്നിവയെല്ലാം ഇന്ത്യയിൽ നിന്നുള്ള വിദ്യാർത്ഥികൾക്കും ജോലിക്കാർക്കും സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യ സന്ദർശനത്തിനെത്തിയ ജർമൻ ചാൻസലറുമായുള്ള കൂടിക്കാഴ്ചയിൽ ശാസ്ത്ര-സാങ്കേതിക വിദ്യ, പരിസ്ഥിതി, ഊർജം, സുരക്ഷ, നഗരഗതാഗതം, ആരോഗ്യം, നൈപുണ്യ ശേഷി, വിദ്യാഭ്യാസം, ഗവേഷണം തുടങ്ങിയ വിവിധ മേഖലകളിൽ സഹകരിക്കാൻ ധാരണയായിട്ടുണ്ട്. ഇന്തോ-പസിഫിക് ഓഷ്യൻ ഇനിഷ്യേറ്റീവ് (ഐപിഒഎ) പദ്ധതിയുടെ ഭാഗമായി രണ്ട് കോടി യൂറോയുടെ ജർമൻ പദ്ധതികളും ഫണ്ടുമാണു പ്രഖ്യാപിച്ചിരിക്കുന്നത്. രാജ്യാന്തര ഗവേഷണ ട്രെയ്നിങ് ഗ്രൂപ്പ് രൂപീകരിക്കാൻ ഇരു രാജ്യങ്ങളും ധാരണയായി. എയിംസ്, ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്, സിഎസ്ഐആർ തുടങ്ങിയ രാജ്യത്തെ വിവിധ സ്ഥാപനങ്ങളുമായി ജർമനിയിലെ ശാസ്ത്ര-ഗവേഷണ സ്ഥാപനങ്ങൾ വിവിധ രംഗങ്ങളിൽ സഹകരിക്കും. ജർമനിയിലെ കർശന നിയമങ്ങൾ കാരണം മാതാപിതാക്കളിൽനിന്നു വേർപെടുത്തി താമസിപ്പിച്ചിരുന്ന അരിഹ ഷായുടെ വിഷയം നരേന്ദ്ര മോദി - ഒലാഫ് ഷോൾസ് കൂടിക്കാഴ്ചയിൽ ചർച്ചയായി. 2021 സെപ്റ്റംബർ 23 മുതൽ ഫോസ്റ്റർ കെയറിലാണു അരിഹ. കുട്ടിയെ വിട്ടുകിട്ടാനായി മഹാരാഷ്ട്ര സ്വദേശികളായ മാതാപിതാക്കൾ ഏറെക്കാലമായി നിയമയുദ്ധത്തിലാണ്.



ഇന്ത്യാ സന്ദർശനത്തിനെത്തിയ ജർമൻ ചാൻസലർ ഒലാഫ് ഷോൾസിനെ ഡൽഹി ഹൈദരാബാദ് ഹൗസിൽ സ്വീകരിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി.



# കൂറുമാറാൻ എംഎൽഎമാർക്ക് 100 കോടി

തിരുവനന്തപുരം: എൻസിപി (ശരദ് പവാർ) എംഎൽഎ തോമസ് കെ. തോമസിന്റെ മന്ത്രിസഭാപ്രവേശം മുഖ്യമന്ത്രി അനുവദിക്കാതിരുന്നത്, അദ്ദേഹം 50 കോടി രൂപ വീതം വാഗ്ദാനം ചെയ്ത് രണ്ട് എൽഡിഎഫ് എംഎൽഎമാരെ കൂറുമാറ്റാൻ നീക്കം നടത്തിയിരുന്നെന്ന പരാതി കാരണം. ഈ ഗുരുതര ആരോപണം സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രി റിപ്പോർട്ട് ചെയ്തു. ആരോപണം പൂർണമായി നിഷേധിക്കുന്ന കത്ത് തോമസ് കെ. തോമസ് മുഖ്യമന്ത്രിക്ക് കൈമാറി. ഏകാംഗ കക്ഷി എംഎൽഎമാരായ ആന്റണി രാജു (ജനാധിപത്യ കേരള കോൺഗ്രസ്), കോവൂർ കുഞ്ഞുമോൻ (ആർഎസ്പി-ലെനിനിസ്റ്റ്) എന്നിവർക്ക് 50 കോടി വീതം തോമസ് വാഗ്ദാനം ചെയ്തെന്നാണ് മുഖ്യമന്ത്രിക്ക് ലഭിച്ച വിവരം. ബിജെപിയുടെ സഖ്യകക്ഷിയായ എൻസിപിയിൽ (അജിത് പവാർ) ചേരാനായിരുന്നത്രേ ക്ഷണം. പിണറായി വിളിപ്പിച്ച് അന്വേഷിച്ചപ്പോൾ ആന്റണി രാജു വിവരം സ്ഥിരീകരിച്ചു. ഓർമ്മയില്ലെന്നായിരുന്നു കുഞ്ഞുമോന്റെ മറുപടി.

മന്ത്രിസഭാ പ്രവേശന നീക്കങ്ങളോട് എൻസിപിയുടെ സംസ്ഥാന-ദേശീയ നേതൃത്വങ്ങൾ മുഖംതിരിച്ചതിൽ തോമസ് നിരാശനായ സമയമായിരുന്നു അത്.

250 കോടിയുമായി അജിത് പവാർ കേരളം കണ്ണുവെച്ച് ഇറങ്ങിയെന്നും ആ പാർട്ടിയുടെ ഭാഗമായാൽ 50 കോടി വീതം കിട്ടാമെന്നും തോമസ് അറിയിച്ചതായി ആന്റണി രാജു മുഖ്യമന്ത്രിയോട് പറഞ്ഞു. എൽഡിഎഫിന്റെ ഭാഗമായാണ് ജയിച്ചതെന്നും അതു വിട്ടു മറ്റൊന്നിനുമില്ലെന്നും മറുപടി നല്കിയതായും അറിയിച്ചു.

എൻസിപിയിലെ പിളർപ്പിനെ തുടർന്ന് എംഎൽഎമാരെ ചാക്കിട്ടുപിടിച്ച് പേരും ചിഹ്നവും സ്വന്തമാക്കാനുള്ള നീക്കത്തിന്റെ ഭാഗമായിട്ടായിരുന്നു ഈ വാഗ്ദാനമെന്നു വിലയിരുത്തലുണ്ടായി.

എൽഡിഎഫ് എംഎൽഎമാരെ ബിജെപി സഖ്യത്തിലേക്ക് കൂറുമാറ്റാൻ ശ്രമിച്ചെന്ന ആക്ഷേപം മുഖ്യമന്ത്രിയെ പ്രകോപിപ്പിച്ചു.

പിന്നീട് എ.കെ. ശശീന്ദ്രനു പകരം തോമസിനെ മന്ത്രിയാക്കാനുള്ള എൻസിപിയുടെ ആവശ്യം തള്ളുമ്പോൾ അതിന്റെ കാരണത്തെക്കുറിച്ച് സൂചനയും നല്കി.

ആരോപണം അടിസ്ഥാനരഹിതമാണെന്ന് ശരദ് പവാറിനോടും തോമസ് വിശദീകരിച്ചിട്ടുണ്ട്.

## കേന്ദ്രാനുമതി

(3-ാം പേജിൽനിന്നും)

പ്രതിവർഷം 38,142 ടൺ മത്സ്യം കൈകാര്യം ചെയ്യാൻ കഴിയും. പദ്ധതി വഴി 10,000-ൽപരം ആളുകൾക്ക് നേരിട്ടും പരോക്ഷമായും പ്രയോജനം ലഭിക്കും. മുതലപ്പൊഴിയിൽ ആവർത്തിച്ചുള്ള അപകടസാധ്യതകൾ പരിഹരിക്കുന്നതിനായി പൂനയിലെ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനാണ് ശാസ്ത്രീയവും ഗണിതശാസ്ത്ര മാതൃകാ പഠനങ്ങളിലൂടെയും റിപ്പോർട്ട് തയാറാക്കിയത്. അതേസമയം നിർമാണത്തിനാവശ്യമായ പരിസ്ഥിതി ആഘാതപഠനം നടത്തിയത് സംസ്ഥാന സർക്കാരാണ്. സർക്കാർ സമർപ്പിച്ച പുതിയ ഡിപിആറിന്റെ അടിസ്ഥാനത്തിൽ 60:40 അനുപാതത്തിലാണ് അംഗീകാരം നൽകിയത്. 177 കോടി രൂപയിൽ 106.2 കോടി രൂപ കേന്ദ്രപദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന വഴിയാണ് നൽകുന്നത്. കേരളത്തിന്റെ വിഹിതം 70.80 കോടി രൂപയാണ്. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയിൽനിന്ന് നൂറ് ശതമാനം കേന്ദ്രവിഹിതത്തോടെ നടത്തുന്ന പാരിസ്ഥികാഘാത അതിജീവന ശേഷിയുള്ള ഗ്രാമപദ്ധതിയിലേക്ക് ആറ് ഗ്രാമങ്ങളെ തെരഞ്ഞെടുത്തെന്നും അദ്ദേഹം അറിയിച്ചു. തിരുവനന്തപുരം-ചിലക്കൂർ, എറണാകുളം-പുതുവൈപ്പിൻ, ഞാറക്കൽ, ആലപ്പുഴ തോട്ടപ്പള്ളി, കൊല്ലം-ഇരവിപുരം, അഴീക്കൽ എന്നിവയാണ് പദ്ധതിയിലുൾപ്പെട്ട ഗ്രാമങ്ങൾ. ഗ്രാമവവികസനത്തിനായി രണ്ടുകോടി രൂപ വീതമാണ് പദ്ധതിക്കു കീഴിൽ അനുവദിച്ചിരിക്കുന്നത്.

## പൂരം വിവാദം

(3-ാം പേജിൽനിന്നും)

തൃശൂർ പൂരം കലങ്ങിയതുതന്നെയെന്നായിരുന്നു സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വത്തിന്റെ നിലപാട്. പൂരം വിവാദവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പുറത്തുവരണമെന്നും ബിനോയ് വിശ്വം പറഞ്ഞു.

പൂരം കലക്കിയതുതന്നെയാണെന്ന നിലപാട് ആവർത്തിച്ച് സിപിഐ നേതാവ് വി.എസ്. സുനിൽകുമാറും രംഗത്തുവന്നു. കോഴിക്കോട്ടെ പ്രസംഗത്തിൽ മുഖ്യമന്ത്രി എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞതെന്ന് അറിയില്ല. പൂരം കലങ്ങിയെന്നത് യാതൊരു സംശയവുമില്ലാത്ത കാര്യമാണ്. രാഷ്ട്രീയമായി എൻഡിഎ സ്ഥാനാർത്ഥിക്ക് ജയിക്കത്തക്ക രീതിയിലുള്ള പ്രവർത്തനം നടന്നിട്ടുണ്ടെന്നും വി.എസ്. സുനിൽകുമാർ പറഞ്ഞു. പൂരം കലക്കൽ വിവാദവുമായി ബന്ധപ്പെട്ട് നിയമസഭയ്ക്ക് അകത്തും പുറത്തും സിപിഐ നിലപാട് പറഞ്ഞിട്ടുണ്ടെന്നും അതിൽ മാറ്റമില്ലെന്നും മന്ത്രി കെ. രാജൻ പറഞ്ഞു. മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ വൈരുധ്യമില്ലെന്നും പൂരം കലക്കലുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി നേരത്തേ പറഞ്ഞതും കോഴിക്കോട്ട് പറഞ്ഞതും ഒന്നുതന്നെയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. തൃശൂരിൽ തങ്ങളുടെ സ്ഥാനാർത്ഥിയുടെ തോൽവിക്കു കാരണമായെന്നു സിപിഐ ഉറച്ചുവിശ്വസിക്കുന്ന സംഭവത്തെയാണു നടന്നിട്ടുപോലുമില്ലെന്ന നിലയിൽ മുഖ്യമന്ത്രി നിസ്സാരവൽക്കരിച്ചത്. എഡിജിപി എം.ആർ. അജിത്കുമാറിനെ ക്രമസമാധാനച്ചുമതലയിൽ നിന്നു നീക്കുകയും ത്രിതല അന്വേഷണം പ്രഖ്യാപിക്കുകയും ചെയ്തതോടെ പൂരംവിവാദം കെട്ടടങ്ങിയെന്ന് ഇടതുകേന്ദ്രങ്ങൾ ആശ്വസിച്ചിരിക്കെയാണ്, മുഖ്യമന്ത്രി വിഷയം കുത്തിപ്പൊക്കിയത്.

## ജനാധിപത്യത്തിന്റെ കാവൽക്കാർ

(18-ാം പേജിൽനിന്നും)

അമേരിക്കയുടെ ജനാധിപത്യം ഇക്കാലമത്രയും കാത്തുസൂക്ഷിച്ച ഗാർഡ് റെയിലുകൾക്കെല്ലാം ഇളക്കം തട്ടിക്കഴിഞ്ഞു. തെല്ലൊരു പ്രഹരമേറ്റാൽ അവയെല്ലാം നിലംപതിക്കും. അങ്ങനെ സംഭവിച്ചാൽ അമേരിക്ക ആളും ആയുധവും ധനവും നൽകി സ്ഥാപിച്ചതും സംരക്ഷിച്ചുപോരുന്നതുമായ നിരവധി ജനാധിപത്യ രാഷ്ട്രങ്ങളുടെ ഭാവിയും അപകടത്തിലാകും. ഭാവിയെകുറിച്ചുള്ള ആശങ്കയാണ് കാലിഫോർണിയായിൽനിന്നുള്ള മലയാളി യുവതി ലിസാ ജോസഫിനെ തന്റെ കോർപറേറ്റ് ജോലിപോലും ഉപേക്ഷിച്ച് ഡെമോക്രാറ്റിക് നോമിനി കമലാ ഹാരിസിന്റെ പ്രചരണത്തിൽ സജീവമാകുവാൻ പ്രേരിപ്പിച്ചത്. ലിസയെപോലുള്ള അനേകർക്കൊപ്പം നമുക്കും ജനാധിപത്യത്തിന്റെ കാവൽക്കാരാകാം.

## അഭിമാനമായി കേരള സെന്റർ അവാർഡ്

(21-ാം പേജിൽനിന്നും)

ഏറ്റവും നല്ല ലതർ കിട്ടുന്നത് ദക്ഷിണേന്ത്യയിലാണെന്നത് രഹസ്യമാണ്. അത് കൂടുതലും ഇറ്റലിയിലേക്ക് കയറ്റിപ്പോകുന്നു. ഇന്നിപ്പോൾ തന്റെ സ്ഥാപനങ്ങൾക്ക് ശക്തമായ പിൻബലമുണ്ട്. എല്ലാം ദൈവാനുഗ്രഹം കൊണ്ടുമാത്രം. എല്ലാ നേട്ടങ്ങളും 104 വയസ്സുള്ള അമ്മയ്ക്കും ഭാര്യ സൂസിക്കും സമർപ്പിക്കുന്നു. അതുപോലെ ബന്ധുമിത്രാദികൾക്കും ജീവനക്കാർക്കും. ജീവിതം ഒരു യാത്രയാണ്. അതിനാൽ സുഖകരമായ ഷൂ ധരിക്കണം-കൂട്ടച്ചിരികൾക്കിടയിൽ അദ്ദേഹം പറഞ്ഞു.

യൂത്ത്ഫോറം സെക്രട്ടറി സാമുവേൽ ജോസഫ് വർക്കി ഏബ്രഹാമിനെ പരിചയപ്പെടുത്തി. സെനറ്റർ കെവിൻ തോമസും അസംബ്ലി വുമൺ മിഷേൽ സൊലാജസും ചേർന്ന് അവാർഡ് സമ്മാനിച്ചു.

ലിറ്ററി അവാർഡ് നേടിയ സാംസി കൊടുമണ്ണിനെ മനോഹർ തോമസ് പരിചയപ്പെടുത്തി. അമേരിക്കയിലെ അടിമ വ്യവസ്ഥിതിയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ നോവൽ ഇപ്പോൾ ഇ-മലയാളി ഖണ്ഡശ്ശയായി പ്രസിദ്ധീകരിക്കുന്നു. പി.റ്റി. പൗലോസ്, ഡോ. തെരേസ ആന്റണി, ഫിലിപ്പ് മഠത്തിൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഏബ്രഹാം ഫിലിപ്പ് അവാർഡ് സമ്മാനിച്ചു.

തനിക്കു മുന്നേ 31 എഴുത്തുകാർക്ക് ഈ അവാർഡ് ലഭിച്ചെന്ന് മറുപടി പ്രസംഗത്തിൽ സാംസി ചൂണ്ടിക്കാട്ടി. ഇനിയും ധാരാളം പേർ വരാനുണ്ട്. അവർക്കായി വേദിയൊരുക്കുന്നത് മഹത്തായ കാര്യമാണ്. മലയാളി മറ്റൊരാളെ അംഗീകരിക്കാത്ത കാലത്ത് അവരെ അംഗീകരിക്കാനുള്ള കേരള സെന്ററിന്റെ നടപടി അഭിനന്ദനമർഹിക്കുന്നു. ഇതിലൂടെ നിങ്ങളും ആദരിക്കപ്പെടുന്നു.

ഭഗവാൻ കൃഷ്ണൻ പറഞ്ഞത് നിഷ്കാമ കർമ്മം ചെയ്യാനാണ്. എപ്പോഴെങ്കിലും അംഗീകാരം വരും. 40 വർഷം മുമ്പ് താൻ എഴുതാൻ തുടങ്ങിയതാണ്. അംഗീകാരമൊന്നും പ്രതീക്ഷിച്ചല്ല അത്. മൂന്നാം തലമുറയിലെത്തി നിൽക്കുന്ന പ്രവാസി മലയാളിസമൂഹത്തെ സ്വയം വിലയിരുത്തേണ്ട കാലമായെന്നും സാംസി ചൂണ്ടിക്കാട്ടി.

പെർഫോമിംഗ് ആർട്സ് രംഗത്തുള്ള സംഭാവനയ്ക്ക് അവാർഡ് ലഭിച്ച ഡോ. സുനന്ദ നായരെ ഡോ. ബൻജി തോമസ് പരിചയപ്പെടുത്തി. ഡോ. ഉണ്ണി മൂപ്പനും ആഷാ രമേഷും ചേർന്ന് അവാർഡ് സമ്മാനിച്ചു.

ഡൽഹിയിൽനിന്ന് താൻ രാവിലെ വന്നതേയുള്ളുവെന്ന് ഡോ. സുനന്ദ നായർ പറഞ്ഞു. അവിടെ സർക്കാർ ആഭിമുഖ്യത്തിൽ നടന്ന അന്താരാഷ്ട്ര ഫെസ്റ്റിവലിൽ പങ്കെടുക്കാൻ പോയതാണ്. അമേരിക്കയിൽ നിന്നും ക്ഷണിച്ച രണ്ടുപേരിൽ ഒരാളായിരുന്നു താൻ. 2005-ൽ അമേരിക്കയിലേക്ക് വരുമ്പോൾ മുംബൈയിൽ ലക്ചററായിരുന്നു. ഇന്ത്യൻ കലകൾക്ക് പ്രത്യേകിച്ച് മോഹിനിയാട്ടത്തിന് അമേരിക്കയിൽ പ്രസക്തിയോ ആരാധകരോ ഇല്ലെന്നായിരുന്നു ധാരണ. അതിനാൽ വരാൻ മടിയായിരുന്നു.

എന്നാൽ, താൻ താമസമുറപ്പിച്ച ന്യൂ ഓർലിയൻസിൽ നൃത്തം അവതരിപ്പിക്കാനും കുട്ടികളെ പഠിപ്പിക്കാനും അവസരം കിട്ടിയപ്പോൾ സന്ദേഹമൊക്കെ മാറി. കത്രീന മൂലം ന്യൂ ഓർലിയൻസിൽ നിന്നു ഹൂസ്റ്റണിലേക്കു മാറി. അവിടെ പഠിക്കുന്ന കുട്ടികളുടെ മികവും അർപ്പണബോധവും പ്രതീക്ഷയ്ക്കപ്പുറമായിരുന്നു. നാട്ടിലുള്ളവർക്കൊപ്പമോ അതിലും മികച്ചവരോ ആണവർ. തന്റെ കലാപ്രവർത്തനത്തിന് കേരള സെന്റർ നല്കിയ ആദരവിനും അവർ നന്ദി പറഞ്ഞു.

ലീഗൽ സർവീസ് അവാർഡ് നേടിയ ഹാഷിം മൂപ്പനെ സാമന്ത ജോസഫ് പരിചയപ്പെടുത്തി. അറ്റോർണി അപ്പൻ മേനോൻ അവാർഡ് സമ്മാനിച്ചു. ഭാവിയിൽ ഒരു സുപ്രീംകോടതി ജഡ്ജിയാവാൻ അർഹനാണ് ഹാഷിം എന്ന് അദ്ദേഹം പറഞ്ഞു.

ആദരവിന് നന്ദി പറഞ്ഞ ഹാഷിം മൂപ്പൻ മാതാപിതാക്കൾ നല്കിയ പ്രചോദനവും ആത്മവിശ്വാസവും എടുത്തുപറഞ്ഞു. വീട്ടുകാരേയും നാട്ടുകാരേയും പിരിഞ്ഞ് അരനൂറ്റാണ്ട് മുമ്പ് തന്റെ മാതാപിതാക്കൾ ഇവിടെ വന്നതിനാലാണ് തനിക്ക് ഈ ഭാഗ്യങ്ങൾ ഉണ്ടായത്. അവാർഡിന് പ്രത്യേക നന്ദിയുണ്ട്. അറ്റോർണിമാരെ ആരും ആദരിക്കില്ല എന്നാണ് അമ്മ പറഞ്ഞത്. അമേരിക്കയെ എന്തുകൊണ്ടാണ് റിപ്പബ്ലിക് എന്നു പറയുന്നതെന്നും ഡെമോക്രസി എന്നു പറയാത്തതെന്നും വിശദീകരിക്കണമെന്ന് അമ്മ പറഞ്ഞു. എന്തായാലും അതിനു ഞാൻ മുതിരുന്നില്ല. എല്ലാവർക്കും ഒരിക്കൽക്കൂടി നന്ദി.

നേഴ്സിങ് ലീഡർഷിപ്പിന് അവാർഡ് നേടിയ സുജ തോമസിനെ ഡോ. അന്ന ജോർജ് പരിചയപ്പെടുത്തി. മേരി ഫിലിപ്പിന്റെ സാന്നിദ്ധ്യത്തിൽ അസംബ്ലി വുമൺ സൊലാജസും ഡോ. ഉണ്ണി മൂപ്പനും ചേർന്ന് അവാർഡ് സമ്മാനിച്ചു.

കേരള സെന്ററിന് നന്ദി പറഞ്ഞ സുജ തോമസ് നേഴ്സിങ് എന്നാൽ ഒരു ജോലി മാത്രമല്ല, ഒരു സമർപ്പണം കൂടിയാണെന്ന് ചൂണ്ടിക്കാട്ടി. ഈ ജോലിയോടുള്ള താല്പര്യവും അർപ്പണബോധവുമാണ് നേഴ്സുമാരെ വ്യത്യസ്തരാക്കുന്നത്. വലിയ ഉത്തരവാദിത്വവും ഏറെ അഭിമാനവും പകരുന്നതാണ് ഈ ജോലി. നൈനയുടെ പ്രസിഡണ്ട് എന്ന നിലയിലും തികച്ചും അഭിമാനത്തോടെയാണ് താനിവിടെ നിൽക്കുന്നത്. തനിക്ക് വ്യക്തിപരമായി ലഭിച്ച ഒരു അവാർഡ് എന്നതിലുപരി ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്കുള്ള ഒരു അംഗീകാരമായി താൻ ഇതിനെ കാണുന്നു. ഓരോ രോഗിക്കും മികച്ച സേവനം നല്കാനുള്ള ഉത്തരവാദിത്വമാണ് ഓരോ നേഴ്സിനുമുള്ളത്-സുജ തോമസ് ചൂണ്ടിക്കാട്ടി. ഈ മേഖലയിൽ സേവിക്കാൻ കഴിഞ്ഞത് ഒരു പദവിയാണ്, നാഷണൽ അസോസിയേഷന്റെ പ്രസിഡണ്ട് എന്ന നിലയിൽ സംഘടനയെ പ്രതിനിധീകരിക്കുന്നതിൽ ഞാൻ അഭിമാനിക്കുന്നു.

ആൽബനിയിൽ അടുത്തിടെ വിജയകരമായി ദ്വിവത്സര സമ്മേളനം സംഘടന നടത്തി. ടീമിന്റെ പരിശ്രമവും സംഭാവനയും ഇല്ലാതെ ഇത് സാദ്ധ്യമാകുമായിരുന്നില്ല. അതിനാൽ ഇത് വ്യക്തിഗത പ്രയത്നത്തിന്റെ പ്രതിഫലനമല്ല, മറിച്ച് നേഴ്സിങ് തൊഴിൽ നവീകരിക്കാൻ ശ്രമിക്കുന്ന നിരവധി വ്യക്തികളുടെയും സംഘടനകളുടെയും കൂട്ടായ കഠിനാദ്ധ്വാനവും അഭിനിവേശവുമാണ്. കാര്യക്ഷമമായ പ്രൊഫഷണലുകൾ നല്കേണ്ട ഏറ്റവും ഉയർന്ന പരിചരണം ഓരോ രോഗിക്കും ആവശ്യമാണെന്ന് ഉറപ്പാക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയെ ഇത് അടയാളപ്പെടുത്തുന്നു.

ആരോഗ്യ സംരക്ഷണത്തിന്റെ വെല്ലുവിളികളെ നേരിടാൻ നമുക്ക് ഐക്യത്തോടെ നിലകൊള്ളാം. ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചുള്ള നമ്മുടെ വിദ്യാഭ്യാസവും അവബോധവും പ്രോത്സാഹിപ്പിക്കുന്നതിന് ആരോഗ്യ പരിപാലന നയങ്ങൾ മെച്ചപ്പെടുത്താൻ നമുക്ക് ഒരുമിച്ചു ശ്രമിക്കാം. നമ്മുടെ എല്ലാവരുടെയും ആരോഗ്യകരമായ ഭാവി രൂപപ്പെടുത്തുന്നതിൽ ഒരു സമൂഹമെന്ന നിലയിൽ നമ്മുടെ പ്രവർത്തനം പ്രധാനമാണ്.

കമ്യൂണിറ്റി സർവീസ് അവാർഡ് നേടിയ സിബു നായരെ ജോയൽ തോമസ് പരിചയപ്പെടുത്തി. സെനറ്റർ കെവിൻ തോമസും അസംബ്ലി വുമൺ മൈക്കേൽ സൊളാജസും ചേർന്ന് അദ്ദേഹത്തിന് അവാർഡ് സമ്മാനിച്ചു. കോശി തോമസ്, തോമസ് ജോയി എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.

കേരള സെന്ററിന്റെ മൂന്ന് പതിറ്റാണ്ടത്തെ സേവനം എടുത്തുപറഞ്ഞ സിബു നായർ നമ്മുടെ സമൂഹത്തിനു അതുവഴി ഉണ്ടായ നേട്ടങ്ങളും ചൂണ്ടിക്കാട്ടി. ഗവർണറുടെ ഓഫീസിൽ തന്റെ പ്രവർത്തനങ്ങൾ ഏഷ്യൻ സമൂഹത്തെ ലക്ഷ്യമിട്ടാണ്. ആരോഗ്യം വിദ്യാഭ്യാസം, ചെറുകിട ബിസിനസ് തുടങ്ങിയ രംഗങ്ങളിലൊക്കെ ഏഷ്യൻ സമൂഹം മുന്നേറുന്നതിനുള്ള പ്രവർത്തനങ്ങളാണ് കൂടുതലായും ശ്രദ്ധിക്കുന്നത്-അദ്ദേഹം പറഞ്ഞു.

സെനറ്റർ കെവിൻ തോമസ്, അസംബ്ലി വുമൺ സൊളാജസ്, മുൻ സെനറ്റർ അന്നാ കപ്ലാൻ എന്നിവരെ കേരള സെന്റർ പ്രത്യേക അവാർഡ് നല്കി ആദരിച്ചു. കേരള സെന്റർ ഡയറക്ടർ ബോർഡ് ചെയർ ഡോ. മധു ഭാസ്കർ അവരുടെ സേവനങ്ങൾ വിവരിച്ചു. ഇന്ത്യൻ സമൂഹത്തിന്റെ നന്ദി അറിയിക്കുന്നതിനാണ് ഈ ആദരം.

ഡോ. തോമസ് ഏബ്രഹാം, അലക്സ് എസ്തപ്പാൻ എന്നിവർ അവാർഡുകൾ സമ്മാനിച്ചു. ബിജു ചാക്കോ, അജിത് കൊച്ചൂസ് എന്നിവർ സന്നിഹിതരായിരുന്നു. നൂപുര ഡാൻസ് അക്കാദമിയുടെ നൃത്തത്തിനുശേഷം കേരള സെന്റർ സെക്രട്ടറി രാജു തോമസ് നന്ദി പറഞ്ഞു. ഡിന്നറോടു കൂടി ചടങ്ങുകൾ സമാപിച്ചു.

# SEEKING BRIDEGROOM

*Christian Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested,
please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email: **mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

## SEEKING BRIDEGROOM CONTD.....

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## എം.ജെ. ജോസഫ്

**അമലഗിരി:** ദീപിക മുൻ ഉദ്യോഗസ്ഥൻ മുകളേൽ എം.ജെ. ജോസഫ് (കുഞ്ഞേപ്പ്-92) അന്തരിച്ചു. ഭാര്യ ഭരണങ്ങാനം പുരയിടത്തിൽ ഏലിക്കുട്ടി. മക്കൾ: വത്സമ്മ, ജോണി(യുഎസ്), മോളി, ഗ്രേസി, ലിസി, സാലി. മരുമക്കൾ: തോമസ്, ജോളി, ജോർജ്, ജോസ്, ജോണി.

## ലീലാ ജെ. മാക്കീൽ

**കോട്ടയം:** കഞ്ഞിക്കുഴി പരേതനായ അഡ്വ. ജയിംസ് മാക്കീലിന്റെ ഭാര്യ ലീലാ ജെ. മാക്കീൽ (95) അന്തരിച്ചു. മക്കൾ: തൊമ്മച്ചൻ, ലത, ലൂഡ്സി, ലൈല (കാനഡ), ലാലി (ഓസ്ട്രേലിയ), പ്രീതി (യുഎസ്). മരുമക്കൾ: മോളി ഞെഴുകുമറ്റം, തോമസുകുട്ടി വടാത്തല, ബോബി കാരിമറ്റം, പരേതനായ അലക്സ് ആലപ്പാട്ട്, ജേക്കബ് മാണി മണ്ണൊത്തറ (ഓസ്ട്രേലിയ), ബിനോയ് മടത്തിലേട്ട് (യുഎസ്).

**കോഴിക്കോട്:** ചിത്രകാരനും നാടകകൃത്തുമായിരുന്ന പരേതനായ വാസു പ്രദീപിന്റെ മകൾ കോട്ടൂളി എടക്കാട്ട്പറമ്പ് ഹൗസിൽ സ്മിത പ്രദീപ് (50) അന്തരിച്ചു.

## കെ.ടി. അലക്സാണ്ടർ

**മാവേലിക്കര:** ഇന്ത്യൻ എയർഫോഴ്സ് റിട്ട. ഫ്ളൈറ്റ് എഞ്ചിനീയർ വഴുവാടി കാട്ടിൽ വടക്കേടത്ത് കെ.ടി. അലക്സാണ്ടർ (91) അന്തരിച്ചു. ഭാര്യ: പുന്നമൂട് മേലേപ്പള്ളത്ത് പരേതയായ അന്നമ്മ. മക്കൾ: ആനി സുദ്, ലോയ്ഡ് അലക്സാണ്ടർ, സൂസി അലക്സാണ്ടർ, എലിസബത്ത് അലക്സാണ്ടർ (മൂവരും യുഎസ്). മരുമക്കൾ: ആലോക് സുദ്, ഷേർലി ലോയ്ഡ്, ഫിലിപ് കോശി, കോശി ഉമ്മൻ.

## സി. നാരായണൻ നായർ

**തിരുവനന്തപുരം:** പരേതനായ മുൻ ഐജി എൻ. ചന്ദ്രശേഖരൻ നായരുടെ മകൻ സി. നാരായണൻ നായർ (87) കുറവൻകോണം (വിഎച്ച് 62) വൈഷ്ണവത്തിൽ അന്തരിച്ചു. ഭാര്യ: രമാ നായർ. മക്കൾ: വിദ്യ (സിംഗപ്പൂർ), വിനയകൃഷ്ണൻ (യുഎസ്). മരുമക്കൾ: ചന്ദ്രൻ ആർ. നായർ (സിംഗപ്പൂർ), ജോഡി ചേർണി (യുഎസ്).

**പാലക്കാട്:** സതേൺ റെയിൽവേ പാലക്കാട് ഡിവിഷൻ റിട്ട. ഇലക്ട്രിക്കൽ ഫോർമാൻ തൃപ്പൂണിത്തുറ അമ്പാടിയിലെ എ. വിജയൻ മേനോൻ (94) അന്തരിച്ചു.

**ഉഴവൂർ:** കുറിച്ചിത്താനം കരുമാക്കീൽ പരേതനായ കുരുവിള തോമസിന്റെ ഭാര്യ ഏലിയാമ്മ (93) അന്തരിച്ചു.

**പാദുവ:** കീഴാരത്തിൽ അന്നക്കുട്ടി ജോസഫ് (80) അന്തരിച്ചു.

**ചെമ്മലമറ്റം:** കുന്നത്തുപോതിയിൽ വർക്കി ഔസേപ്പ് (93) അന്തരിച്ചു.

## ഏലിയാമ്മ ഔസേഫ്

**തോട്ടറ:** അരയൻകാവ് പൂതൃക്കയിൽ ഏലിയാമ്മ (കുഞ്ഞേലി-86) അന്തരിച്ചു. കരിപ്പാടം പൂച്ചക്കാട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഔസേഫ്. മക്കൾ: പരേതനായ ജേക്കബ്, സിസ്റ്റർ ക്രിസ്റ്റി (നീണ്ടൂർ), ലിസി, സാബു, ജെസി, ജോർജ് (യുഎസ്), ഡെയ്സി (ഓസ്ട്രേലിയ). മരുമക്കൾ: സിസിലി മാവേലിൽ (അറുനൂറ്റിമംഗലം), പരേതനായ രാജു മേപ്പാത്തിൽ (തോട്ടറ), ടിൻസി മുഖച്ചിറയിൽ (കുറുമുള്ളൂർ), ബെന്നി ചേന്നാട്ട് (പിറവം), ആശ തൊട്ടിയിൽ ഗ്രാല (യുഎസ്), ബിജു പഴയിടത്ത് മാറിക (ഓസ്ട്രേലിയ).

**കൊല്ലം:** പാലക്കാട് കോഴിപ്പാറ ഗവ. ഹയർ സെക്കൻഡറി സ്കൂൾ അധ്യാപിക തങ്കശ്ശേരി പിഎസ്ആർഎ-56ൽ ആഷിയാനയിൽ മെറീനാ ജോൺ (51) അന്തരിച്ചു.

## ഗ്രേസ് ഏബ്രഹാം



**ഹൂസ്റ്റൺ:** നിരണം കുറിച്ചിയേത്ത് എരമല്ലാടിൽ പരേതനായ ഇ.എ. ഏബ്രഹാമിന്റെ (അനിയൻ) സഹധർമ്മിണി ഗ്രേസ് ഏബ്രഹാം (80) ഹൂസ്റ്റണിൽ അന്തരിച്ചു. ചെങ്ങന്നൂർ കേളയിൽ കുടുംബാംഗമാണ്. മകൻ: ജോജു ഏബ്രഹാം (ഓസ്റ്റിൻ). മരുമകൾ: ജയാ ജോർജ് ഏബ്രഹാം.

**നട്ടാശേരി:** കോട്ടയം ഹോളിഫാമിലി ഹയർ സെക്കൻഡറി സ്കൂൾ റിട്ട. അധ്യാപിക നാടാവള്ളിൽ സുജ വർഗീസ് (59) അന്തരിച്ചു.

## ലിസി ജോസഫ്

**തിരുവല്ല:** കുറ്റപ്പുഴ താമരവേലിൽ ലിസി ജോസഫ് (77) അന്തരിച്ചു. റാന്നി ചെന്നങ്കര കുടുംബാംഗമാണ്. ഭർത്താവ് ടി.ഒ. ജോസഫ് (താമരവേലിൽ ഏജൻസീസ്). മക്കൾ: ടെസി (യുഎസ്), ടെൻസി (മസ്കറ്റ്), ടെറ്റ്സി (ഇസ്രയേൽ), ടെറൻസ്.

**ഇടമറ്റം:** കീരഞ്ചിറവയലിൽ വി.എ. സുകുമാരൻ നായരുടെ (റിട്ട. അദ്ധ്യാപകൻ) ഭാര്യ ശാന്തകുമാരി (ഓമന-75) അന്തരിച്ചു.

**കുന്നന്താനം:** മൈലമൺ പാറക്കടവിൽ പഴയപുരക്കൽ ജോർജ് കുര്യാക്കോസ് (അച്ചൻകുഞ്ഞ്-82) അന്തരിച്ചു.

**തിരുവനന്തപുരം:** മീനാങ്കൽ താഴയിടം തോമസ് അലക്സാണ്ടർ (ബേബിച്ചൻ-74) പാരീസിൽ അന്തരിച്ചു.

## എൻ.എം. ജോസഫ്

**ഉദയംപേരൂർ:** കോട്ടയം തെള്ളകം നന്ത്യാട്ട് എൻ.എം. ജോസഫ് (88) അന്തരിച്ചു. ഭാര്യ തുരുത്തുമ്യാലി പരേതയായ സിസിലി. മക്കൾ: മത്തായി (യുഎസ്), ആലീസ് (യുകെ), ട്രീസ. മരുമക്കൾ: അജിത (യുഎസ്), ബെന്നി ജോർജ് പുളിക്കത്തൊഴെ (യുകെ), സേവി ജോസഫ് വെങ്ങിണിക്കൽ.

## ഗ്രേസ് വർഗീസ്

**കായംകുളം:** പെരിങ്ങാല മോടത്തു തറയിൽ പുൽപ്പറത്ത് ഗ്രേസ് വർഗീസ് (90) അന്തരിച്ചു. ഭർത്താവ്: പി.എം. വർഗീസ്. മക്കൾ: ഡോ. ജോർജ് വർഗീസ്, ഡോ. ആൻ മാത്യൂസ്, പരേതനായ മാത്യു വർഗീസ്. മരുമക്കൾ: ഡോ. സൂസൻ മാത്യുസ്, നാലോന്നിൽ മാത്യൂസ്, ഷീല വർഗീസ് (ഇരുവരും യുഎസ്).

## ഏലിയാമ്മ ജോസഫ്

**കല്ലിശേരി:** ഗവ. എച്ച്എസ് റിട്ട. അധ്യാപിക നൈപ്പള്ളിയുഴത്തിൽ ഏലിയാമ്മ ജോസഫ് (85) അന്തരിച്ചു. ഭർത്താവ്: എൻ.ടി. ജോസഫ് (റിട്ട. അധ്യാപകൻ). മക്കൾ: തോമസ് ജോസഫ്, മാത്യു ജോസഫ്, ജോയി ജോസഫ്. മരുമക്കൾ: സൂസൻ ജോസഫ്, ആലീസ് മാത്യു, സിനി ജോസഫ് (എല്ലാവരും യുഎസ്).

## ത്രേസ്യാമ്മ ഐപ്പ്

**കാളിയാർ:** തകരപ്പിള്ളിൽ ത്രേസ്യാമ്മ ഐപ്പ് (84) അന്തരിച്ചു. ആയവന കാക്കനാട്ട് കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ ഐപ്പ്. മക്കൾ: റോയ് (മാതാ ഹയർ സർവീസ്, വണ്ണപ്പുറം), റാണി (റിട്ട. അധ്യാപിക), റീന (അധ്യാപിക, മസൂറി), റെജി, റെനി (കുവൈത്ത്), റീജ (നേഴ്സ്, യുഎസ്). മരുമക്കൾ: തഴുവംകുന്നേൽ മാത്യു (വിമുക്ത ഭടൻ), ആയവന മാലേകുടിയിൽ ജോളി (അധ്യാപകൻ, മസൂറി), ഞായപ്പിള്ളി കൊച്ചുപറമ്പിൽ ജോർജ്, ചെപ്പുകുളം തോപ്പിൽ മനു (നേഴ്സ്, കുവൈത്ത്), തിരുവാണിയൂർ അടുകാട്ടിൽ ജോഷി (യുഎസ്).


## എലിസബത്ത് വർഗീസ്

**ചാത്തങ്കരി:** വാഴപ്പറമ്പിൽ മാവേലിവില്ലയിൽ എലിസബത്ത് വർഗീസ് (അമ്മാൾ-89) അന്തരിച്ചു. ഭർത്താവ്: പരേതനായ കെ.സി. വർഗീസ്. മക്കൾ: മറിയം ജോർജ് (ദോഹ), റെഞ്ജി വർഗീസ്, റോജി വർഗീസ് (ഇരുവരും യുഎസ്). മരുമക്കൾ: കോട്ടയം കല്ലുപാലം ചെറിയാൻ ജോർജ്, മേരി വർഗീസ്, വിക്കി വർഗീസ് (ഇരുവരും യുഎസ്).

**കട്ടപ്പന:** റിട്ട. പ്രധാനാദ്ധ്യാപകൻ ഞാറ്റുതൊട്ടിയിൽ എൻ.വി. തോമസ് (81) അന്തരിച്ചു.

**തിരുവല്ല:** കാവുംഭാഗം വടക്കേടത്ത് വി.ജെ. വർഗീസ് (കുഞ്ഞുമോൻ-72) അന്തരിച്ചു.

## ഡോ. ജോസഫ് കുര്യൻ



**വെർജീനിയ:** തിരുവല്ല ഇരവിപേരൂർ ശങ്കരമംഗലത്ത് ചേറ്റുകണ്ടത്തിൽ കുടുംബാംഗം ഡോ. ജോസഫ് കുര്യൻ (ബേബി-81) ഫാൾസ് ചർച്ച് സിറ്റിയിൽ അന്തരിച്ചു. ഇന്ത്യയിൽ ആദ്യമായി കംപ്യൂട്ടർ അവതരിപ്പിക്കുമ്പോൾ ഡൽഹി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ കംപ്യൂട്ടർ സിസ്റ്റംസ് പ്രോഗ്രാമർ ആയിരുന്നു. ഡൽഹി ഐഐടിയിൽ നിന്ന് പിഎച്ച്.ഡി നേടിയ ഡോ. കുര്യൻ ലൂസിയാനയിൽ ഗ്രാംബ്ലിങ് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ ദീർഘകാലം പ്രൊഫസറായിരുന്നു. ഭാര്യ: സൂസി ജോസഫ്. മകൾ: ഡോ. ആനി കൂഗർ. മരുമകൻ: സ്കോട്ട് ക്രൂഗർ. സഹോദരങ്ങൾ: അമ്മിണി കോശി (മുക്കരണത്ത്), സാറാമ്മ കുര്യൻ (മുള്ളാനകുഴിയിൽ), മാത്യു കുര്യൻ, പരേതനായ കുര്യൻ സി. ഏബ്രഹാം.

**തിരുവനന്തപുരം:** ആദ്യകാല ബിജെപി നേതാവും ഇന്ത്യൻ കളരിപ്പയറ്റ് ഫെഡറേഷൻ സെക്രട്ടറി ജനറലുമായ പൂന്തുറ വലിയ പഴവാർവീട്ടിൽ പൂന്തുറ സോമൻ (70) അന്തരിച്ചു.

## കെ.വി. ഔസേഫ്

**ചെമ്പ്:** റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ തുരുത്തിക്കരയായ കത്തനാകുറ്റ് കെ.വി. ഔസേഫ് (86) അന്തരിച്ചു. ഭാര്യ ജയിസമ്മ ജോസഫ്. മക്കൾ: ജിയോ ജോസഫ്, ജയ വാതപ്പള്ളിൽ, ജിനാ ജോസഫ് (മൂവരും യുഎസ്). മരുമക്കൾ: മിനി ജിയോ വട്ടക്കോട്ട് കൊട്ടാരക്കര, വിൻസന്റ് വാതപ്പള്ളിൽ മുത്തേടത്തുകാവ്, ബിജു ജോസഫ് പൈങ്ങോട്ടൂർ കോതമംഗലം (മൂവരും യുഎസ്).

**പാലാ:** പുത്തൻപള്ളിക്കുന്ന് നീലപ്പനവയലിൽ ലീലാമ്മ സെബാസ്റ്റ്യൻ (65) അന്തരിച്ചു.

## കെ.ഐ. വർഗീസ്

**ഓതറ:** മുംബൈ ഇന്ത്യൻ ഓയിൽ റിട്ട. ഉദ്യോഗസ്ഥൻ ഓതറ കാഞ്ഞിരക്കാട്ട് തെക്കേതിൽ കെ.ഐ. വർഗീസ് (ജോയി-85) അന്തരിച്ചു. ഭാര്യ ലീലാമ്മ വർഗീസ് പെരുമന. മക്കൾ: ജീസ ഐസക്, പരേതനായ അലക്സ് വർഗീസ്. മരുമക്കൾ: ഐസക് ഈശോ (യുഎസ്), പ്രിയ അലക്സ്.

**ചുങ്കം:** ബിഎസ്എൻഎൽ റിട്ട. എജിഎം പള്ളിക്കലേത്ത് ആലീസ് തോമസ് (ലില്ലിക്കുട്ടി-72) അന്തരിച്ചു.

## തങ്കമ്മ തോമസ്

**പാമ്പാടി:** വാരിക്കാട്ട് തങ്കമ്മ തോമസ് (95) ഫ്ളോറിഡയിൽ അന്തരിച്ചു. മുണ്ടക്കയം കുന്നുംപുറത്ത് കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ കുര്യൻ തോമസ്. മക്കൾ: ബേബി തോമസ്, മറിയാമ്മ മറ്റം, ലൈലാമ്മ മാത്യു, വിജയൻ തോമസ്, ജെസി ജോസഫ്, ജോൺ തോമസ്, ജിജി സണ്ണി. മരുമക്കൾ: ജോളി തോമസ്, ടോമി മറ്റം, മാത്യു വാക്കേൽ, വിജി തോമസ്, ദാനിയേൽ ജോസഫ്, പരേതയായ അനില ജോൺ തോമസ്, സണ്ണി മണപ്പുറത്ത് (എല്ലാവരും യുഎസ്).

**കാവാലം:** കാവാലം പഞ്ചായത്ത് പ്രസിഡണ്ട് ഒന്നാം വാർഡ് പുളിയിലാക്കൽ പി.ജെ. ജോഷി (57) അന്തരിച്ചു.

**ഇത്തിത്താനം:** കുമാരംകുളംഭാഗത്ത് പള്ളിയടിയിൽ പരേതനായ കുഞ്ഞച്ചന്റെ മകൻ വിമുക്തഭടൻ എൻസിസി 5 കേരള ബറ്റാലിയൻ റിട്ട. ജൂണിയർ സൂപ്രണ്ടുമായ പി.കെ. ഷാജി (57) അന്തരിച്ചു.

## അഞ്ജു സിജോ



**മുട്ടം:** പാലാ കരിമ്പാനി മുണ്ടയ്ക്കൽ അഞ്ജു സിജോ (34) യുഎസിൽ അന്തരിച്ചു. മുട്ടം കുന്നുംപുറത്ത് കുടുംബാംഗമാണ്. ഭർത്താവ്: സിജോ. മക്കൾ: കാഡിൻ, കാതറിൻ

**ചാരുവേലി:** പുല്ലുകാട്ട് പരേതനായ ഇട്ടിയവര ജോസഫിന്റെ ഭാര്യ ത്രേസ്യാമ്മ ജോസഫ് (കുഞ്ഞമ്മ-98) അന്തരിച്ചു.

## അലൻ ജോസഫ്

**തൃശൂർ:** പുത്തൻപീടിക മാളിയേക്കൽ ജോമോന്റെയും ജൂലിയുടെയും മകൻ അലൻ ജോസഫ് (12) യുഎസിൽ അന്തരിച്ചു.

**മരങ്ങാട്ടുപിള്ളി:** കൊണ്ടുകാട്ടിൽ പരേതനായ ജോണിയുടെയും ലൈസമ്മയുടെയും മകൻ ലിജിൻ ജോസഫ് (30) അന്തരിച്ചു.

**ആർപ്പൂക്കര:** പറയഞ്ചാലിൽ പരേതനായ പി.ജെ. ചെറിയാന്റെ ഭാര്യ അന്നമ്മ ചെറിയാൻ (100) അന്തരിച്ചു.

**പമ്പാവാലി:** കുട്ടുമഠം വെച്ചൂർ പടിഞ്ഞാറേതിൽ അന്തോനിച്ചൻ (89) അന്തരിച്ചു.

**വാകത്താനം:** പേഴുംമൂട്ടിൽ തോമസിന്റെ ഭാര്യ ആനിയമ്മ തോമസ് (58) അന്തരിച്ചു.

**വടവാതൂർ:** കാഞ്ഞിരക്കാട്ടുമറ്റം ജയമ്മ (69) അന്തരിച്ചു.

## കെ.എസ്. മണി കുഞ്ചുക്കാട്ട്

**തലയോലപ്പറമ്പ്:** കെ.എസ്.ആർ.ടി.സി റിട്ട. ജില്ലാ സൂപ്രണ്ടും തലയോലപ്പറമ്പ് മാത്താനം ദേവസ്വം മുൻ പ്രസിഡണ്ടുമായ കുഞ്ചുക്കാട്ട് കെ.എസ്. മണി (75) അന്തരിച്ചു. ഭാര്യ കോട്ടയം മന്ദിരം തടത്തിൽ ഭവാനി മണി (റിട്ട. സീനിയർ ഫാർമസിസ്റ്റ് മന്ദിരം ആശുപത്രി). മക്കൾ: നിഷാമണി (യുഎസ്), ഷാനി മണി (യുകെ), സൂര്യ മണി (കാനഡ). മരുമക്കൾ: സന്തോഷ് (യുഎസ്), അഭിലാഷ് (യുകെ), ബിജു (കാനഡ).

## സൂസി ജേക്കബ്

**മുംബൈ:** ബാന്ദ്രപാലിഹിൽ നിബാന ബി-34ൽ സൂസി ജേക്കബ് (97) അന്തരിച്ചു. കൈപ്പട്ടൂർ വലിയവീട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് വെങ്ങോല കണ്ടനാടൻ വീട്ടിൽ പരേതനായ ജെ. ജേക്കബ്. മക്കൾ: രവി ജേക്കബ് (സാൻഫ്രാൻസിസ്കോ), വത്സല വർഗീസ് (എറണാകുളം), ഡോ. സുജ കോശി (മുംബൈ), റബേക്കാ ജാഡോൻ (ഗ്വാളിയർ). മരുമക്കൾ: ഈവ ജേക്കബ് (സാൻഫ്രാൻസിസ്കോ), എം.പി. വർഗീസ് (എറണാകുളം), കോശി വർഗീസ് (മുംബൈ), ലഞ്ജയ് ജാഡോൺ (ഗ്വാളിയർ).

## ലീല ശർമ

**തിരുവനന്തപുരം:** സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ സഹോദരപുത്രിയും സാമൂഹിക ആരോഗ്യ പ്രവർത്തകയുമായ ലീല ശർമ (എൻ.കെ. ലീലാവതി അമ്മ-92) ഒറിഗോണിലെ പോർട്ട്ലാൻഡിൽ അന്തരിച്ചു. ഭർത്താവ് പരേതനായ തിലക് രാജ് ശർമ. മകൾ: പുരാവസ്തു ശാസ്ത്രജ്ഞയും നർത്തകിയുമായ മിനി ശർമ ഓഗ്ലേ. മരുമകൻ: ടോഡ് ഓഗ്ലേ.

**തിരുവനന്തപുരം:** അമ്പലമുക്ക് സർവേ സ്കൂൾ റോഡിൽ കെൽട്രോൺ റിട്ട. ചീഫ് എക്സിക്യൂട്ടീവ് എൻജിനീയർ ചേപ്പാട് പുളിമൂട്ടിൽ ഫിലിപ്പ് പി. ഫിലിപ്പ് (79) അന്തരിച്ചു.

**ഉഴവൂർ:** പയസ്മൗണ്ട് ആളോത്ത് മഴുപ്പേൽ ഏലിയാമ്മ ജോസഫ് (84) അന്തരിച്ചു.

## വർഗീസ് മാത്യു

**ഇരവിപേരൂർ:** പട്ടമുക്കിൽ ചക്കുംമൂട്ടിൽ വർഗീസ് മാത്യു (രാജൻ-75) അന്തരിച്ചു. ഭാര്യ കല്ലൂപ്പാറ താഴത്തെക്കുറ്റ് മറിയാമ്മ മാത്യു. മക്കൾ: ജോബി, ജോമോൾ. മരുമക്കൾ: മിനി, സന്തോഷ് (എല്ലാവരും യുഎസ്).

**മുത്തോലപുരം:** ദൈവവചന സഭാംഗം ഫാ. ഡോ. ജോസഫ് ചേറ്റാനി (84) ഇൻഡോറിൽ അന്തരിച്ചു.

**വിമലഗിരി:** കാഞ്ഞിരത്താംകുന്നേൽ സെബാസ്റ്റ്യന്റെ ഭാര്യ ചിന്നമ്മ സെബാസ്റ്റ്യൻ (80) അന്തരിച്ചു.

**പാറമ്പുഴ:** തടത്തിൽ സെബാസ്റ്റ്യൻ ജോസഫ് (ആലിച്ചൻ-65) അന്തരിച്ചു.

# ELDERLY COUPLE LOOKING FOR LIVE-IN CAREGIVER AT ELMHURST(CHICAGO)

Elderly couple (79 and 80 year old) looking for live-in caregiver, at Elmhurst (Chicago). Duties include assisting with daily activities, light cooking, housework, and overall company.

**Competitive pay, please contact**

**Ginash George 630-975-2525**

**for more information.**

# HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി–ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**




# LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** **USA- 630-209-5535,**
**KERALA- 9447572102**

## Favors Received



*Inserted by: Firm Believer, Chicago*

## Favors Received



*Inserted by: Firm Believer, Chicago*

## ഉപകാരസ്മരണ




*Inserted by: Firm Believer, Houston*

## ഉപകാരസ്മരണ




*Inserted by: Firm Believer, Houston*

## Favors Received




*Inserted by: Firm Believer, Dallas*

## Favors Received




*Inserted by: Firm Believer, Dallas*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Virginia*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Virginia*

**Visit Our Website: www.keralaexpress.com for Classified Advt.**

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലായിരുന്നു. വിവാഹാലോചന വന്നപ്പോൾ സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. പിന്നീട് ചന്ദ്രബാബുവിനെ കാണാതായി. മല്ലികയുടെ സഹോദരന്റെ മകളുടെ ഭർത്താവ് ഡിവൈഎസ്പി ഹേമചന്ദ്രന്റെ ബുദ്ധിയായിരുന്നു അതിനു പിന്നിൽ. ചന്ദ്രബാബുവിന്റെ തിരോധാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് പുനരന്വേഷണം തുടങ്ങി. ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ പ്രതിയായി. കല്ലാറ്റുപടിക്കലെ തോട്ടത്തിൽ മണ്ണുമാന്തി ഉപയോഗിച്ചു നടത്തിയ പരിശോധനയിൽ അസ്ഥികളും മറ്റും കണ്ടെടുത്തു. പിടിയിലാകുമെന്നുറപ്പായപ്പോൾ ബാലകൃഷ്ണമേനോൻ സ്വയം വെടിവെച്ചു മരിച്ചു. കിളിമാനൂരിലെ മാനസികാരോഗ്യകേന്ദ്രത്തിൽവെച്ച് മാളവികയെ കണ്ട അല്ലിമ അമ്മയെ ഒപ്പംനിന്നു ശുശ്രൂഷിക്കുന്നു...**

**120**

സെക്യൂരിറ്റി ഗാർഡ് സദാശിവൻ ക്ലബിന്റെ വാതായനങ്ങളെല്ലാം അടച്ചു പൂട്ടി. മെയിൻ ഹാളും ബാറും ഓഫീസും പൂട്ടിക്കൊണ്ട് ക്ലബ് സെക്രട്ടറി നേരത്തേ പൊയ്ക്കഴിഞ്ഞിരുന്നു. ഇനി ഗേറ്റ് കൂടി അടച്ച് കാബിനിൽ പോയി കസാലയിൽ ചാരിക്കിടന്ന് സുഖമായി ഉറങ്ങുക എന്നതാണ് സദാശിവന്റെ ജോലി. ക്ലബിനു പിറകിലെ ഗേറ്റിലുള്ള സെക്യൂരിറ്റി പതിനൊന്നര മണിക്ക് ജോലികഴിഞ്ഞു വീട്ടിൽ പോയി.

സദാശിവൻ ഗേറ്റടച്ചുപൂട്ടി കാബിനിൽ കയറേണ്ട സമയം കഴിഞ്ഞു. ഹേമചന്ദ്രന്റെ ഫോർച്യൂണർ കാർ ക്ലബിന്റെ മുറ്റത്തു കിടക്കുന്നു. അതുകൂടി ഇറങ്ങിപ്പോകാതെ ഗേറ്റ് പൂട്ടാൻ വയ്യ. ഹേമചന്ദ്രൻ പോലീസ് ഉദ്യോഗസ്ഥനാണെന്നറിയാവുന്നതിനാൽ കൂടക്കൂടെ വിളിച്ചു ശല്യപ്പെടുത്താനും മടി. മദ്യലഹരി തലയ്ക്കു പിടിച്ച് ഡ്രൈവിങ് സീറ്റിൽ കിടന്ന് ഉറങ്ങിപ്പോയെന്നാണ് സദാശിവന്റെ ധാരണ. അയാൾ പന്ത്രണ്ടുമണി കഴിയുന്നതുവരെ കാത്തു. എന്നിട്ടും ഹേമചന്ദ്രൻ ഉണരുന്ന ലക്ഷണമില്ല.

“ഇയാൾക്കൊക്കെ തൊണ്ടക്കുഴിവരെ കള്ളു മോന്തീട്ട് ചത്തപോലെ കെടന്നാ മതി. ബാക്കീള്ളോർക്ക് ഒറങ്ങണ്ടായോ?”

സദാശിവൻ പിറുപിറുത്തുകൊണ്ട് വീണ്ടും കാറിനരികെ ചെന്നു. കുറെ ശക്തിയായി ഡോറിലും ചില്ലിലും ഇടിച്ച് ഹേമചന്ദ്രനെ വിളിച്ചു. എത്ര ശബ്ദമുണ്ടാക്കിയിട്ടും അകത്ത് അനക്കമില്ലെന്നു കണ്ടപ്പോൾ അയാൾക്കു പരിഭ്രമമായി.

“വല്ല ഹാർട്ടറ്റാക്കും വന്നു കെടക്കുവാണോ ആവോ...” ടോർച്ചടിച്ചു നോക്കിയിട്ട് കാറിനുള്ളിൽ എന്താണെന്നു കാണാനേ വയ്യ. ചില്ലുകളെല്ലാം നീരാവികൊണ്ടു മൂടിയിരിക്കുന്നു. രണ്ടും കൽപിച്ച് സദാശിവൻ മൊബൈൽ എടുത്ത് പോലീസ് സ്റ്റേഷനിലേക്കു വിളിച്ചു വിവരം അറിയിച്ചു. ക്ലബ് സെക്രട്ടറിയെ വിളിച്ചുണർത്തിയപ്പോൾ ഒരു തെറിവിളിയാണ് ആദ്യം കേട്ടത്. കാര്യം പറഞ്ഞതോടെ അയാളുടെ ഉറക്കവും ക്ഷീണവും ലഹരിയും ആവിയായി.

പോലീസ് എത്തി. ഹേമചന്ദ്രന്റെ കാറിന്റെ ഉൾഭാഗം കാണാൻ വയ്യാത്തതുകൊണ്ട് അവർക്കും സന്ദേഹമായി.

“ആള് അകത്തുതന്നെ ഒണ്ടോ? ഒറപ്പാണോ?” എസ്ഐ സദാശിവനോടു ചോദിച്ചു.

“ഒറപ്പാ സാറെ. സാറ് കാറിനടുത്തോട്ട് നടന്നു വരുന്നത് ഞാൻ കണ്ടതല്ലേ.” തണുത്ത വെള്ളം കൊണ്ടുവരാൻ എസ്ഐ ആജ്ഞാപിച്ചു. പാതിരാത്രിക്ക് എവിടെ തണുത്ത വെള്ളമെന്ന് സദാശിവൻ അന്തംവിട്ടു. അപ്പോഴേക്കും ക്ലബ് സെക്രട്ടറി അലക്സ് തോമസ് എത്തി. അയാൾ ബാർ തുറന്ന് ഫ്രിഡ്ജിൽനിന്നു തണുത്ത വെള്ളം എടുത്തു കൊടുത്തു. അത് മുൻഭാഗത്തെ ചില്ലിലൂടെ ധാരധാരയായി കുറെ ഒഴിച്ചപ്പോൾ ആ ഭാഗത്തെ നീരാവി മാറി. പോലീസുകാർ ടോർച്ച് പ്രകാശിപ്പിച്ച് അകത്തെ കാഴ്ച കണ്ടു. വസ്ത്രങ്ങളിലും മുഖത്തും കഴുത്തിലുമെല്ലാം ചോര പടർന്ന ഒരു ശരീരം!

കാറിന്റെ ചില്ല് പൊട്ടിക്കാൻ എസ്ഐ നിർദേശിച്ചു. അതും എളുപ്പമായിരുന്നില്ല. ടൗണിൽ രാത്രി തുറന്നുവെച്ച് ബസുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്ന വർക്ഷോപ്പിൽനിന്ന് മെക്കാനിക്കിനെ വിളിച്ചുകൊണ്ടുവന്ന് ജാക്കി ലിവറും ചുറ്റികയും കൊണ്ട് അടിച്ചു പൊട്ടിച്ചു. ഡോർ തുറന്നശേഷം പോലീസ് ഹേമചന്ദ്രനെ വിളിച്ചുണർത്താൻ ശ്രമിച്ചു. ഒരനക്കവുമില്ല. പുഷ്ബാക്ക് സീറ്റിൽ കണ്ണുകൾ തുറന്ന് രക്തം കട്ടപിടിച്ച വായ് തുറന്ന് മലർന്നു കിടക്കുന്ന ശരീരം മാത്രമായിരുന്നു അത്. എസ്ഐ അയാളുടെ കൈ പിടിച്ചു നോക്കി. അത് തണുത്തു തുടങ്ങിയിരുന്നു.

പിറ്റേന്നത്തെ പത്രങ്ങളിലെല്ലാം പ്രധാന വാർത്ത പ്രധാനമന്ത്രി ഇന്ത്യയൊട്ടാകെ ലോക്ഡൗൺ പ്രഖ്യാപിച്ചു എന്നതായിരുന്നു.

പത്രങ്ങളെല്ലാം അടിച്ചു തുടങ്ങിയിരുന്നതിനാൽ സ്റ്റോപ് പ്രസ് ആയിപ്പോലും ഹേമചന്ദ്രന്റെ കൊലപാതക വാർത്ത പത്രങ്ങളിൽ വന്നില്ല. ടിവി ന്യൂസ് ചാനലുകൾ ബ്രേക്കിങ് ന്യൂസായി വാർത്ത സംപ്രേഷണം ചെയ്യുന്നുണ്ടായിരുന്നു. കൊറോണയും ലോക്ഡൗണും പൊതുജീവിതത്തെ ബാധിക്കുന്ന ഗുരുതര പ്രശ്നങ്ങളായി ചർച്ച ചെയ്യപ്പെടുന്നതിനിടയിൽ ഹേമചന്ദ്രന്റെ കൊലപാതകത്തിന് വേണ്ടത്ര പ്രാധാന്യം ലഭിച്ചുമില്ല.

ആരാണ് കൊലപാതകം നടത്തിയത്, എന്തിനു കൊല ചെയ്തു എന്നൊന്നും പ്രാഥമികാന്വേഷണത്തിൽ പോലീസിനു യാതൊരു സൂചനയും ലഭിച്ചില്ല. രാജ്യത്തു പടർന്നു പിടിച്ച കോവിഡും ലോക്ഡൗണും ഊർജിതമായൊരു അന്വേഷണത്തിന് വിഘ്നമാകുകയും ചെയ്തു. ലോകത്തെമ്പാടും ദിവസേന ആയിരക്കണക്കിനാളുകൾ മരിച്ചുവീഴുമ്പോൾ, മനുഷ്യരെല്ലാം കൊറോണ വിതയ്ക്കുന്ന മരണഭീതിയിൽ വിറങ്ങലിച്ച് വീടുകളിൽ ഒതുങ്ങിക്കഴിയുമ്പോൾ, ഒരു കൊലപാതക കേസിന് എന്തു പ്രസക്തി.

*** *** ***

സന്ദീപ് വീണ്ടും അല്ലിമയെ കാണാൻ കിളിമാനൂരിലെത്തി. പത്രപ്രവർത്തകർക്ക് ലോക്ഡൗൺ കാലത്തും സഞ്ചാരാനുമതി ഉണ്ടായിരുന്നു. അല്ലിമ വലിയ സങ്കടത്തിലായിരുന്നു. മാളവികയുടെ ദിവസങ്ങൾ എണ്ണപ്പെട്ടു കഴിഞ്ഞിരുന്നു. സന്ദീപിനോട് അവൾ കണ്ണീരോടെ പറഞ്ഞു:

“അമ്മ എന്നെ തിരിച്ചറിയാതെതന്നെ പോകും സന്ദീപേട്ടാ. എനിക്കത് ഓർക്കുമ്പോ സഹിക്കാൻ പറ്റണില്ല.”

“അല്ലീ, അതോർത്തു നീ വിഷമിക്കരുത്. തിരിച്ചറിയുന്നതാ ഏറ്റോം വല്യ സങ്കടം. നഷ്ടപ്പെട്ടെന്നു കരുതിയിരുന്ന മകളെ തിരികെ കിട്ടിയെന്നറിയുമ്പോഴത്തെ സന്തോഷം പെട്ടെന്നു തീർന്നു പോകില്ലേ, മരണം തൊട്ടടുത്തുവന്ന് വിളിച്ചോണ്ടിരിക്ക്യാണെന്ന സത്യം ബോധ്യപ്പെടുമ്പോ...”

“എന്നാലും... എന്നെ ഒരു തവണയെങ്കിലും എന്റെ പൊന്നുമോളേ എന്നൊന്നു വിളിച്ചിട്ട്... അമ്മ സ്വന്തം കുഞ്ഞിനെ നോക്കുന്നപോലെ എന്നെയൊന്നു നോക്കിയിട്ട്...”

“തിരിച്ചറിവാണ് ഏറ്റോം വല്യ സങ്കടമെന്നു ഞാൻ പറഞ്ഞില്ലേ. ഈ അമ്മ നിന്നെ തിരിച്ചറിഞ്ഞ്, സ്നേഹോം വാത്സല്യോം കൊണ്ടു മൂടീട്ട് പെട്ടെന്നു കടന്നു പോകുമ്പോ അതല്ലേ സഹിക്കാൻ പറ്റാത്ത വേദന.”

അതും ശരിയാണെന്ന് അല്ലിമ ഓർത്തു.

“അമ്മയെ കിട്ടിയശേഷം തനിക്കു ചെയ്യാൻ കഴിയുന്നതെല്ലാം താൻ ചെയ്തില്ലേ. ഇതിനപ്പുറത്ത് ആർക്കും ഒന്നും ചെയ്യാൻ പറ്റില്ല. അമ്മയ്ക്കിപ്പോ മകളെ അറിയില്ലായിരിക്കും. അതുപോലെതന്നെ, മരണമെന്താണെന്നും അറിയില്ല. ജീവിതം അവസാനിക്കാൻ പോവാണെന്ന പ്രാണസങ്കടവും അറിയുന്നില്ല. ആ വേദനയൊന്നും അറിയാതെ കടന്നു പോകട്ടെ.” അല്ലിമ അത് പാതി അംഗീകരിച്ചപോലെ മൗനമായി ഇരുന്നു.

“ഹേമചന്ദ്രന്റെ കൊലക്കേസ് അന്വേഷണത്തിന്റെ ഭാഗമായിട്ട് പോലീസ് ഹരിപ്പാട്ട് വന്നിട്ടുണ്ടായിരുന്നു. എന്നെ ചോദ്യം ചെയ്തു. ഞാനന്നു രാത്രി പത്രത്തിൽ ഡ്യൂട്ടിയിലുണ്ടായിരുന്നു.”

“സന്ദുവേട്ടനെ പോലീസിനു സംശയമുണ്ടോ?”

“ഞാൻ മർഡർ ചെയ്തൂന്നല്ല, എനിക്ക് ഏതെങ്കിലും തരത്തിലുള്ള മനസ്സറിവുണ്ടോന്ന് അറിയാൻ...”

“സന്ദുവേട്ടനെന്തു പറഞ്ഞു?” അല്ലിമ ചോദിച്ചു.

“എനിക്കറിയില്ലല്ലോ. അതല്ലേ സത്യം?”

“സന്ദുവേട്ടനറിയാമെന്നാ എന്റെ വിചാരം.”

“എനിക്കൊരു ഊഹം മാത്രമേയുള്ളൂ. ആ ഊഹം പോലീസിനുമുണ്ട്.”

“കൊച്ചച്ഛനാണെന്നല്ലേ?” അല്ലിമ സംശയത്തിൽ സന്ദീപിനെ നോക്കി.

“ആയിരിക്കാനാണു സാധ്യത. പോലീസ് എല്ലാ സാധ്യതകളും പരിശോധിക്കുന്നൊണ്ട്. എറണാകുളത്ത് നിങ്ങളുടെ വീട്ടിൽ പോലീസ് ചെന്നിട്ടുണ്ടായിരുന്നു. പിന്നെ പെരിയാർവാലിയിൽ പോയി അനിച്ചേട്ടന്റെ അച്ഛനെയും അമ്മയെയും ചോദ്യം ചെയ്തു.”

“എന്നിട്ടു പോലീസിന് എന്തെങ്കിലും കിട്ടിയോ?”

“അനിച്ചേട്ടൻ എവിടാന്ന് ആർക്കും അറിയില്ല. കൊന്നിട്ട് പോയതാണോ, അതോ അതിനും മുൻപേ പോയതാണോ എന്നൊന്നും ഒരു പിടിപാടുമില്ല.”

“കുറ്റം ചെയ്തതാണെങ്കിൽ പോലീസ് എന്നെങ്കിലും പിടിക്കും, അല്ലേ?”

“അതിനാണു സാധ്യത. പിന്നെ കാലത്തിന്റെ ഒരു നീതിയുണ്ടല്ലോ... ഇരുപത്തിമൂന്നു വർഷം മണ്ണിനടീൽ മറഞ്ഞുകിടന്ന കേസ് താനേ പൊങ്ങിവന്നില്ലേ. കൊല ചെയ്തവരും പ്രേരിപ്പിച്ചവരും പോയില്ലേ. ബാലകൃഷ്ണമേനോൻ, ജഗന്നാഥക്കുറുപ്പ്, ഹരീന്ദ്രൻ. ഹേമചന്ദ്രൻ തലയൂരുമെന്നാ ഞാൻ വിചാരിച്ചത്. പക്ഷേ, അയാൾക്കും കിട്ടിയില്ലേ മരണശിക്ഷ.” അല്ലിമ അതുതന്നെ ആലോചിച്ചുകൊണ്ട് തലയാട്ടി.

“എത്ര പ്രതാപത്തിൽ കഴിഞ്ഞ രണ്ട് കുടുംബങ്ങളാ മാങ്ങോട്ടുശ്ശേരിയും കല്ലാറ്റുപടിക്കലും. അത് ഇനി അന്യംനിന്നു പോവുകയേയുള്ളൂ.”

“ഹരീന്ദ്രന്റെ ഭാര്യ ഉണ്ണിമായ ഉണ്ണിയേംകൂട്ടി ചിറക്കടവിലുള്ള അവരുടെ വീട്ടിലേക്കു പോയി. അവശേഷിച്ചത് മല്ലികച്ചിറ്റയാ. അവർക്ക് മകന്റെ ഭാര്യവീട്ടിൽ പോയി താമസിക്കാൻ പറ്റില്ലല്ലോ. അല്ലെങ്കിലും സ്വന്തം വീടുവിട്ട് എങ്ങോട്ടുമില്ലെന്ന നിർബന്ധ ബുദ്ധിയും. ഒടുവിൽ അഞ്ജന വന്ന് മല്ലികച്ചിറ്റയെ കല്ലാറ്റുപടിക്കലേക്കു കൊണ്ടുപോയി. അവടിപ്പോ അവർ രണ്ടുപേരും ഒരു ജോലിക്കാരിയും മാത്രേ താമസം ഒള്ളൂ.”

അല്ലിമ അതുകേട്ട് ദീർഘനിശ്വാസമുതിർത്തു. തിരിച്ചുപോകാൻ നേരം സന്ദീപ് അല്ലിമയെ ആശ്വസിപ്പിച്ചു.

“മനസ്സു വിഷമിച്ച് അവനവന്റെ ആരോഗ്യം കുഴപ്പത്തിലാക്കരുത്. വലിയൊരു പകർച്ച വ്യാധി നമ്മുടെ നാട്ടിലും വ്യാപിച്ചുകൊണ്ടിരിക്കുന്നു. അതിനെ മറികടക്കണെങ്കിൽ ശരീരത്തിനും മനസ്സിനും ഒരേപോലെ ആരോഗ്യം ഉണ്ടാവണം.”

ആഴ്ചാവസാനം വീണ്ടും വരാമെന്ന് ഉറപ്പു നൽകിയാണു സന്ദീപ് മടങ്ങിയത്.

ഹോസ്പിറ്റൽ സ്റ്റാഫിന്റെ എണ്ണം പകുതിയായി കുറച്ചിട്ടുണ്ടായിരുന്നു. വീട്ടിലേക്കു കൊണ്ടുപോകാൻ നിവൃത്തിയില്ലാത്ത രോഗികളെ മാത്രമേ ഹോസ്പിറ്റലിൽ സംരക്ഷിച്ചുള്ളൂ.

മാളവികയുടെ ആരോഗ്യനില അനുനിമിഷം വഷളായിക്കൊ

# നോവൽ

ണ്ടിരുന്നു. വേദനയുടെ നീരാളിപ്പിടിത്തം വയറ്റിൽനിന്ന് ആരംഭിച്ച് ഉടലെമ്പാടും വ്യാപിച്ച് കൈകാലുകളുടെ വിരലറ്റംവരെ നീണ്ടുചെന്ന് അവരെ വരിഞ്ഞു മുറുക്കി. ചിലന്തിവലയിൽ കുരുങ്ങിയ പ്രാണിയെപ്പോലെ അവർ അന്നേരങ്ങളിൽ കൈകാലുകളിട്ടു ചുരമാന്തി.

ചിലപ്പോഴൊക്കെ, മാളവികയ്ക്കു മയക്കുമരുന്നു കൊടുക്കാൻ അല്ലിമയ്ക്കു നേഴ്സുമാരോട് കെഞ്ചുകയും വഴക്കിടുകയും ചെയ്യേണ്ടിവന്നു.

"ഡോക്ടർ കുറിച്ചുതന്നതേ കൊടുക്കാൻ തങ്ങൾക്ക് അനുവാദമുള്ളൂ" എന്ന് നേഴ്സുമാർ തങ്ങളുടെ നിസ്സഹായത വെളിപ്പെടുത്തി. ഡോക്ടറോടു പരാതിപ്പെട്ടപ്പോൾ അയാൾ പറഞ്ഞു:

"കൂടക്കൂടെ സെഡറ്റീവ്സ് കൊടുത്താൽ ബ്രീത്തിങ് സ്ലോ ആകും. ഇപ്പോത്തന്നെ ഓക്സിജൻ ലവൽ തീരെ കുറവാ. ഓക്സിജൻ വേണ്ടത്ര ബ്ലെഡിലേക്കു ചെന്നില്ലെങ്കി പൾസ് കുറയും. ഹാർട്ട് വീക്കാകും. ഫലം എന്താന്നറിയാമല്ലോ - കാർഡിയാക് അറസ്റ്റ്."



അന്നു വൈകുന്നേരവും അല്ലിമ മാളവികയെ സ്പഞ്ച്ബാത്ത് ചെയ്ത്, വൃത്തിയുള്ള ഗൗൺ സുഗന്ധം പൂശി ഇടുവിച്ച് കിടത്തി. കുടിക്കാൻ അൽപം ജ്യൂസും കഞ്ഞിവെള്ളവും മാത്രം കൊടുത്തു.

രണ്ടു സ്പൂൺ ഇറക്കിയശേഷം മാളവിക അതു നിരസിച്ചു. കുറച്ചുസമയം അല്ലിമയുടെ മടിയിൽ കണ്ണടച്ചു കിടന്നു. ഇടയ്ക്ക് എഴുന്നേൽക്കണമെന്നു വിരലുകൾകൊണ്ട് ആംഗ്യം കാട്ടി.

അല്ലിമ എഴുന്നേൽപിച്ച് മടിയിലിരുത്തി കുഞ്ഞിനെ എന്നപോല തോളത്തു ചായ്ച്ചുകിടത്തി. ശരീരം ചുരുങ്ങിച്ചുരുങ്ങി എല്ലും തോലുമായിക്കഴിഞ്ഞിരുന്നതിനാൽ, മെലിഞ്ഞ ഒരു കുട്ടിയുടെ അത്രയേ ഉണ്ടായിരുന്നുള്ളൂ.

അമ്മ വേദനയുടെ ലക്ഷണം പ്രകടിപ്പിച്ചു തുടങ്ങിയപ്പോൾ അല്ലിമ മൂളിപ്പാട്ടുകൾ പാടി. തനിക്കറിയാവുന്ന താരാട്ടുപാട്ടുകൾ പാടിക്കേൾപ്പിച്ചു. അതാണ് അമ്മയ്ക്കു കേൾക്കാൻ ഏറ്റവും ഇഷ്ടം എന്ന് അവൾക്കറിയാം. ചിലപ്പോൾ ഒരേ പാട്ടുതന്നെ വീണ്ടും വീണ്ടും പാടേണ്ടി വരാറുണ്ട്.

പാട്ടു നിർത്തിയപ്പോൾ മാളവിക തോളത്തുനിന്നു മുഖം മെല്ലെ മാറ്റി അല്ലിമയെ നോക്കി. അവളുടെ മുഖത്തേക്കുതന്നെ നോക്കി അവർ പുഞ്ചിരിച്ചുകൊണ്ടേയിരുന്നു. അല്ലിമയുടെ കണ്ണു നിറഞ്ഞൊഴുകിക്കൊണ്ടിരുന്നു... അവൾ വീണ്ടും അവരെ തോളത്തേക്കു തന്നെ കിടത്തി. വീണ്ടും താരാട്ടുപാട്ടുകൾ മൂളിപ്പാട്ടായി പാടി. എപ്പോഴോ അമ്മയുടെ ശരീരം അയഞ്ഞുപോയതായി അല്ലിമയ്ക്കു തോന്നി.

അല്ലിമ മാളവികയെ മെല്ലെ ബെഡിലേക്കു കിടത്തി. അമ്മ ശ്വാസമെടുക്കുന്നില്ലെന്നു കണ്ട് അവൾ നടുങ്ങി. കണ്ണുകൾ പാതി അടഞ്ഞിരിക്കുന്നു.

അല്ലിമ ഡോക്ടറുടെ ഡ്യൂട്ടി റൂമിനു നേർക്ക് ഓടി. ഡോക്ടറും നേഴ്സും ഉടൻ പാഞ്ഞെത്തി. പരിശോധനയ്ക്കുശേഷം ഡോക്ടർ മരണം സ്ഥിരീകരിച്ചു അപ്പോഴും അല്ലിമയ്ക്ക് ഒരു ഉൾക്കിടിലമുണ്ടായി.

ഡോക്ടറും നേഴ്സും തിരികെ പോയി.

അല്ലിമ, അമ്മയുടെ കവിളത്തും നെറ്റിയിലും കൈപ്പടംവെച്ചു നോക്കി. ചെറു ചൂടുണ്ട്.

അവൾ വീണ്ടും അമ്മയെ മടിയിൽ കിടത്തി ശിരസ്സിലൂടെ തലോടിക്കൊണ്ടിരുന്നു. കൂടക്കൂടെ തന്റെ കണ്ണും കവിളും തുടയ്ക്കാൻ വേണ്ടി മാത്രം അവൾ കൈ ഉയർത്തി.

*** *** ***

ശവസംസ്കാരത്തിന് വിരലിലെണ്ണാവുന്നത്ര ആളുകളേ ഉണ്ടായുള്ളൂ. കോവിഡ് വിലക്കുകൾ കാരണം അത്രയേ അനുവദിക്കപ്പെട്ടിരുന്നുള്ളൂ. മാളവികയുടെ മരണം കോവിഡ് ബാധിച്ചിട്ടല്ല എന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റ് വേണമായിരുന്നു മൃതദേഹം കയറ്റിയ ആംബുലൻസിന് പെരിയാർവാലി വരെ യാത്ര ചെയ്യാൻ.

കോടതിയുടെ തെളിവെടുപ്പിനും ഫൊറൻസിക് പരിശോധനകൾക്കും ശേഷം വിട്ടുകിട്ടിയ, ചന്ദ്രബാബുവിന്റെ ഭൗതികാവശിഷ്ടങ്ങൾ പെരിയാർവാലിയിലെ പുരയിടത്തിലാണ് സംസ്കരിച്ചത്. അത് ചന്ദ്രബാബുവിന്റെ മാതാപിതാക്കളുടെ അഭീഷ്ടമായിരുന്നു. അവിടെ തന്റെ അച്ഛനുവേണ്ടി അന്ത്യകർമങ്ങൾ നടത്തിയ അതേ സ്ഥലത്തുതന്നെ അമ്മയ്ക്കും അന്ത്യവിശ്രമം ഒരുക്കണമെന്നത് അല്ലിമയുടെ ആഗ്രഹമായിരുന്നു. അതേ മണ്ണിൽത്തന്നെ ശേഖരൻകുട്ടി തന്റെ മകന്റെ ഭാര്യയ്ക്കു വേണ്ടി ചിതയൊരുക്കി.

ശവസംസ്കാര ചടങ്ങിൽ സംബന്ധിക്കാൻ എറണാകുളത്തുനിന്ന് രാജഗോപാലും ശ്രീലക്ഷ്മിയും കിഷോറും എത്തിയിരുന്നു. ഹരിപ്പാട്ടുനിന്ന് ജയദേവൻ നമ്പ്യാരും സന്ദീപും. പിന്നെ ശേഖരൻകുട്ടിയും രമണിയും അല്ലിമയും. മുരിക്കാശേരി പോലീസ് സ്റ്റേഷനിൽനിന്നു നിരീക്ഷണത്തിന് അയയ്ക്കപ്പെട്ട രണ്ടു പോലീസുകാരും.

*** *** ***

രാജഗോപാലിന്റെ വീട്ടുമുറ്റത്ത് കാർ നിന്നു.

ഡ്രൈവിങ് സീറ്റിൽനിന്ന് രാജഗോപാൽ ഇറങ്ങി. കൈകൾ കോർത്തുയർത്തിയും ഞെളിഞ്ഞുനിന്നും മൂരി നിവർന്നു. കിഷോർ കാറിൽനിന്നിറങ്ങി യാത്രപറഞ്ഞ് അവന്റെ വീട്ടിലേക്കു പോയി.

ബാക്ക് സീറ്റിലിരുന്ന അല്ലിമയും ശ്രീലക്ഷ്മിയും ഇറങ്ങുന്നതേയുള്ളൂ.

സന്ദീപും ജയദേവൻ നമ്പ്യാരും യാത്രാമധ്യേ പിരിഞ്ഞ് കോട്ടയം റൂട്ടിലൂടെ ഹരിപ്പാട്ടേക്കു പോയിട്ടുണ്ടായിരുന്നു. മാസങ്ങൾക്കു ശേഷം വീട്ടിലേക്കു തിരിച്ചു വരികയാണ് അല്ലിമ. അവളെ കാണാൻ വിന്ദാരയും വിശാഖും സിറ്റൗട്ടിലിറങ്ങി നിൽപ്പുണ്ടായിരുന്നു.

"ചേച്ചി കോലംകെട്ടു പോയല്ലോ."

അല്ലിമ സിറ്റൗട്ടിലേക്കു കയറിച്ചെന്നപ്പോൾ വിന്ദാര പറഞ്ഞു. അല്ലിമ അവളുടെ നേർക്കു മന്ദഹസിച്ചു.

"വർത്തമാനമൊക്കെ പിന്നെപ്പറയാം. ആദ്യം ഇവളൊന്ന് കുളിച്ചു ഫ്രെഷാവട്ടെ. ഹോസ്പിറ്റലിൽത്തന്നെ കിടക്കാൻ തുടങ്ങിയിട്ട് മാസമെത്രയായി." ശ്രീലക്ഷ്മി പറഞ്ഞു. അവർ അല്ലിമയെ അവളുടെ മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി.

"നിന്റെ റൂം അങ്ങനെതന്നെ സൂക്ഷിച്ചിട്ടുണ്ട്. ആരും കയ്യേറീട്ടില്ല. കുളിച്ചിട്ടു വാ."

ശ്രീലക്ഷ്മി പിന്തിരിയാൻ ഭാവിച്ചപ്പോൾ അല്ലിമ അവരുടെ കൈത്തണ്ടയിൽ പിടിച്ചു. ശ്രീലക്ഷ്മി ആ കയ്യിലേക്കും അവളുടെ മുഖത്തേക്കും നോക്കി.

"അമ്മയ്ക്ക് എന്നോടു പെണക്കംണ്ടോ?"

"പെണക്കോ.... എന്തിന്?"

"ഞാൻ വേറൊരമ്മയെ കിട്ടിയപ്പോ ഇവിടെല്ലാരേം ഉപേക്ഷിച്ചു പോയെന്ന്...."

"നീ ആരെ ഉപേക്ഷിച്ചു പോയി. ആരേം ഉപേക്ഷിച്ചിട്ടില്ലെന്ന് ഞങ്ങൾക്കറിയാല്ലോ."

"എന്നെ പ്രസവിച്ച അമ്മയല്ലേ.... അനാഥയെപ്പോലെ ഭ്രാന്തിയായിട്ട്- ആ അവസ്ഥ കണ്ട് സഹിക്കാഞ്ഞിട്ട് പോയതാ."

"ഞങ്ങൾക്കറിയാമെടീ മോളേ.... നീ അങ്ങനെതന്നെ ചെയ്യണമായിരുന്നു. ഒന്നും കിട്ടാൻ വേണ്ടിയല്ലല്ലോ. നിന്നെക്കൊണ്ട് കഴിയുന്നതൊക്കെ ചെയ്തുകൊടുക്കാൻ വേണ്ടിയല്ലേ. നന്നായി. ഞങ്ങൾക്ക് സന്തോഷമേയുള്ളൂ." ശ്രീലക്ഷ്മി അവളുടെ കവിളത്തു തലോടി. "മറിച്ച് നല്ല നിലയിൽ ജീവിക്കുന്ന വല്യ പണക്കാരിയായ അമ്മയുടെ അടുത്തേക്കാണു നീ പോയതെങ്കിൽ ഞങ്ങൾക്കു വിഷമം തോന്നുമായിരുന്നു."

"സോറി... എനിക്കത്രേം വെഷമം തോന്നീട്ടാ. ഇപ്പഴും മനസ്സീന്നു പോണില്ല."

"സാരമില്ല. പതിയെ മാറിക്കോളും. നീ ഫ്രെഷായിട്ടു വാ.... വല്ലതും കഴിക്കണ്ടേ. വെശക്കുന്നില്ലേ?"

അവളെ ഒന്നു ചേർത്തുപിടിച്ചിട്ട് ശ്രീലക്ഷ്മി മുറിവിട്ടിറങ്ങിപ്പോയി.

*** *** ***

അനിബാബു തമിഴ്നാട്ടിലെ ബോഡിനായ്ക്കന്നൂരിൽ ഒളിച്ചു താമസിക്കുന്നതായി വിവരം ലഭിച്ചതിനെ തുടർന്ന് കേരളത്തിൽനിന്ന് ഒരു സംഘം പോലീസുകാർ വേണ്ടത്ര സന്നാഹങ്ങളോടെ ബോഡിനായ്ക്കന്നൂരിലേക്കു തിരിച്ചു. എന്നാൽ, കേരള പോലീസ് എത്തുന്നതിനു മുൻപേ സംഗതി മണത്തറിഞ്ഞ അനിബാബു ഒളിവിടത്തിൽനിന്ന് തലേ രാത്രി തന്നെ കടന്നു കളഞ്ഞു.

കേരളത്തിന്റെയും തമിഴ്നാടിന്റെയും അതിർത്തിയിലുള്ള വനപ്രദേശങ്ങളിൽ അനിബാബുവിന് പണ്ടേയുള്ള പരിചയം കണക്കിലെടുത്ത് പോലീസ് കുമളി മുതൽ കമ്പംമെട്ട്, ബോഡിമെട്ട്, കമ്പക്കല്ല്, മതികെട്ടാൻമല തുടങ്ങിയ വനപ്രദേശങ്ങളിൽ വ്യാപകമായ തെരച്ചിൽ നടത്തി. അനിബാബുവിന്റെ ഒളിസങ്കേതം കണ്ടെത്താനുള്ള പോലീസിന്റെ ശ്രമം വിഫലമായി.

*** *** ***

ദേശീയവും പ്രാദേശികവുമായ പലതരം നിയന്ത്രണ ഉപാധികളോടെ ലോക്ഡൗൺ പിൻവലിക്കപ്പെട്ടു.

സ്കൂളുകളും ഓഫീസുകളും അടഞ്ഞുതന്നെ കിടന്നു. സ്വകാര്യ കമ്പനികൾ ഓഫീസ് ജോലിക്കു പകരം വർക്ക് ഫ്രം ഹോം എന്ന നയം സ്വീകരിച്ചു. ആശുപത്രികൾ പലതും കോവിഡ് ചികിത്സാ കേന്ദ്രങ്ങളായി മാറി.

ഐഇഎൽടിഎസ് പരീക്ഷ പാസായെങ്കിലും കോവിഡ് എന്ന മഹാമാരി ലോകത്തെ ആകമാനം സ്തംഭിപ്പിച്ചിരുന്നതിനാൽ സോഫിയായുടെ വീസാ നടപടികളും നിശ്ചലാവസ്ഥയിലായി.

ഹോസ്പിറ്റലിൽനിന്നു പിരിഞ്ഞുപോന്നതിനാൽ അവൾക്ക് കൂത്താട്ടുകുളത്തെ തന്റെ വീട്ടിലേക്ക് തിരിച്ചു പോരേണ്ടിവന്നു.

കിഷോറും സോഫിയായും ചേർന്ന് ആലങ്ങാട് സബ് രജിസ്ട്രാർ ഓഫീസിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടായിരുന്നു. രജിസ്ട്രാർ ഓഫീസിലെ നോട്ടീസ് ബോർഡിൽ അക്കാര്യം പരസ്യപ്പെടുത്തിയിട്ടുമുണ്ടായിരുന്നു.

(ശേഷം 30-ാം പേജിൽ)

# ഉപഭോക്തൃ സംരക്ഷണ കൗൺസിലുകൾ ഉടൻ രൂപീകരിക്കണം: ഹൈക്കോടതി

കൊച്ചി: കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലുകൾ എന്നു രൂപീകരിക്കാനാകുമെന്നതു സംബന്ധിച്ച് രണ്ടാഴ്ചയ്ക്കകം അറിയിക്കണമെന്നു സർക്കാരിനോട് ഹൈക്കോടതി. സംസ്ഥാന, ജില്ലാ കൗൺസിൽ രൂപീകരണവുമായി ബന്ധപ്പെട്ട സമയപരിധി സംബന്ധിച്ച് സിവിൽ സപ്ലൈസ് സെക്രട്ടറി അറിയിക്കണം. നിശ്ചിത തീയതിക്കകം അറിയിക്കാതിരിക്കുകയോ വിശദീകരണം തൃപ്തികരമല്ലെങ്കിലോ, സമയപരിധി കോടതിതന്നെ തീരുമാനിച്ച് സർക്കാരിനെ നടപ്പാക്കാൻ ബാധ്യസ്ഥരാക്കുമെന്ന് ചീഫ് ജസ്റ്റിസ് നിദിൻ ജാംദാർ, ജസ്റ്റിസ് എസ്. മനു എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി. കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് നിലവിൽ വന്ന് അഞ്ചു വർഷം കഴിഞ്ഞിട്ടും കേരളത്തിൽ കൗൺസിലുകൾ രൂപീകരിക്കാത്ത നടപടിയെ വിമർശിച്ചുകൊണ്ടാണ് ഡിവിഷൻ ബെഞ്ചിന്റെ നിർദേശം. സംസ്ഥാന, ജില്ലാതല ഉപഭോക്തൃ കമ്മീഷനുകളുടെ അടിസ്ഥാനസൗകര്യമില്ലായ്മയും ജീവനക്കാരുടെ അപര്യാപ്തതയുമടക്കം ചൂണ്ടിക്കാട്ടി അഭിഭാഷക പരിഷത്ത് കൊല്ലം ജില്ലാ സെക്രട്ടറി സി.കെ. മിത്രൻ, അഡ്വ. റോണി ജോസ് മുഖേന നൽകിയ ഹർജിയാണു കോടതി പരിഗണിച്ചത്. സർക്കാരിനു സമയപരിധി സംബന്ധിച്ച് വിശദീകരണം നൽകാൻ സമയം അനുവദിച്ച കോടതി ഹർജി നവംബർ ഒന്നിനു പരിഗണിക്കാനായി മാറ്റി. സംസ്ഥാന, ജില്ലാ ഉപഭോക്തൃ കമ്മീഷനുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആക്ട് പ്രകാരം മതിയായ സൗകര്യങ്ങളോ ഉദ്യോഗസ്ഥരോ ജീവനക്കാരോ പോലീസ് ഉദ്യോഗസ്ഥരോ ഇല്ലെന്ന് ഹർജിയിൽ പറയുന്നു. ഉപഭോക്തൃ മന്ത്രി ചെയർപേഴ്സണായ സംസ്ഥാനതല കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലും കളക്ടർ ചെയർപേഴ്സണായ ജില്ലാതല കൗൺസിലും ഇതുവരെ രൂപീകരിച്ചിട്ടില്ലെന്നും വ്യക്തമാക്കി. സർക്കാർ സമർപ്പിച്ച വിശദീകരണം ആരോപണം ശരിവെക്കുന്നതാണെന്ന് കോടതി ചൂണ്ടിക്കാട്ടി.

# ഉത്തരവാദിത്ത ടൂറിസം പദ്ധതികൾക്ക് 6.64 കോടി രൂപയുടെ ഭരണാനുമതി

തിരുവനന്തപുരം: ടൂറിസം വകുപ്പ് നടപ്പാക്കുന്ന ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതിയുടെ വിപുലീകരണത്തിനായി കേരള സർക്കാർ 6.64 കോടി രൂപയുടെ ഭരണാനുമതി നൽകി.

നടപ്പു സാമ്പത്തികവർഷം ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനും തുടർ വികസന പ്രവർത്തനങ്ങൾക്കുമായിട്ടാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്.

കൈത്തൊഴിലുകൾ, കലകൾ, കരകൗശലവിദ്യ, നാടൻ ഭക്ഷണം തുടങ്ങിയവയുമായി കോർത്തിണക്കി പ്രാദേശിക ജനവിഭാഗത്തെ ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമാക്കുകയും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമാകും.

എല്ലാ കാലാവസ്ഥാ സീസണിലും സന്ദർശിക്കാൻ കഴിയാവുന്ന സ്ഥലമാക്കി കേരളത്തെ മാറ്റുന്നതിൽ ഉത്തരവാദിത്ത ടൂറിസത്തിന് വലിയ പങ്കു വഹിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന് കൂടുതൽ പ്രോത്സാഹനമേകാനും വിനോദസഞ്ചാരികളെ ആകർഷിക്കാനുമുള്ള പ്രവർത്തനങ്ങൾക്കു പ്രാമുഖ്യം നൽകുന്ന പദ്ധതിക്കായി 1,81,09,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

# ഇന്ത്യ പലസ്തീനിലേക്ക് 30 ടൺ അവശ്യവസ്തുക്കൾ അയച്ചു

ന്യൂഡൽഹി: പശ്ചിമേഷ്യയിൽ യുദ്ധം രൂക്ഷമാകുന്ന സാഹചര്യത്തിൽ പലസ്തീനിലേക്ക് 30 ടൺ അവശ്യവസ്തുക്കൾ ഇന്ത്യ അയച്ചെന്ന് വിദേശ കാര്യമന്ത്രാലയം അറിയിച്ചു. ഐക്യരാഷ്ട്രസഭയുടെ ദുരിതാശ്വാസ ഏജൻസിയിലൂടെയാണു സർജിക്കൽ ഉപകരണങ്ങളും ബിസ്കറ്റുകളും മരുന്നുകളും അടക്കമുള്ള അവശ്യവസ്തുക്കൾ കയറ്റുമതി ചെയ്തത്.

വടക്കൻ ഗാസയിലെ ഭക്ഷണലഭ്യത ദിനംപ്രതി കുറഞ്ഞുവരികയാണെന്ന് ലോക ഫുഡ് പ്രോഗ്രാം മുന്നറിയിപ്പ് നൽകിയതിനു പിന്നാലെയാണ് ഇന്ത്യയുടെ സഹായം.

ഒക്ടോബർ ഒന്നുമുതൽ വടക്കൻ ഗാസയിൽ ഭക്ഷണസാധനങ്ങളൊന്നും എത്തിയിട്ടില്ലെന്ന് ലോക ഫുഡ് പ്രോഗ്രാം അറിയിച്ചിരുന്നു.

# നോവൽ

(29-ാം പേജിൽ നിന്നും)

വീട്ടിലുള്ളവർ ഏതെങ്കിലും വിധത്തിൽ ഇതേപ്പറ്റി അറിയുമോ എന്ന ആശങ്കയിലായിരുന്നു കിഷോർ. എന്നാൽ, ലോക്ഡൗൺ പ്രഖ്യാപിക്കപ്പെട്ടത് അക്കാര്യത്തിൽ കിഷോറിന് ഒരനുഗ്രഹമായി മാറി. ആരും ശ്രദ്ധിക്കാതെ ആ നോട്ടീസും ലോക്ഡൗണും കടന്നുപോയി.

പോണ്ടിച്ചേരിയിലെ ക്ലൂണി ഹോസ്പിറ്റലിൽ നിന്ന് സർട്ടിഫിക്കറ്റുകൾ വാങ്ങാൻ സോഫിയയ്ക്കും കുര്യച്ചനുമൊപ്പം കിഷോറും സന്ദീപും കൂടിയാണ് പോയത്.

ഹോസ്പിറ്റൽ അതോറിറ്റിയെ കണ്ട് വിവരങ്ങൾ ധരിപ്പിച്ചു. അപ്രതീക്ഷിതമായി ഹോസ്പിറ്റൽ ജോലി ഉപേക്ഷിച്ചു പോകേണ്ടി വന്നതിന്റെ സാഹചര്യങ്ങൾ വിശദീകരിച്ചു. പിന്നീടുണ്ടായ സംഭവങ്ങളുടെ പത്രവാർത്തകളും മറ്റും ഹോസ്പിറ്റൽ അധികൃതരെ കാണിച്ചു. സോഫിയ ജോലി ചെയ്ത ഒന്നര വർഷത്തെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ഉൾപ്പെടെ എല്ലാം വാങ്ങി കേരളത്തിലേക്കു മടങ്ങി.

ആലങ്ങോട് സബ് രജിസ്ട്രാർ ഓഫീസിൽ കിഷോറും സോഫിയായും നൽകിയിരുന്ന നോട്ടീസ് കാലാവധി പൂർത്തിയായി. ഇനി എപ്പോൾ വേണമെങ്കിലും വിവാഹം രജിസ്റ്റർ ചെയ്യാമെന്നായി.

സന്ദീപുമായി കൂടിയാലോചിച്ച ശേഷം, കിഷോർ സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള തീയതി നിശ്ചയിച്ചു. അതനുസരിച്ച് നിർദിഷ്ട ദിവസം സോഫിയായെ ആലുവായിലേക്കു വിളിച്ചുവരുത്തി.

രണ്ടുപേർ സാക്ഷികളായി വേണം. അതിന് സന്ദീപിനെയും അല്ലിമയെയുമാണ് കിഷോർ കണ്ടുവച്ചിരുന്നത്.

സന്ദീപിന്റെ കാറിൽ നാലുപേരും സബ് രജിസ്ട്രാർ ഓഫീസിലെത്തി.

രജിസ്ട്രാർ ഓഫീസിലെ വിവാഹ ഉടമ്പടിയിൽ കയ്യൊപ്പും വിരലൊപ്പും ചാർത്തിയതോടെ ആ മംഗള കർമം കഴിഞ്ഞു. സാക്ഷികളായി സന്ദീപം അല്ലിമയും ഒപ്പുവെച്ചു. അല്ലിമ കരുതിക്കൊണ്ടുവന്ന, അവൾതന്നെ കൊരുത്ത രണ്ടു തുളസിമാലകൾ സോഫിയായും കിഷോറും രജിസ്ട്രാർ ഓഫീസിന്റെ വരാന്തയിൽവച്ചുതന്നെ പരസ്പരം ചാർത്തി ചടങ്ങ് പൂർത്തിയാക്കി.

"ഹോട്ടലുകളെല്ലാം അടഞ്ഞു കിടക്കുന്നതുകൊണ്ട് ഒരു ചായ സൽക്കാരത്തിനുപോലും നിവൃത്തിയില്ലല്ലോ." കിഷോർ ചെറുചിരിയോടെ പറഞ്ഞു.

"രക്ഷപ്പെട്ടെന്നു കരുതണ്ട. ഇതൊക്കെ പെൻഡിങ്ങിൽ വയ്ക്കുവാ. ഈ സമയോം കടന്നുപോകുമല്ലോ." സന്ദീപ് പറഞ്ഞു.

"ഇനിയെന്താ പ്രോഗ്രാം.... എന്നാണ് ഹണിമൂൺ?"

അല്ലിമ കളിയാക്കി ചോദിച്ചു.

"അയ്യോ- എന്നെ എത്രേം പെട്ടെന്ന് എന്റെ വീട്ടിലോട്ട് എത്തിച്ചേച്ചാ മതി."

"അങ്ങനെ പോയാലെങ്ങനാ?" സന്ദീപ് കുസൃതിച്ചിരിയോടെ ചോദിച്ചു.

"അങ്ങനെ പോയില്ലെങ്കിലെങ്ങനാ?"

സോഫിയാ തിരിച്ചു ചോദിച്ചു.

"എങ്ങനാ കിച്ചൂ? ഇതെന്താ കല്യാണത്തിന്റെ റിഹേഴ്സലോ.... ഫസ്റ്റ് നൈറ്റും ഹണിമൂണും ഒന്നുമില്ലാതെ?"

"ഞാൻ വീട്ടിച്ചെന്നിട്ട് രാത്രി ഒരു സ്പൂൺ തേനെടുത്ത് കുടിക്കും. എന്നിട്ട് ടെറസിൽ പോയിരുന്ന് ആകാശത്തെ ചന്ദ്രനെ നോക്കും. അതാണ് ഞങ്ങടെ ഹണിമൂൺ."

കിഷോർ പറഞ്ഞതുകേട്ട് സോഫിയ പൊട്ടിച്ചിരിച്ചു. മറ്റുള്ളവരും അതിൽ പങ്കുചേർന്നു.

(തുടരും)

# THREATS TO U.S. DEMOCRACY: A VIEWPOINT

(from page 20)

Censors would use the State's power to impose their view of what is true and dangerous. The recent disclosures of U.S. interference in social media activities are disturbing and borders on influencing election outcomes, a key democratic process. We may all agree on preventing the proliferation of hate speeches across the 'Net, yet selective censorship is contrary to the First Amendment rights of every American. The First Amendment is obvious in this regard, 'Congress shall make no law respecting an establishment of religion, or prohibiting the free exercise thereof, or abridging the freedom of speech or of the press or the right of the people peaceably to assemble and to petition the government for a redress of grievances.'

During the Covid period, the nation witnessed far more stringent measures curbing their civil rights and the political class, which was cavalier in imposing their worldview on others. The United States has also witnessed massive violations of human rights and structural racism, driving racial disparities and spurring protests across the country. The State's failure to protect its citizenry regardless of their race or ethnic background points to a structural flaw that could threaten democracy at its core.

America is a polarized nation today. Extreme partisan animosity suits the authoritarian elements on the Left and the Right. Totalitarianism and authoritarianism are two sides of the same coin. Their goal is power, and they have little or no patience for opposing viewpoints or succinct policies and vetted procedures. For them, even the destruction of democracy is permissible to achieve their desired ends. It is up to the conscious citizenry to be awake and do what is needed.

SUBSCRIPTION FORM

I.D. # ________ Date ________ Expiration Date ________

Name ________

Address ________

City ________ State ________ Zip ________

Phone: ________ Email: ________

Signature: ________

- ❑ Enclosing $ 200.00 for five years.
- ❑ Enclosing my subscription of $ 54.00 for one year.
- ❑ Enclosing my subscription of $99.00 for two years.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ________

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable










നിങ്ങളുടെ ആഘോഷങ്ങൾ
ഞങ്ങളോടൊപ്പം ...

MAYURA
INDIAN RESTAURANT

9321-23 Krewstown
Philadelphia

Restuarant : 215 420 4200
Cell Phone: 267 668 8399

Great Food | Celebrity chef | Plenty of Free Parking

# Kerala's Best Senior Living options from Travancore Foundation

Since 2009, Travancore Foundation has been providing quality Senior Care in the state of Kerala.

We are proud to offer you choicest locations where the finest Quality Senior Living space with unmatched Senior care services in Kerala.

15 Years of Serving Seniors

## Experience the difference

SENIOR CARE AT ITS BEST




OTHER PROJECTS



Mission Valley, Karukachal, Kottayam



Rahel Homes, Kolencherry, Erakulam




Persidency Homes, Erakulam

TRAVANCORE FOUNDATION®
Senior Care at its Best

Gramika
Initiatives LLP

FOR DETAILS PLEASE CONTACT



Mr. Jiji Philip
CEO
+91 95447 17070



Mr. Joy Kuttiyani
Vice Chairman
954-708-6614

E-mail: info@travancorefoundation.com • www.travancorefoundation.com


Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**